VI അറിയിപ്പ്

സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള നോട്ടീസ്

മി. സ്പീക്കർ : സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 179 (സി) അനുസരിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ 20-1-2004-ൽ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടപ്രകാരം നോട്ടീസ് നൽകി പതിനാലു ദിവസത്തിനു ശേഷം മാത്രമേ പ്രമേയാവതരണത്തിന് സഭയുടെ അനുമതി തേടാൻ കഴിയൂ. പ്രസ്തുത പ്രമേയത്തിന് കാര്യോപദേശക സമിതി ചേരുന്നതിനു മുൻപായിട്ടാണ് നോട്ടീസ് നൽകിയിരുന്നതെങ്കിൽ അതിൻമേലുള്ള ചർച്ചയ്ക്ക് അപ്പോൾത്തന്നെ സമയം കണ്ടെത്താൻ കഴിയുമായിരുന്നു. ഇപ്പോഴത്തെ കാര്യപരിപാടി അനുസരിച്ച് കാര്യോപദേശകസമിതിക്ക് ഒഴിച്ചുകൂടാനാകാത്ത കാര്യങ്ങൾക്ക് മാത്രമാണ് സമയമുള്ളത്. സമയം കണ്ടെത്തിയ പ്രമേയത്തിന് സഭയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ പത്തു ദിവസത്തിനകം മാത്രം പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നിരിക്കെ സഭ പിരിയുന്ന ഫെബ്രുവരി ആറാം തീയതിക്കു മുൻപായി സമയം കണ്ടെത്തുക വിഷമകരമാണ്. ആ കാരണത്താൽത്തന്നെ പ്രമേയം ചർച്ചയ്ക്കെടുക്കാതിരിക്കാമെങ്കിലും പ്രസ്തുത പ്രമേയം സ്പീക്കറെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യാനുള്ളതാകയാൽ അതിൽനിന്ന് ഒളിച്ചോടാൻ ചെയർ ആഗ്രഹിക്കുന്നില്ല. അതിനാൽ പ്രമേയത്തിന് അവതരണാനുമതി തേടുന്നതിനായി പതിനാലു ദിവസം കഴിയുന്ന ഫെബ്രുവരി 4-ാം തീയതി ഈ കാര്യം കാര്യവിവര പട്ടികയിൽ ഉൾപ്പെടുത്താനും, പ്രതിപക്ഷത്തിന് നാൽപ്പത് അംഗങ്ങളുള്ള സഭയിൽ അന്ന് പ്രമേയത്തിന് അവതരണാനുമതി ലഭിക്കുന്ന സാഹചര്യത്തിൽ ഫെബ്രുവരി 9-ാം തീയതി തിങ്കളാഴ്ച കൂടി സഭ സമ്മേളിച്ച് ഈ പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നും ചെയർ ആഗ്രഹിക്കുന്നു. ഇതിനായി സമ്മേളനം ഒരു ദിവസം കൂടി നീട്ടാൻ സഭയുടെ അനുമതി ആവശ്യമുണ്ട്. ആ കാര്യത്തിൽ സഭയുടെ അനുമതി നൽകണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തോട് ഞാൻ യോജിക്കുകയാണ്.

മി. സ്പീക്കർ : സഭ 9-ാം തീയതി കൂടി സമ്മേളിക്കുന്നതാണ്.

VII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

(ചർച്ച തുടർച്ച)

ശ്രീ. കെ. പി. രാജേന്ദ്രൻ : ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ രണ്ടേമുക്കാൽ വർഷക്കാലത്തെ നേട്ടങ്ങളെക്കുറിച്ച് ഒന്നുംതന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും,

LIBRARY ARCHIVES Kerala Legislative Assembly

ഭരണ കക്ഷികളുടെ ഭാഗത്തുനിന്നും സംസാരിക്കാൻ ഇല്ലാത്തതുകൊണ്ട് ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ലാത്ത വിഷയങ്ങളെക്കുറിച്ചാണ് പലരും ഇവിടെ സംസാരിച്ചത്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെയേറെ ചർച്ച ചെയ്യപ്പെട്ടതുകൊണ്ട് ഞാൻ ആ കാര്യങ്ങൾ പറയുന്നില്ല. ബി.എഡ്. കോളേജുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇന്നലെ കോഴിക്കോട് വിജിലൻസ് കോടതി വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിലെ ഉന്നതരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസ് എടുക്കുന്നതിന് നടപടി സ്വീകരിച്ചതായി ഇന്നു നമ്മൾ പത്രങ്ങളിൽ വായിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി കോർട്ടലക്ഷ്യ നടപടികളുമായി മുന്നോട്ട് പോകുകയാണ്. അങ്ങനെ നീതി പീഠങ്ങളുടെ മുൻപിൽ മന്ത്രിയും, ഗവൺമെന്റും കുറ്റവാളികളാണെന്ന് പ്രഥമ ദൃഷ്ട്യാ തെളിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണത്തിന് നടപടി സ്വീകരിക്കാതെ ഗവൺമെന്റ് മന്ത്രിയെ അല്ലെങ്കിൽ അഴിമതിക്കാരെ സംരക്ഷിക്കാനുള്ള നടപടിയുമായി മുന്നോട്ട് പോയാൽ കേരളത്തിൽ അതിശക്തമായ ബഹുജന പ്രക്ഷോഭം ഉയർന്നുവരും എന്ന് ഞാൻ ഒന്നുകൂടി സൂചിപ്പിക്കുകയാണ്. ഞാൻ ഇവിടെ കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. തൃശ്ശൂരുമായി ബന്ധപ്പെട്ട ഒരു വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സി.ബി.സി.ഐ. യുടെ കോൺഫറൻസിൽ പങ്കെടുത്തിട്ടാണല്ലോ വന്നത്. അഭിവന്ദ്യരായ ബിഷപ്പ് തിരുമേനിമാരുടെ ദേശീയ സമ്മേളനത്തിൽ പങ്കെടുത്തു, അങ്ങയുടെ പ്രസംഗം ഞാനും അവിടെയിരുന്നു കേട്ടതാണ്. സ്വകാര്യ മാനേജുമെന്റുകളുടെ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ വിദ്യാലയങ്ങളെയും ആശുപത്രികളേയും കുറിച്ചൊക്കെ പറഞ്ഞു. തൃശ്ശൂർ രൂപതയുടെ കീഴിൽ ബന്ധപ്പെട്ടു വരുന്ന പാവറട്ടി സെന്റ് ജോസഫ്സ് കോളേജിൽ എല്ലാ സൗകര്യങ്ങളുമുള്ള ബി.എഡ്. കോളേജിന്റെ ആദ്യത്തെ ലിസ്റ്റിൽ വന്ന കോളേജ് പോലും കൈക്കൂലി കിട്ടിയില്ല, അല്ലെങ്കിൽ ചോദിച്ച കാശ് കിട്ടിയില്ല എന്നതിന്റെ പേരിൽ ലിസ്റ്റിൽനിന്ന് പേര് വെട്ടിക്കളഞ്ഞു. ഞാൻ ആ ഒരൊറ്റ കാര്യം മാത്രം ശ്രദ്ധയിൽപ്പെടുത്തി എന്നു മാത്രം. ബഹുമാനപ്പെട്ട പോൾസൺ മാസ്റ്ററുടെ മണ്ഡലത്തിൽപ്പെട്ട സ്ഥാപനമാണ്. രൂപതയുമായി ബന്ധപ്പെട്ട സ്ഥാപനമാണ്, (സി.എം.ഐ.). ഞാൻ ധനകാര്യ സംബന്ധമായ ഒന്നു രണ്ടു കാര്യങ്ങൾ കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ഇന്നെനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സർക്കാരിന്റെ ഇതുവരെയുള്ള കടം മുപ്പത്തിനാലായിരത്തി എഴുന്നൂറ്റി ഇരുപത് കോടി രൂപയാണ് എന്ന് കാണുന്നു. 1-4-2001 മുതൽ 31-10-2003 വരെയുള്ള ഹീരിയേഡിൽ മാത്രം പതിനാലായിരത്തി മുന്നൂറ്റിപ്പത്ത് കോടി രൂപ ഈ ഗവൺമെന്റ് കടം വാങ്ങി. കടം വർദ്ധിച്ചു. ഇരുപത്തിനാലായിരത്തിൽ നിന്നാണ് കടബാദ്ധ്യത മുപ്പത്തിനാലായിരം കോടി രൂപയായി വർദ്ധിച്ചത്. എന്നു പറഞ്ഞാൽ ഏതാണ്ട് നാൽപ്പത് വർഷത്തോളം കേരള സംസ്ഥാനത്തിനുണ്ടായ കടബാധ്യതയുടെ ഏതാണ്ട് തുല്യമായ സംഖ്യ അഞ്ചു വർഷം പൂർത്തിയാക്കുമ്പോൾ കേരളത്തിന് കടം

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. അഞ്ചു വർഷം കൂടുമ്പോൾ അയ്യായിരം കോടി രൂപയുടെ വ്യത്യാസം വന്നിരുന്നു. പക്ഷെ ഇവിടെ രണ്ടേമുക്കാൽ വർഷംകൊണ്ടു മാത്രം പതിനാലായിരത്തി മുന്നൂറ്റിപ്പത്തു കോടി രൂപയുടെ കടം ഈ ഗവൺമെന്റ് വരുത്തി. ഈ സംഖ്യ എന്തു ചെയ്തു? പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ഫണ്ട് ചെലവഴിക്കുന്നുണ്ടോ? പദ്ധതി വിഹിതം ഉണ്ടോ? ഇവിടെ ഹിന്ദു പത്രം കഴിഞ്ഞ ദിവസം എഴുതി ഡിപ്പാർട്ടുമെന്റ് ഹെഡ്സിന് ശമ്പളത്തിനുള്ള പണം അനുവദിച്ചു കൊടുക്കൽ അല്ലാതെ ഒരു സർക്കാർ ഓഫീസിലും മറ്റു ഒരു പ്രവർത്തനത്തിനുമുള്ള പണവും അനുവദിച്ചു കൊടുക്കുന്നില്ല എന്ന്. ഒരു ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്ഥാപനങ്ങളിലും പണം ഇല്ല. ട്രഷറിയിലേക്ക് മാറ്റി എന്ന് സാങ്കേതികമായി പറയുന്നതല്ലാതെ കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലൊന്നും ഇന്ന് പണം കിട്ടുന്നില്ല. ട്രഷറികളിലൊന്നും ചെക്ക് മാറുന്നില്ല. അയ്യായിരം രൂപയുടെ ചെക്കേ മാറൂ എന്നല്ലേ കഴിഞ്ഞ ദിവസം ഉത്തരവ് പുറപ്പെടുവിച്ചത്? എല്ലാവരും ട്രഷറിയിൽ ചെന്ന് മടങ്ങി പോകുകയല്ലേ! അങ്ങനെ കേരളത്തിന്റെ സാമ്പത്തിക നില ഇത്രയും താറുമാറായ സ്ഥിതി മുൻപ് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ഞാൻ ഒരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നിയമസഭയിൽ ഞങ്ങൾ എത്രയോ പ്രാവശ്യം ഉന്നയിച്ച പ്രശ്നമാണ് ഇത്. 26 തോട്ടം തൊഴിലാളികൾ ഇടുക്കി ജില്ലയിൽ മാത്രം പട്ടിണി കിടന്ന് ചികിത്സ കിട്ടാതെ മരണപ്പെട്ടു; ആത്മഹത്യ ചെയ്തു. 1800 വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകാൻ കഴിയാതെ വിദ്യാഭ്യാസം മുടങ്ങിപ്പോയി. എത്രയോ തോട്ടങ്ങൾ പൂട്ടിപ്പോയി. പല ഉറപ്പുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു; ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പു മന്ത്രി ഇവരെല്ലാം പറഞ്ഞു. പീരുമേട് താലൂക്കിൽ താലൂക്കാശുപത്രി പൂട്ടി. ചികിൽസാ സൗകര്യങ്ങളും ഇല്ല. തോട്ടം തൊഴിലാളികളുടെ ഒറ്റ ഉദാഹരണം മാത്രമേ പറയുന്നുള്ളൂ. പത്തിരുപത്തിനാലായിരം തോട്ടം തൊഴിലാളികളെ ഈ ഗവൺമെന്റ് ഒരു നയപ്രഖ്യാപന പ്രസംഗത്തിലൂടെ കബളിപ്പിക്കുന്ന, വ്യാമോഹിപ്പിക്കുന്ന ചില പ്രസ്താവനകൾ നടത്തി എന്നല്ലാതെ വസ്തുനിഷ്ഠമായി കേരളത്തിന്റെ സ്ഥിതിഗതികൾ പരിഗണിച്ചുകൊണ്ട് നമ്മുടെ വ്യവസായ, തൊഴിൽ, കാർഷിക മേഖലകളിൽ പുരോഗതി കൈവരിക്കാനുതകുന്ന ഏതെങ്കിലും നടപടി എടുക്കുന്നുണ്ടോ? അങ്ങനെ എല്ലാ മേഖലയിലും തകർന്ന ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത് എന്നതിനാൽ അതിനുള്ള നന്ദിപ്രമേയത്തെ ശക്തമായി ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. കെ. നായർ: ജനുവരി പതിനഞ്ചാം തീയതി കേരള നിയമസഭയിൽ ബഹുമാന്യനായ ഗവർണർ നടത്തിയ പ്രസംഗത്തിന് ശ്രീ. രാജൻ ബാബു എം.എൽ.എ. അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഭാവനാ പൂർണ്ണവും, നവോത്ഥാന നിർദ്ദേശങ്ങൾ ഉൾപ്പെടെ വിലപ്പെട്ട നിർദ്ദേശങ്ങളും നിറഞ്ഞതായിരുന്നു പ്രസംഗം എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. പക്ഷെ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് നമ്മുടെ ഇന്നത്തെ മെഷിനറി (ഭരണയന്ത്രം) എത്രമാത്രം ഉപകരിക്കും എന്നുള്ള കാര്യം ചിന്തിക്കുമ്പോഴാണ് അസ്വസ്ഥത തോന്നുന്നത്. ഉത്തരവാദിത്വവും അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഉൽസാഹവും അർപ്പണബോധവുമുള്ള ജീവനക്കാരുടെ പൂർണ്ണ സഹകരണത്തോടുകൂടി അല്ലാതെ നമുക്ക് ഈ കാര്യങ്ങൾ നടപ്പാക്കാൻ കഴിയില്ല. അത് ഇല്ലാതെ വന്നാൽ സ്വപ്നങ്ങളൊക്കെ മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെ അവശേഷിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ആദ്യമായി ഞാൻ നിയമസഭയിൽ അംഗമായി വന്നപ്പോഴുണ്ടായിരുന്ന അവസ്ഥയല്ല ഇന്നുള്ളത്. അന്നുള്ള മിക്കവാറും ഉദ്യോഗസ്ഥൻമാർ കാര്യങ്ങൾ ഭംഗിയായും ഉത്തരവാദിത്വ പൂർണ്ണമായും ചെയ്യാൻ താൽപ്പര്യമുള്ളവരായിരുന്നു. ഇന്ന് അങ്ങനെ പറയാൻ കഴിയുന്നില്ല. ഇന്ന് സ്വാർത്ഥതയുടെ വേലിയേറ്റമാണ് എല്ലായിടത്തും കാണുന്നത്. പൊതുസ്വത്തോ ഗവൺമെന്റിന്റെ സ്വത്തോ സംരക്ഷിക്കാൻ യാതൊരു താൽപ്പര്യവും കാണുന്നില്ല. ഗവൺമെന്റിന്റെ സ്വത്താണെങ്കിൽ എങ്ങനെയെങ്കിലും ആകട്ടെ എന്നുള്ള മനോഭാവമാണ് ഭൂരിപക്ഷം ആളുകളും കാണിക്കുന്നത്. ചലനാത്മകവും സമർത്ഥവുമായ ഒരു കേരളം സൃഷ്ടിക്കുന്നതിനു വേണ്ടി ഒരു വീക്ഷണ രേഖ തയ്യാറാക്കുന്നതിന്റെ ചുമതല പ്ലാനിംഗ് ബോർഡിനെ ഏൽപ്പിച്ചിരിക്കുന്നു എന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ത്രിതല പഞ്ചായത്തുകളുടെ ആവിർഭാവത്തോടുകൂടി നമ്മുടെ രാജ്യത്ത് ഒരു പ്ലാനിംഗ് ബോർഡ് ഉണ്ടായിരുന്നു. കഴിഞ്ഞ 8, 9 വർഷക്കാലത്ത് അവർ അച്ചടിച്ചു വിടുന്ന പ്രസിദ്ധീകരണങ്ങളൊക്കെ ഒന്നിച്ചെടുത്താൽ ഒരു ബണ്ട് കെട്ടുന്നതിനാവശ്യമുള്ളത്രയും പ്രിന്റഡ് മാറ്റേഴ്സ് വരും അവർ പബ്ളിഷ് ചെയ്തത്. ഈ വീക്ഷണ രേഖ അപ്രകാരമുള്ള ഒന്നാകാതിരിക്കട്ടെ എന്ന് ഞാൻ ആശിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിർദ്ദേശിച്ച പദ്ധതികൾ, സേവന പ്രധാന പദ്ധതികൾ, വഴിയോര പദ്ധതി, ബിസിനസ്സ് ടു ബിസ്സിനസ്സ് പദ്ധതി, ബയോടെക്നോളജി പദ്ധതി, കാർഷിക-പുഷ്പഫല സമ്പത്തിന്റെ കയറ്റുമതി പദ്ധതി, നാളികേര വികസന പദ്ധതി, മലബാർ കുരുമുളക്, ആലപ്പുഴ പച്ച ഏലം, കൊച്ചി ഇഞ്ചി തുടങ്ങിയവയുടെ ജൈവ പദ്ധതി, കന്നുകാലി സംരക്ഷണ പദ്ധതി, ചന്ദന തൈല നിർമ്മാണ പദ്ധതി, അലിയാർ നീർത്തട പദ്ധതി തുടങ്ങിയ എത്ര എത്ര പദ്ധതികളാണ് അദ്ദേഹം പ്രഖ്യാപിച്ചത്! ഇത് ആർക്കെങ്കിലും തള്ളിക്കളയാനോ, അല്ലെങ്കിൽ മോശം എന്ന് പറയാനോ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ ഈ ആശയങ്ങളുടെ പ്രായോഗിക നടത്തിപ്പിനെപ്പറ്റി ചിന്തിക്കുമ്പോഴാണ് ബുദ്ധിമുട്ട് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യ 300 ലക്ഷത്തിലധികമാണ്. നമ്മുടെ ഉദ്യോഗസ്ഥരുടെ എണ്ണം നാലേമുക്കാൽ ലക്ഷമാണ്. അതായത് ഒന്നേമുക്കാൽ ശതമാനം. ഈ ഒന്നേമുക്കാൽ ശതമാനം വരുന്ന ഉദ്യോഗസ്ഥ വൃന്ദത്തെ സംരക്ഷിക്കുന്നതിനും അവരുടെ ആനുകൂല്യങ്ങൾ നിലനിർത്തുന്നതിനും അവരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുമാണ് കഴിഞ്ഞ അഞ്ച് പതിറ്റാണ്ട് കാലമായി നമ്മൾ പരിശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം വേറെ ചിലരും അവരുടെ അവകാശങ്ങൾ പിടിച്ചുപറ്റാൻ ശ്രമിച്ചിട്ടുണ്ട്. ഈ രാജ്യത്തെ വ്യാപാരി വ്യവസായികൾ, കോൺട്രാക്റ്റർമാർ, രാഷ്ട്രീയ പ്രവർത്തകർ, അവർക്കൊക്കെ തന്നെ കുറേ കാര്യങ്ങൾ സാധിക്കാൻ കഴിഞ്ഞിട്ടുണ്ട്. 40% ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് നമ്മുടെ സംസ്ഥാനത്ത് സുരക്ഷിതമായി കഴിയുകയാണ്. അവരെ കൂടാതെ മറ്റൊരു 60% ആളുകൾ ഈ സംസ്ഥാനത്തുണ്ട്. അത് ഈ സംസ്ഥാനത്തെ കർഷകരും കർഷകത്തൊഴിലാളികളുമാണ്. സംസ്ഥാനത്തെ വരുമാനത്തിന്റെ 90%-വും ഈ 40%-ന് വേണ്ടി നമ്മൾ മാറ്റി വയ്ക്കുമ്പോൾ 60% വരുന്ന കൃഷിക്കാരും കർഷകത്തൊഴിലാളികളും നോക്കിനിൽക്കുകയാണ്. ഓരോ വർഷാവസാനവും അവർക്കുവേണ്ടി ചില പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്, അതുപോലെ പ്രത്യാശ നൽകുന്ന പ്രസംഗങ്ങളും. പക്ഷേ അവരുടെ കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കുന്നില്ല എന്നുള്ളത് ഖേദകരമായ സംഗതിയാണ്. ഇന്ന് രാജ്യത്ത് കാണുന്നത് അൽപ്പം ഉള്ളവന് വീണ്ടും കിട്ടണമെന്ന മനോഭാവമാണ്. 1997 മുതൽ 2001 വരെ കോൺട്രാക്റ്റ് രംഗത്ത് പ്രവർത്തിച്ചിരുന്ന കുറേയാളുകൾ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. അവരുടെ ഈ കാലഘട്ടത്തിലെ ബില്ലിന് 12% പലിശ കൊടുക്കണമെന്ന് സുപ്രീം കോടതി വിധിച്ചു. അവരുടെ ഒരു എഗ്രിമെന്റിലും അങ്ങനെ പലിശ കൊടുക്കണമെന്നുള്ള വ്യവസ്ഥയില്ല. ഈ വ്യവസ്ഥ ഇല്ലെങ്കിലും അവരുടെ വക്കീൽ വാദിച്ചപ്പോൾ അതിനെതിരായി ഗവൺമെന്റിനെ സംരക്ഷിക്കേണ്ട നമ്മുടെ പ്ലീഡർമാർ വായ് തുറന്നിട്ടില്ല വായ് തുറക്കേണ്ട കാര്യമില്ല. അവർ ആ കാലഘട്ടത്തിൽ പണം ഉണ്ടാക്കാൻ കിട്ടിയ അവസരം പരമാവധി വിനിയോഗിച്ചു. ഇതാണ് ഈ രാജ്യത്തെ അവസ്ഥ. രാജ്യത്ത് കലുങ്ക് പണിയാൻ കാശ് ചോദിച്ചാൽ ഇല്ല എന്നു പറയുന്ന സർക്കാർ ഇന്ന് ലക്ഷക്കണക്കിന് രൂപ കോൺട്രാക്റ്റർമാർക്ക് പലിശയിനത്തിൽ കൊടുത്തുകൊണ്ടിരിക്കുന്നു. ആർക്കും ഇത് കാണാൻ കണ്ണില്ലാത്തത് കഷ്ടമാണ്. ഞങ്ങളുടെ നാട്ടിൽ പമ്പാനദിക്ക് കുറുകെ ഒരു

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

ബ്രിഡ്ജ് പണിയാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ മുക്കാൽ ഭാഗവും പണി തീർന്നതാണ്. അവസാനം കോൺട്രാക്ടറുടെ അനാസ്ഥകൊണ്ട് വർക്ക് പുനർ ലേലം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. പക്ഷേ അദ്ദേഹം ഹൈക്കോടതിയിൽ കേസ് കൊടുത്ത് ഒരു ഇന്റെറിം സ്റ്റേ വാങ്ങി. ആ സ്റ്റേ ഒന്ന് വെക്കേറ്റ് ചെയ്യാൻ രണ്ടര വർഷമായി നമ്മുടെ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കു കഴിയുന്നില്ല. എഞ്ചിനീയർ താൽപ്പര്യപൂർവ്വം ചെന്നാൽ നിങ്ങൾ ആത്മാർത്ഥതയോടുകൂടിയാണോ വരുന്നത് എന്ന് ചോദിച്ച് അവരെ മടക്കി അയയ്ക്കുകയാണ് ചെയ്യുന്നത്. ഇതാണ് നമ്മുടെ രാജ്യത്തെ സ്ഥിതി. ഈ രാജ്യത്ത് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ ധാരാളം അനുവദിച്ചിട്ടുണ്ട്. അത് നല്ലകാര്യമാണ്. പക്ഷേ ഇത്ര വേണം എന്ന് നമ്മൾ ചിന്തിച്ചിട്ടില്ല. അത് കഷ്ടമായിപ്പോയി എന്ന് പറയാതിരിക്കാൻ തരമില്ല. നമ്മുടെ രാജ്യത്തെ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് മൂന്നു ലക്ഷം രൂപ മുതൽ ആറ് ലക്ഷം രൂപ വരെ വാങ്ങാറുണ്ട്. ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. നമ്മുടെ രാജ്യത്ത് +2 സ്കൂളുകളിൽ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ വേണമെങ്കിൽ മെറിറ്റ് സീറ്റിൽ വരാത്ത ആളുകൾക്ക് 10,000 രൂപവരെ കൊടുക്കേണ്ട സ്ഥിതിയാണ്. ഇതെല്ലാം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ നടുവിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുകൊണ്ടാണ് അഴിമതിരഹിതമായ ഒരു ഭരണം കെട്ടിപ്പടുക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനിടയിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ സെൽഫ് ഫിനാൻസിംഗ് ബി.എഡ്. കോഴ്സുകൾ തുടങ്ങി. ധാരാളം ബി.എഡ് കോഴ്സുകൾ കേരളാ യൂണിവേഴ്സിറ്റിയുടെയും അതുപോലെതന്നെ എം.ജി. യൂണിവേഴ്സിറ്റിയുടെയും കീഴിലുണ്ട്. എം.ജി. യൂണിവേഴ്സിറ്റിയിൽ തുടങ്ങിയ ബി.എഡ്. കോഴ്സുകൾക്ക് ഡൊണേഷൻ വാങ്ങാറില്ല. മെറിറ്റ് അടിസ്ഥാനത്തിലാണ് അഡ്മിഷൻ കൊടുക്കുന്നത്. റിസർവേഷന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഫീസ് അൽപ്പം കൂടും എന്നു മാത്രം. അതിനുള്ള പശ്ചാത്തലം ഒരുക്കിക്കൊടുക്കുന്നത് ബഹുജന പങ്കാളിത്തത്തോടുകൂടിയാണ്. ഞങ്ങളുടെ നാട്ടിലുള്ള ഒരു ബി.എഡ്. കോളേജിന് എം.എൽ.എ. സ്പെഷ്യൽ ഫണ്ടും, എം. .പി. ഫണ്ടും ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയുമൊക്കെ ഫണ്ടും ഉപയോഗിച്ച് മൂന്ന് ഇരുനില കെട്ടിടങ്ങളാണ് ഞങ്ങൾ തീർത്തുകൊടുത്തിട്ടുള്ളത്. അവിടെ 200-ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം, അവർ പഠനം തുടരേണ്ട കാര്യമില്ല, അവരിൽ നിന്നും വാങ്ങിയ ഫീസ് തിരിച്ചുകൊടുക്കണം, കോളേജ് നടത്താൻ പാടില്ല എന്നുള്ള വിധി വന്നിരിക്കുകയാണ്. ആരാണ് വിധിച്ചത്? ഈ രാജ്യത്തെ ഹൈക്കോടതിയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ വിധി വരുമ്പോൾ ഒരു യാഥാർത്ഥ്യം ഓർക്കേണ്ടതായിരുന്നു. ഒരു വിദ്യാർത്ഥിയും പരാതിയുമായി കോടതിയിൽ ചെന്നിട്ടില്ല. അതുപോലെ തന്നെ യൂണിവേഴ്സിറ്റിയിൽ അങ്ങനെ യാതൊരു പരാതിയുമില്ല. പിന്നെ ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തിട്ടുള്ളത് എന്ന് ആലോചിക്കണം. ഈ രാജ്യത്തെ പ്രൈവറ്റ് മാനേജ്മെന്റിന്റെ ആവശ്യപ്രകാരമാണ് ഇങ്ങനെയൊരു വിധി വന്നിരിക്കുന്നത്. 2100 കുട്ടികൾ ഇന്ന് ത്രിശങ്കു സ്വർഗ്ഗത്തിലാണ്. അവരും ഏതാണ്ട് നാലേകാൽ കോടി രൂപയാണ് ഫീസിനത്തിൽ യൂണിവേഴ്സിറ്റിയിൽ അടച്ചിരിക്കുന്നത്. ഈ രൂപയും കൊടുത്ത് തെരുവിൽ അലഞ്ഞുതിരിയുകയാണ്. ഈ രീതിയിലുള്ള നടപടി ശരിയാണോ എന്ന് ആലോചിക്കണം. ഹൈക്കോടതിക്ക് ഒരുപക്ഷേ ഈ വർഷത്തേക്ക് അനുവാദം കൊടുത്തുകൊണ്ട് അടുത്ത വർഷം മുതൽ പെർമനന്റ് അംഗീകാരം കിട്ടാതെ തുടരരുത് എന്ന് പരാമർശിക്കാമായിരുന്നു. ഇപ്പോൾ ഇവ നടത്തുന്നത് താൽക്കാലിക അംഗീകാരത്തോടുകൂടിയാണ്. പക്ഷേ അങ്ങനെ വിധിക്കാൻ കോടതിക്ക് കഴിയുന്നില്ല. കാരണം 21-ാം നൂറ്റാണ്ടിലെ കോടതി ഈ രീതിയിലാണ് പല കാര്യങ്ങളും ചെയ്യുന്നത്. ഞങ്ങളുടെ നാട്ടിൽ ഒരു റിംഗ് റോഡ് ഉണ്ടാക്കിയിട്ടുണ്ട്. 18 മീറ്റർ വീതിയിൽ റോഡ് ഉണ്ടാക്കി. അത് മുനിസിപ്പാലിറ്റി പൊന്നും വിലയ്ക്ക് എടുത്ത് പണി സർക്കാരിനെ ഏൽപ്പിച്ച് നടത്തുകയാണ്. റോഡിന്റെ നിർമ്മാണവും മെറ്റലിംഗും കഴിഞ്ഞപ്പോൾ ഒരു ദിവസം ആ റോഡിന്റെ ഒരു ഭാഗത്ത് രണ്ടു മൂന്ന് കല്ലുകൾ നാട്ടി ഒരാൾ കൈവശപ്പെടുത്തിയിരിക്കുന്നു. അന്വേഷിച്ചപ്പോൾ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. സർക്കാർ പണം കൊടുത്ത് പൊന്നും വിലയ്ക്ക് എടുത്ത് സർക്കാർ കോൺട്രാക്ട് കൊടുത്തതനുസരിച്ചാണ് ആ വർക്ക് നടന്നത്. പക്ഷേ അവിടെ ആ കല്ല് വയ്ക്കുന്നതിന് യാതൊരു തടസ്സവും ആരും കണ്ടില്ല. ഈ ആളിന് പണം കിട്ടിയില്ല എന്ന പേരിലാണ് കല്ലിടാനുള്ള അനുവാദം കൊടുത്തത്. ആ പണം കൊടുത്തത് മുനിസിപ്പാലിറ്റിയാണ്. അതിന്റെ പണം അടയ്ക്കാൻ ഗവൺമെന്റിന് പറയാമായിരുന്നു. പക്ഷേ ബഹുജനങ്ങൾക്ക് എത്ര ബുദ്ധിമുട്ടുണ്ടാകും എന്നത് കോടതി ശ്രദ്ധിച്ചിട്ടില്ല. 21-ാം നൂറ്റാണ്ടിലെ കോടതി വിധികൾ പലതും ഇതേ രീതിയിൽ ബഹുജനങ്ങൾക്ക് എതിരാണ്. പള്ളിക്കൂടത്തിൽ പോകുന്ന കുട്ടികൾക്ക് പഠിക്കാനുള്ള അവകാശം നിഷേധിക്കുകയാണ്. ഇതിനൊന്നും നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഗവൺമെന്റിന് കഴിയുന്നില്ല, യൂണിവേഴ്സിറ്റിക്ക് കഴിയുന്നില്ല.. നമുക്ക് പണം മാത്രം മതി. ഈ രീതിയിലുള്ള പോക്ക് അവസാനിപ്പിക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഭരണ യന്ത്രത്തിന്റെ ബേസിക് ക്വാളിറ്റീസാണ് ഞാൻ ഇവിടെ എടുത്തുപറഞ്ഞത്. ഗവർണ്ണർ പറഞ്ഞ സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ ഇത്തരത്തിലുള്ള ഗവൺമെന്റിന്റെ മെഷിനറികൊണ്ട് നമുക്ക് സാധിക്കില്ല. അഡ്മിനിസ്ട്രേറ്റീവ് മെഷിനറി ഉടച്ചുവാർക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. എഫിഷ്യൻസിക്ക് പ്രാധാന്യം കൊടുക്കണം. പ്രൊമോഷൻ പോസ്റ്റുകൾ എഫിഷ്യൻസി നോക്കി ചെയ്യണം. സർവ്വീസ് അനുസരിച്ച് ശമ്പളം കൊടുത്തുകൊള്ളട്ടെ. പക്ഷേ എഫിഷ്യൻസി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ഈ രാജ്യത്തെ 60% വരുന്ന കൃഷിക്കാർക്ക് ഈ രാജ്യത്തിന്റെ വരുമാനത്തിന്റെ 60% മാറ്റി വയ്ക്കണം എന്നുള്ളതാണ് ശരിയെങ്കിൽപ്പോലും ഞാൻ ആവശ്യപ്പെടുന്നത് 30% എങ്കിലും കർഷകർക്കും കർഷകത്തൊഴിലാളിക്കും വേണ്ടി നമ്മുടെ ബഡ്ജറ്റിൽ പണം മാറ്റി വയ്ക്കണം. അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കാണിക്കാൻ ഞാനൊരു ബുക്ക് പ്രസിദ്ധീകരിച്ചിരുന്നു. എല്ലാവർക്കും ഞാൻ കൊടുത്തിട്ടുണ്ട്. ഒരു പരീക്ഷണം എന്നുള്ള നിലയിലെങ്കിലും അത് പ്രായോഗികമാക്കി നോക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് 3,000 രൂപയിൽ കുറച്ച് പ്രതിമാസ വരുമാനമുള്ള ഒരു കുടുംബവും കാണാൻ പാടില്ലാത്ത രീതിയിലുള്ള പുനർസംവിധാനം നമുക്ക് തയ്യാറാക്കണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നുള്ളതാണ് ഇപ്പോഴത്തെ ആവശ്യം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും ജോസഫ് കമ്മീഷൻ റിപ്പോർട്ടും ഒന്നിച്ച് സഭ ചർച്ചചെയ്ത് ഒരു വഴി കണ്ടുപിടിച്ച് നടപ്പാക്കുന്നതിന് യാതൊരു വിരോധവുമില്ല. പക്ഷേ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടായാലും ശരി, രാജേന്ദ്രൻ റിപ്പോർട്ടായാലും ശരി ഏത് റിപ്പോർട്ടായാലും പുതുതായി വരുന്ന ഓരോ നിയമനവും ഈ രാജ്യത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബാംഗങ്ങൾക്ക് വേണ്ടി മാറ്റിവയ്ക്കണം. നമ്മുടെ രാജ്യത്ത് ആ രീതിയിലുള്ള അഭിവൃദ്ധിയുണ്ടാക്കുന്നതിന് പരമാവധി ശ്രമിക്കണം. അഭ്യസ്തവിദ്യരും അനഭ്യസ്തവിദ്യരുമായ മുഴുവൻ യുവജനങ്ങൾക്കും തൊഴിൽ കൊടുക്കത്തക്ക

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഈ രാജ്യത്ത് ഉണ്ടാക്കാൻ കഴിയുമോ എന്നും അതിനുവേണ്ടി ഒരു കമ്മീഷനെ വച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണ്. അങ്ങനെ എല്ലാവർക്കും ജോലി നൽകാൻ കഴിഞ്ഞാൽ ജാതി സംവരണത്തിന്റെ യാതൊരു കാര്യവുമില്ല. ഈ രീതിയിൽ കുറച്ച് പുരോഗമനപരമായ ചിന്തയിലൂടെ മുന്നോട്ടുപോകാൻ കഴിയണം എന്നാണ് എനിക്ക് പറയുവാനുള്ളത്. രണ്ടു മൂന്നു വർഷങ്ങൾ കഴിഞ്ഞാൽ സ്വാതന്ത്ര്യം കിട്ടിയിട്ട് ആറ് പതിറ്റാണ്ടാകാൻ പോകുകയാണ്. ഭാരതീയരായ ഓരോരുത്തരേയും മനുഷ്യനായി കാണാൻ തയ്യാറാകണം. ജാതി തിരിച്ചല്ല കാണേണ്ടത്. സാമ്പത്തികമായി താഴേക്കിടയിലുള്ള ആളുകളെ കൈപിടിച്ച് ഉയർത്താനുള്ള പരിശ്രമം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഇനിയെങ്കിലും ജാതി ചിന്ത മാറ്റി മുന്നോട്ടുപോകണം. മറ്റൊരു കാര്യം കൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മതേതരത്വ മുന്നണി ഉണ്ടാക്കുകയാണ്. മതേതരത്വ മുന്നണിയുണ്ടാക്കുമ്പോൾ മതപരമായ താൽപര്യം സംരക്ഷിക്കുന്ന കാര്യത്തിൽ നിന്ന് അൽപ്പം മാറിനിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു നൂറ്റാണ്ട് കാലമൊക്കെ സംവരണം എന്നുപറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ രാജ്യത്ത് സാമ്പത്തികമായി മോശമായ ആളുകൾ കാണും. അവർക്ക് വേണ്ട പ്രോൽസാഹനം കൊടുത്ത് പൊതുരംഗത്തേക്ക് കൊണ്ടുവരുന്നതിന് നമ്മൾ പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ഒരു ചികിൽസാ കേന്ദ്രത്തിൽ പോകണമെങ്കിൽ നൂറു രൂപ നോട്ടുകളുടെ അടുക്കില്ലാതെ പോകാൻ സാധിക്കുകയില്ല. മുമ്പ് 10 പൈസവിലയുണ്ടായിരുന്ന ഗുളികയ്ക്ക് ഇപ്പോൾ 10 രൂപ വിലയാണ്. അതുപോലെ തന്നെ മെഡിക്കൽ രംഗത്ത് കാണുന്ന വലിയ ഒരു കുഴപ്പം പിടിച്ച സംഗതിയുണ്ട്. ഞങ്ങൾ ഒരു കാൻസർ കെയർ സെന്റർ നടത്തുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ഒരു സൊസൈറ്റിയാണ് അത് നടത്തുന്നത്. ആധുനികമായ മെഷീൻസ് വച്ച് ഒരു ലാബ് അവിടെ സജ്ജീകരിച്ചിട്ടുണ്ട്. അവിടെ സ്കാൻ നടത്താൻ ശരീരത്തിൽ ഉപകരണങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഒരു പേസ്റ്റുണ്ട്. അത് ഒരു പാക്കറ്റിന് 63 രൂപ എന്നാണ് അതിനു പുറത്ത് എഴുതിയിരിക്കുന്നത്. മിനിമം പ്രൈസ് 63 രൂപ. ഞങ്ങൾക്ക് കമ്പനിയുടെ മെഷീനുകൾ ഉപയോഗിക്കുന്നതുകൊണ്ട് 26 രൂപയ്ക്കാണ് കിട്ടുന്നത്. സാധാരണക്കാരന് ആ വിലയ്ക്ക് ലഭ്യമല്ല. ഈ രാജ്യത്ത് ഇന്ന് സാധാരണക്കാരന് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ആരോഗ്യരംഗത്തെ പ്രതിരോധരംഗമെന്നും ചികിൽസാരംഗമെന്നും രണ്ട് രംഗമായി ഭാഗിക്കണമെന്നാണ്. പ്രതിരോധം സർക്കാരിന്റെ ചുമതലയിൽത്തന്നെ പൂർണ്ണമായി നടക്കട്ടെ. പക്ഷേ ചികിൽസാ രംഗം ഒരു ഇൻഷ്വറൻസ് സംവിധാനത്തിൽ കൊണ്ടുവരാൻ ഏർപ്പാട് ചെയ്ത് നമുക്ക് മുന്നോട്ടു പോകണം. ഓരോ കുടുംബത്തിനും വരുമാനമനുസരിച്ചുള്ള ഇൻഷ്വറൻസ് തുക സ്വീകരിക്കുകയും അതേസമയത്ത് എല്ലാവർക്കും ഒരുപോലെ ചികിൽസ കിട്ടത്തക്കവിധത്തിലുള്ള ഒരു സമ്പ്രദായം ഈ രാജ്യത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വക കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ ഈ ചർച്ച തുടങ്ങിയിട്ട് ഇന്ന് മൂന്നാം ദിവസമാണ്. പക്ഷേ പ്രതിപക്ഷ നിരയിൽ വളരെ കുറച്ച് ആളുകളേ ഉള്ളൂ.... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അപ്പുറത്തുള്ളവരുണ്ടോ?.....(ബഹളം).....

ശ്രീ. കെ. സി. ജോസഫ് : ഈ ചർച്ചയുടെ ഗൗരവം....(ബഹളം).....

ഉദ്യോഗസ്ഥ ഗ്യാലറിയിലും ആളില്ല.....

ശ്രീ. ടി. പി. എം. സാഹിർ : സർ, ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ എം.എൽ.എ. മാർക്ക് വില കൽപ്പിച്ചു. ഈ നാട് എങ്ങോട്ടാണ് പോകേണ്ടത്, അടുത്ത വർഷം എന്തെല്ലാം ചെയ്യണം എന്ന് തീരുമാനിക്കേണ്ട നമ്മുടെ സമയമാണ് പാഴായിപ്പോകുന്നത്. ഈ സഭയിൽ ഓരോ മിനിറ്റിനും 10 കോടി രൂപ വിലയാണ് ഞാൻ കണക്കാക്കിയത്. അതുകൊണ്ട് സമയം പാഴാക്കാതെ നമുക്കു മുന്നോട്ടു പോകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നാടിന്റെ പുരോഗതി മനസ്സിലാക്കി ഇത് ലാസ്റ്റ് ബസ്സാണ് ഇതിൽ കയറി രക്ഷപ്പെടണമെന്നു പറഞ്ഞു. പക്ഷേ കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ സ്പീഡ് പോരാ എന്നുള്ള ഒരു പരാതിയുണ്ട്. അത് കുറച്ചുകൂടി സ്പീഡിൽ മുന്നോട്ടു കൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവർണ്ണറുടെ പ്രസംഗത്തിൽ എം.ജി.പി.യെപ്പറ്റി പരാമർശിച്ചു. വർഷങ്ങൾക്കു മുമ്പ് നടപ്പിലാക്കിയ നിയമങ്ങൾ ഇന്നും നിലവിലുണ്ട്. ഒരു പാലം പണിതതിനുശേഷം അതിന്റെ അപ്രോച്ച് റോഡിനുവേണ്ടി കഴിഞ്ഞ 10 വർഷമായി ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ എൽ.എ. പ്രൊസീഡിംഗ്സിൽ ഇന്നും വഴിമുട്ടി നിൽക്കുകയാണ്. ഐ.എ.എസ്. കോമ്പൗണ്ട്വാളിനുള്ളിൽ ഓരോ കുറിയുമിട്ട് ഇന്നും ആ പാലം ഗതികേടിൽത്തന്നെയാണ്. ഇതിനെല്ലാം ഒരു മാറ്റം വരുത്താൻ എം.ജി.പി. കഴിയുന്നതും വേഗത്തിൽ നടപ്പാക്കണം. അതാണ് നമുക്ക് കാര്യമായി ഇനി ചെയ്യാനുള്ള ഏക സംഗതി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അധികാര വികേന്ദ്രീകരണം നടപ്പാക്കി പഞ്ചായത്തുകൾക്ക് അധികാരങ്ങൾ ഓരോന്നും കൊടുത്തുവരികയാണ്. പക്ഷേ പഞ്ചായത്തുകളിൽ അത് നടപ്പാക്കാനുള്ള ഉദ്യോഗസ്ഥ സംവിധാനം ഇല്ലാതെ ബുദ്ധിമുട്ടുകയാണ്. ഇന്ന് ഒരുപാട് അഭ്യസ്തവിദ്യരുണ്ട്. അതുകൊണ്ട് മറ്റ് രാജ്യങ്ങളിൽ നടക്കുന്നതുപോലെ പഞ്ചായത്തുകളിൽ പ്രോജക്ടുകൾ നടത്താൻ പ്രൈവറ്റ് കൺസൾട്ടൻസികളെ നിയമിക്കുകയും അതിന് അവർക്ക് വേതനം കൊടുക്കാതെ ഒരു പ്രോജക്ടിന് ഇത്ര തുക എന്ന് ഫിക്സഡായി നൽകിക്കൊണ്ട് അവർക്ക് കാലാകാലം ഒരു ശമ്പള വ്യവസ്ഥയോ ഒന്നും ഇല്ലാതെ, ഗവണ്മെൻറിന് ഭാരമില്ലാത്തവിധത്തിലുള്ള സംവിധാനം കൊണ്ടുവരണം. എം.ജി.പി. നടപ്പാക്കുമ്പോൾ ഇതുകൂടി ശ്രദ്ധിക്കണം. 'ജിം' ഫെയിലുവറായി എന്നുള്ള തരത്തിൽ ചില പരാമർശനങ്ങൾ കണ്ടു. ഒരു ദിവസം കൊണ്ട് അവസാനിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമല്ല. 'ജിം'-ൽ ഒരുപാട് പ്രോജക്ടുകൾ ഉണ്ട്. വിവിധ പ്രോജക്ടുകൾ ഇപ്പോഴും പൈപ്പ്ലൈനിൽ പ്രോസസിംഗിലാണ്. ആലുക്കാസ് ജ്വല്ലറി തുടങ്ങി എന്നും മറ്റും കളിയാക്കുന്നത് ഇവിടെ കണ്ടു. അത് ശരിയല്ല. 'ജിം'-ൽ ഒരുപാട് പ്രോജക്ടുകളുണ്ട്. അതിൽ ഏതെല്ലാം തരത്തിൽ അതിനെ വിശകലനം ചെയ്യണം; ഗവൺമെന്റ് അതിൽ എന്തെല്ലാം പ്രവർത്തിക്കണം എന്നുള്ളത് ഓരോന്നും നോക്കി പ്രാവർത്തികമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'ജിം'- ഒരു ദിവസംകൊണ്ട് അവസാനിപ്പിക്കാവുന്ന പ്രശ്നമല്ല. അതൊരു കണ്ടിന്യൂഡ് പ്രോസ്സസാണ്. ഇന്നലെയുണ്ടായ ഒരു സംഭവം, ടെക്നോപാർക്കിൽ എത്രയോ കോടി രൂപ മുതൽമുടക്കി, അവിടെ ബ്രൈവറ്റ് സ്ഥാപനങ്ങളിൽ 5000 മുതൽ 7000 വരെ പേർക്ക് തൊഴിൽ നൽകുന്നു. പക്ഷേ അവിടത്തെ സി.ഇ.ഒ.മാർ ഇന്ന് പത്രത്തിൽ ഒരു പ്രസ്താവന ഇറക്കിയിരിക്കുന്നു. അവർക്ക് മാന്യമായി അവിടെ പ്രവേശിക്കാൻ സാധിക്കുന്നില്ല എന്ന്. ഗൾഫ് രാജ്യങ്ങളിൽ നിന്നും യൂറോപ്പിൽനിന്നും സംരംഭകരെ വിളിച്ചുവരുത്തി മീറ്റിംഗിലേക്ക് കൊണ്ടുവരുന്ന ഒരു സംവിധാനം അവിടെയുണ്ട്. അതിനുവരുന്ന ഫോറിൻ ഇൻവെസ്റ്റേഴ്സ്, ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ഓരോ കുത്തുവാക്കു പറഞ്ഞ് ഈ തൊഴിലാളികളെ..... അവരും സ്ഥിരം അല്ല. കോൺട്രാക്ട് തൊഴിലാളികളാണ്. വിളിച്ചുപറയുന്നതെന്തും കേൾക്കാൻ ചിലപ്പോൾ അവർ ഒരുങ്ങിയില്ല എന്നുവരും. ഓരോ സ്ഥാപനങ്ങളും പൂട്ടിക്കൊണ്ടുപോകുന്ന അവസ്ഥയുണ്ടാകും.. ഇന്ന് കേരളത്തിൽ തുടങ്ങാൻ പറ്റുന്ന ഏക സംരംഭം ഐ.ടി. ആണ്. കാരണം അതിന് പരിസ്ഥിതി മൂലമുള്ള ഒരു ബുദ്ധിമുട്ടില്ല. അതുകൊണ്ട് എത്രയോ ഐ.ടി. സെന്ററുകൾ സ്ഥാപിക്കാൻ സാധിക്കും. ഗൾഫ് നാടുകളിൽ നിന്നും അമേരിക്കയിൽ നിന്നുമൊക്കെയുള്ള വ്യാപാരികൾ ഇന്ന് കൊച്ചിയിൽവച്ച് കോൺഫറൻസ് നടത്തുകയാണ്. ഇന്റർനെറ്റ് മുതലായ സൗകര്യങ്ങൾ കൂടിക്കൂടി വരുന്ന ഈ അവസരത്തിൽ 'ജിം'-ൽ വിഭാവനം ചെയ്ത തരത്തിൽ വിവിധ പ്രോജക്ടുകൾ വരാൻ അന്തരീക്ഷം ഒരുക്കുക മാത്രമാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അതിനുവേണ്ടി പ്രതിപക്ഷവും ഭരണപക്ഷവും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. അല്ലെങ്കിൽ നമ്മുടെ തൊഴിലില്ലായ്മ വർദ്ധിക്കുകയേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് കൊട്ടിഘോഷിച്ചതാണല്ലോ ജനകീയാസൂത്രണം. അന്നും 30, 35 ലക്ഷം തൊഴിലില്ലാത്തവരുണ്ട്. പക്ഷേ അന്ന് ഡിമാന്റുള്ള സാധനം ആട്, കോഴി, പൂച്ച മുതലായവയായിരുന്നു. അഭ്യസ്തവിദ്യർക്കുള്ള ആവശ്യം ആട്, കോഴി, പൂച്ച ആണോ? ജനകീയാസൂത്രണത്തിൽ വേണ്ടത് ആടും കോഴിയും മാത്രമായിരുന്നില്ലേ? വിവിധ തരത്തിൽ വിദ്യാസമ്പന്നർക്ക് വേണ്ടിയുള്ള പ്രോജക്ടായിരുന്നു. ഞാൻ ആ കാര്യത്തിൽ പ്രതിപക്ഷത്തെ കുറ്റം പറയുന്നില്ല. ജനകീയാസൂത്രണ പ്രോജക്ടുകൾ നടപ്പാക്കിയതിനു വേറെ തരത്തിലുള്ള..... ഇന്നലെ ഇവിടെ പി.ഡബ്ല്യു.ഡി. റോഡിനെപ്പറ്റിയുള്ള ഒരു പരാമർശം ബഹുമാനപ്പെട്ട മത്തായി ചാക്കോ അവതരിപ്പിച്ചു. പി.ഡബ്ല്യു.ഡി.യിലെ കാട്ടേഷൻ, 8 മീറ്റർ വീതിയുള്ള ടാർ

LIBRARY ARCHIVES Kerala Legislative Assembly

റോഡിന് 25 ലക്ഷവും നാഷണൽ ഹൈവേയിൽ 12 മീറ്ററുള്ള റോഡിന് കിലോമീറ്ററിന് 50 ലക്ഷവുമാണ്. അങ്ങനെ സ്പെസിഫിക്കേഷൻ മാറുമ്പോൾ റേറ്റ് കൂടും. ഇപ്പോൾ കെ.എസ്.ഡി.പി. വേൾഡ് ബാങ്ക് ലോണിൽ എടുക്കുന്നത് ഒന്നര കോടിയാണ്. അതിൽ അഴിമതിയുണ്ട് എന്നുംമറ്റും പറഞ്ഞു. അത് കംപെയർ ചെയ്യുമ്പോൾ സ്പെസിഫിക്കേഷൻ അനുസരിച്ച് റോഡ് മാറും. അവിടെ ബി.എം. ആന്റ് എ.സി.യുടെ തിക്നസ് മുതലായ സംഗതികൾ നോക്കേണ്ടതാണ്. കെ.എസ്.ഡി.പി.യുടെ വർക്കിൽ തന്നെ 12 മീറ്ററിൽ 4 മീറ്റർ റോഡ് ഫോർമേഷൻ പുതുതായി ചെയ്യേണ്ടതാണ്. കോടതിയിൽ ചർച്ച ചെയ്ത് കോടതി തന്നെ അപ്രൂവ് ചെയ്തതാണ് ഈ റോഡ്. അതിൽ യാതൊരു അഴിമതിയുമില്ല. ആരോപണത്തിനു വേണ്ടി ഒരു ആരോപണം പി.ഡബ്ല്യു.ഡി.യുടെ മേൽ ചുമത്തരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഒരുപാട് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ,.....മുമ്പ് 4000 സീറ്റു മാത്രമായിരുന്നു എഞ്ചിനീയറിംഗിൽ കേരളത്തിലെ വിദ്യാർത്ഥികൾക്കുണ്ടായിരുന്നത്. സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ ആവിർഭാവത്തോടുകൂടി ഇന്ന് 18,000 സീറ്റായി വർദ്ധിച്ചു. അയൽപക്കത്തുള്ള കർണ്ണാടകയിൽ ഓല ഷെഡ്ഡിൽ എൻജിനീയറിംഗ് കോളേജ് നടത്തുമ്പോൾ നല്ലൊരു ബിൽഡിംഗിൽ എൻജിനീയറിംഗ് കോളേജ് ഉണ്ടാക്കുന്ന സംവിധാനമാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലൂടെ കേരളത്തിലിന്ന് സംജാതമായിട്ടുള്ളത്. ഏകദേശം 14,000 സീറ്റിന്റെ വർദ്ധനവാണ് എൻജിനീയറിംഗിലുള്ളത്. അതുപോലെതന്നെ മെഡിസിനിൽ മുമ്പ് കേവലം 2,000 സീറ്റു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അത് 4,000-ൽ അധികമായി വർദ്ധിച്ചു. അതുകൊണ്ട് ഈ വർദ്ധനവെല്ലാം കണ്ണുംപൂട്ടി എതിർക്കുന്നത് ശരിയല്ല. ഇപ്പോൾ ബി. എഡ്. കോളേജിൽ ചില എൻ.സി.വി.റ്റി.ഇ.-ക്ക് റെക്കമെന്റ് ചെയ്തതിൽ അപാകതയുണ്ടെന്ന് പറഞ്ഞ് ബഹളം കൂട്ടുകയാണ്. ഈ കഴിഞ്ഞ എൻ.സി.വി.റ്റി.ഇ.-ക്ക് അപ്ലൈ ചെയ്ത എൻജിനീയറിംഗ് കോളേജുകളുടെ എണ്ണം എത്രയാണ്? ഇന്ന് 190 ആപ്ലിക്കേഷൻ കിട്ടി. അത് പ്രോസസ് ചെയ്തു. അതിന് കുറ്റം. എന്തിനും കുറ്റം പറയുന്ന പ്രവണത പ്രതിപക്ഷത്തിനുണ്ട്. പക്ഷെ, അതിൽ കുറ്റമുണ്ടെങ്കിൽ കുറ്റവിമുക്തമാക്കണം. അതിന് വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നു മാത്രമേ എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യാനുള്ള മറ്റൊരു കാര്യം, ശ്രീ. ബാലൻ സൂചിപ്പിച്ചതുപോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റിയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വന്നു. അത് കോൾഡ് സ്റ്റോറേജിൽ വയ്ക്കാനുള്ളതല്ല. എത്രയോ കമ്മീഷനുകൾ ഇതിനുമുമ്പ് വന്നിട്ടുണ്ട്. പക്ഷെ, അതിന്റെയെല്ലാം റിപ്പോർട്ടുകൾ കോൾഡ് സ്റ്റോറേജിൽ വയ്ക്കുന്ന നടപടി ഗവൺമെന്റിന് ഭൂഷണമല്ല, അത് പ്രാവർത്തികമാക്കണം. എം.ജി.പി.-യുടെ കൂട്ടത്തിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതും കൂടിപെടുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. എന്തായാലും നിങ്ങളുടെ ഭരണ കാലത്ത് ആ കാര്യത്തിലൊന്നും ഒരു പ്രത്യേകതയും ഉണ്ടായിട്ടില്ല. കേരളം ഇന്ന് മുന്നോട്ട് പോകുന്നതിനെ പിറകോട്ട്

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുവലിക്കാനുള്ള നിങ്ങളുടെ പ്രവണത അവസാനിപ്പിക്കണം. കേരളം ഇന്ന് മുന്നോട്ടുപോവുകയാണ്. അതിനെ പിന്നോട്ട് വലിക്കുന്ന ഈ പ്രവണത അവസാനിപ്പിച്ചല്ലാതെ നാട് നന്നാവുകയില്ല. ഈ സഭയിലെ ഒരു മിനിറ്റിന് 10 കോടി രൂപ വിലയാണ്. ആ വില നിങ്ങൾ കൽപ്പിക്കണം. അതുകൊണ്ടുതന്നെ നിങ്ങൾ ഈ കാര്യങ്ങളിൽ ഗവൺമെന്റിനെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളമിന്ന് മുന്നോട്ടു പോയിക്കൊണ്ടിരിക്കുമ്പോൾ അതിനെ പിടിച്ച് പിന്നിലേക്ക് വലിക്കുന്ന തരത്തിലുള്ള ഗവൺമെന്റിന്റെ ഈ നടപടി ഒട്ടും ഭൂഷണമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഒരു ദിവസം 12 കോടി രൂപയാണ് പ്രൈവറ്റ് ബാങ്കിൽകൂടി എൻ.ആർ.ഐ. ട്രാൻസ്ഫർ വരുന്നത്. ഈ പണം വ്യക്തമായി ഉപയോഗിക്കത്തക്ക വിധത്തിലുള്ള അവസ്ഥ നമുക്കുണ്ടാക്കണം. ഇവിടെ എന്തിനും ഭീഷണിപ്പെടുത്തുന്ന തരത്തിലുള്ള സമീപനമെടുക്കുന്നത് ശരിയല്ല. നമ്മുടെ കേരളത്തിന്റെ ഭാവി മനസ്സിലാക്കി ഇനിയെങ്കിലും പ്രവർത്തിച്ചില്ലായെങ്കിൽ, മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ അവസാനത്തെ ബസ്സിൽ കയറാൻ ശ്രമിച്ചില്ലായെങ്കിൽ നമ്മൾ രക്ഷപ്പെടുകയില്ല. അതുകൊണ്ട് ഗവർണ്ണറുടെ ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തോട് ഞാൻ യോജിക്കുകയാണ്. ഇവിടെ രണ്ടു ചേരിയാണുള്ളത്. ആ രണ്ടുചേരികൾ കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുകയാണ്. പുരോഗമനചേരിയും ഒരു പിൻതിരിപ്പൻചേരിയും. ഇപ്പോൾ ആരാണ് പുരോഗമനചേരി എന്നു പറഞ്ഞാൽ മതി. ഇവിടെ ആക്ഷേപം പറയുന്ന എല്ലാ ആളുകളും, പലരേയും പറ്റി ആക്ഷേപം പറയുകയാണ്. ഈ ആക്ഷേപങ്ങൾ തുടർന്നു തുടർന്ന് കീശയിലാക്കിയ ആളുകളാണ് മറ്റുള്ളവരുടെ മേലിൽ ആക്ഷേപം പറയുന്നത്. അത് ശരിയല്ല. സ്വാർത്ഥ രഹിതമായ ഒരു ജീവിതം, അതിനെപ്പറ്റി പറയാനും പഠിക്കാനും എം.എൽ.എ.-മാർക്ക് കഴിഞ്ഞില്ലായെങ്കിൽ പിന്നെ ആർക്കാണ് കഴിയുന്നത്? എല്ലാം സ്വാർത്ഥന്മാരാണ്. ഈ ഗവൺമെന്റ് തുടർന്നുവരുന്ന നയപരിപാടികൾക്കനുസരണമായ ഒരു പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയത്. അത് വളരെയേറെ പുരോഗമനപരമാണെന്ന് ഞാൻ പറയുമ്പോൾ വാദത്തിനുവേണ്ടിയെങ്കിലും ആ ഭാഗത്തിരിക്കുന്ന ആളുകൾ പുരോഗമനപരമല്ല എന്നു പറയും. ശരിയോ തെറ്റോ എന്നുള്ളത് ആരും നോക്കാറില്ല. ഈ ഗവൺമെന്റിന്റെ നയപരിപാടികളെ കണ്ണുമടച്ച് എതിർക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ഞാൻ ഓരോന്ന് ഓരോന്ന് എടുത്തുപറയുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ളതെല്ലാം മറന്നിട്ടാണോ നിങ്ങൾ ഇപ്പോൾ ഇങ്ങനെ ചോദിക്കുന്നത്? കഴിഞ്ഞ കാലങ്ങളിൽ ചെയ്ത ഓരോ കാര്യവും സത്യസന്ധമായി പറഞ്ഞാൽ, പരമാർത്ഥത്തിൽ പൊതുജനങ്ങളുടെ മുമ്പിൽ കണ്ണും തുറന്ന് നടക്കാനൊക്കുകയില്ല. അതൊക്കെ മറക്കാം. പക്ഷെ, ഇവിടെ

വരുമ്പോൾ എല്ലാപേരും യോഗ്യന്മാരായി തുടരുകയാണ്. എല്ലാപേരേയും എല്ലാപേർക്കും അറിയാം. തെറ്റു ചെയ്യുന്നവർ ഒക്കെ വിഴുങ്ങുകയാണ്. തെറ്റ് ചെയ്യാതിരിക്കാനുള്ള ശ്രമമല്ല. കഴിഞ്ഞ കാലത്ത് ചെയ്ത തെറ്റുകൾ വിഴുങ്ങിക്കൊണ്ട് ഇന്നുള്ള ആളുകളെ കുറ്റം പറയുന്ന ഏർപ്പാട് ശരിയല്ല. ഭരണപക്ഷത്തെ പ്രതിപക്ഷം എതിർക്കുന്നു. ഈ രീതിയല്ല വേണ്ടത്. ഈ രാജ്യത്തുള്ള എല്ലാ ആളുകൾക്കും എന്താണ് വേണ്ടത്, എന്താണ് വേണ്ടാത്തത്, എന്ന് തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ, ഇവിടെ വരുമ്പോൾ ഒന്ന്, അവിടെ ചെല്ലുമ്പോൾ മറ്റൊന്ന്—ഈ നയം വിവരമുള്ള എം.എൽ.എ.മാർ ഉപേക്ഷിക്കണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. നമ്മൾ പറയുന്നതിന്റെ സാരാംശം രാജ്യത്തിന്റെ താൽപ്പര്യമാണ് എന്ന് കാണാൻ നോക്കിയിരിക്കുന്ന ആളുകളുടെ മുമ്പിൽ ഇതു ശരിയല്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതൊരു പുതിയ കാലഘട്ടമാണ്. മാറുന്ന ലോകവുമാണ്. പുതിയ വെല്ലുവിളികളും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഈ വെല്ലുവിളികളെ നേരിടാൻ വേണ്ടി ഈ സർക്കാർ തയ്യാറാവുകയാണ്. ഈ സർക്കാർ ചെയ്തതെല്ലാം പരിപൂർണ്ണമായി ശരിയാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, കഴിയുന്നതും അങ്ങനെയല്ലേ ചെയ്യാനൊക്കുകയുള്ളൂ? കഴിയുന്നതും വേദനയും യാതനയുമില്ലാതെ ഈ സംസ്ഥാനത്ത് ഉണ്ടാക്കാവുന്ന ഉൽപ്പന്നങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉൽപ്പാദനം കൊണ്ട് സംസ്ഥാനത്തെ പട്ടിണി മാറ്റാൻ ആഗ്രഹിക്കുന്ന ഒരു ചെറിയ നല്ല ഗവൺമെന്റാണ് ഇത് എന്നു പറയുമ്പോൾ ഞാൻ ഈ സർക്കാരിനുവേണ്ടി കൈമണിയടിക്കുകയല്ല; ഒരിക്കലുമല്ല. നന്മയേയും സത്യത്തേയും ഒരിക്കലും മറയ്ക്കേണ്ട കാര്യമില്ല. തെറ്റും കുറ്റവും ഇല്ലാത്ത ആളുകൾ കുറവാണ്. എന്റെ മുഖ്യമന്ത്രി, ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി കള്ളനല്ല. കഴിഞ്ഞ പത്തുമുപ്പതു വർഷക്കാലമായി ഈ നിയമസഭയുമായി ബന്ധപ്പെട്ട് പരിചയപ്പെട്ടു നടക്കുന്ന എനിക്ക് ഇവിടത്തെ എല്ലാം അറിയാം.

ശ്രീ. എ. സി. ഷൺമുഖദാസ് : 'നാറിയവനെ ചാരിയാൽ ചാരിയവനും നാറും' അവിടെയിരിക്കുന്ന നാറ്റം അറിയാമല്ലോ.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഞാൻ ആരേയും ചാരുന്നില്ല. കഴിഞ്ഞ കാലത്തെ ദുർഭരണം ഈ രാജ്യത്തെ കടക്കെണിയിൽ കൊണ്ടെത്തിച്ചു. ഒരു കാലത്തുള്ള ദുർബലമായ ഭരണത്തിന്റെ കെടുതികൾ, ഭാരങ്ങൾ ഒക്കെ ഇന്നത്തെ ഗവൺമെന്റിന് താങ്ങേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഒന്നേകാൽ വർഷക്കാലം ഒന്നും ചെയ്യാനാകാതെ കൈയും കെട്ടി നിൽക്കുന്നതുപോലെ ഈ ഗവൺമെന്റിനു നിൽക്കേണ്ടി വന്നത്. ഒന്നേകാൽ വർഷക്കാലംകൊണ്ട് കഴിഞ്ഞകാലത്തെ തെറ്റുകൾ തിരുത്താനും കടങ്ങൾ വീട്ടാനും ഈ ഗവൺമെന്റ് ശ്രമിക്കുകയായിരുന്നു അതിനുശേഷം മാത്രമേ ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞുള്ളൂ. കാരണം നാറ്റങ്ങളൊക്കെ മാറ്റണ്ടേ? കഴിഞ്ഞ കാലത്തെ നാറ്റങ്ങളൊക്കെ കഴുകണ്ടേ? അതെല്ലാം കഴിഞ്ഞ് ഒന്നേകാൽ വർഷം കഴിഞ്ഞപ്പോൾ ആണ് ഇവിടെ വെട്ടിത്തുറന്ന

LIBRARY ARCHIVES Kerala Legislative Assembly

ആഹ്വാനങ്ങളും സമരങ്ങളും ഉണ്ടായത്. ഞങ്ങളും ഈ രാജ്യത്ത് പ്രതിപക്ഷത്തിരുന്ന ആളുകളാണ്. ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ രാജ്യം ഭരിച്ചപ്പോൾ ഒരു അപശബ്ദവും ഉണ്ടാക്കാൻ ഞങ്ങൾ പരിശ്രമിച്ചില്ല. 'അവർ ഭരിച്ചോട്ടെ' എന്നു പറഞ്ഞ് നോക്കിനിന്നു. അവർ ഭരിച്ചതിന്റെ ഗുണം ഞങ്ങൾ അറിഞ്ഞു. അതല്ലേ കഴിഞ്ഞതവണ വന്നവർക്കാർക്കും ഇങ്ങോട്ട് തിരിച്ചുവരാൻ കഴിയാതെ പോയത്? സത്യസന്ധമായി പ്രവർത്തിക്കുന്നവർക്ക് മാത്രമേ കൂടെക്കൂടെ ഇവിടെ മടങ്ങിവരാൻ കഴിയൂ എന്നത് അവിടെയും ഇവിടെയും ഇരിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്. കാർഷിക മേഖല തകർന്നത് ആരുടേയും കുഴപ്പം കൊണ്ടല്ല. കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാതെ കൃഷി ചെയ്താൽ ആദായം കുറയുമെന്നായപ്പോൾ കൃഷി എല്ലാ ആളുകളും ഉപേക്ഷിച്ചു. അങ്ങനെയുള്ള മേഖലകളിൽ ജീവന്റെ പുതിയ പുതിയ നാമ്പുകൾ ഇപ്പോൾ കണ്ടുതുടങ്ങി.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹത്തെ ശല്യപ്പെടുത്തരുത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : കാർഷിക മേഖലയെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. നമ്മുടേത് ഏറ്റവും കൂടുതൽ കൃഷിക്കാരുള്ള നാടാണെന്ന് പറയാറുണ്ടെങ്കിലും ഇവിടെ ഏറ്റവും തകർന്നുപോയത് കൃഷിയാണ്. ആ കൃഷിയെ ഉദ്ധരിക്കുവാൻ ആരുംതന്നെ ശ്രമിച്ചില്ല. കൃഷിയെ എന്തുകൊണ്ടാണ് ഉദ്ധരിക്കാതിരുന്നത്? അതുകൊണ്ട് വലിയ ആദായമില്ല. ആഹാരത്തിനു മാത്രമല്ലേ വേണ്ടൂ. അതുകൊണ്ട് കൃഷിയെപ്പറ്റി ആരും തിരിഞ്ഞു നോക്കിയില്ല. ആ കൃഷിയിടങ്ങളൊക്കെ ഇന്ന് നാമ്പിട്ട് പുതിയ ജീവനുംകൊണ്ട് കരകയറുകയാണ്. ആ ജീവനെ പ്രോൽസാഹിപ്പിച്ചാൽ ഈ നാടിനെ പഴയ കാർഷിക കേരളമാക്കി മാറ്റിയെടുക്കുവാൻ കഴിയുന്ന,.....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഒരു കാര്യംകൂടി. ഈ ഗവൺമെന്റിന് പല പരിപാടികളുമുണ്ട്. അതൊന്നും പറയുവാൻ സമയമില്ല. ഒരു പുതിയ വീക്ഷണരേഖയുണ്ട് ഞങ്ങൾക്ക്. എന്താണ് ഈ രാജ്യത്ത് നടക്കുന്നത്? ഈ രാജ്യത്ത് എന്താണ് വേണ്ടത്? ഈ രാജ്യത്തുള്ളവർ സംതൃപ്തരാകുന്നതിനുവേണ്ടി എന്തു ചെയ്യണം? ഇതൊക്കെ നോക്കിക്കൊണ്ട് തദനുസരണമായ ഒരു നിലപാട് സ്വീകരിക്കുവാൻ ഈ ഗവൺമെന്റിന് ഒരു നയമുണ്ട്. അതാണ് വീക്ഷണമേഖ. അങ്ങനെയുള്ള കാര്യങ്ങൾ ഒന്നൊന്നായി ചെയ്യുവാൻ ഞങ്ങൾ ശ്രമിക്കുമ്പോൾ കല്ലെറിയുന്ന ഏർപ്പാട് ശരിയല്ല. കഴിഞ്ഞ കാലഘട്ടത്തിൽ ചെയ്ത എല്ലാ,.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് കാര്യങ്ങൾ ഇങ്ങോട്ട് നോക്കി പറഞ്ഞാൽ മതി.

ശ്രീ. കെ. നാരായണക്കുറുപ്പ് : പുറകിൽനിന്ന് കല്ലെറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങോട്ട് നോക്കരുത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : നേരെ നോക്കി സംസാരിക്കുവാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ പുറകിൽനിന്നും കല്ലെറിഞ്ഞാൽ തിരിഞ്ഞ് നോക്കാതിരിക്കുവാൻ കഴിയുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയെ ആരും എറിയില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ് : കാർഷിക മേഖലയ്ക്ക് ഇന്ന് വന്നിട്ടുള്ള ഉഷാറും ഉണർവും കാണേണ്ടതാണ്. എല്ലാപേരും അത് ഉപേക്ഷിച്ചതാണ്. പക്ഷേ ഇന്നത്തെ ഗവൺമെന്റ് കാര്യമായി കാർഷിക മേഖലയെ കണ്ടുകൊണ്ട് തരിശായി കിടക്കുന്ന ഭൂമിയെല്ലാം കൃഷിഭൂമിയാക്കി മാറ്റാൻ വളരെയേറെ പാടുപെടുകയാണ്. നമ്മുടെ ആഹാരത്തിന്റെ വക അവിടെയാണ്. പണ്ട് കേരളത്തിൽ കൃഷിയാണ് പ്രധാന സംഗതി.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : പറയുവാൻ ധാരാളമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : എനിക്ക് അറിയാം; അങ്ങേയ്ക്ക് ധാരാളം പറയുവാനുണ്ടെന്ന്.

ശ്രീ. കെ. നാരായണക്കുറുപ്പ് : അങ്ങയുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാന്യനായ ഗവർണ്ണർ ഈ നിയമസഭയിൽ നടത്തിയ പ്രസംഗത്തെയും അദ്ദേഹത്തിന്റെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ.എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെയും ഞാൻ അനുകൂലിക്കുകയാണ്. ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് കഴിഞ്ഞ രണ്ട് ദിവസം ഈ സഭയിൽ ധാരാളം കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. ആത്മാർത്ഥമായ വിലയിരുത്തൽ നടത്തിയാൽ ഈ രണ്ടര വർഷംകൊണ്ട് കേരളത്തിലെ ഭരണരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം പ്രതിപക്ഷത്തിനുപോലും നിഷേധിക്കുവാനാവില്ല എന്നത് വസ്തുതയാണ്. ഇടതുപക്ഷ ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞ കാലഘട്ടത്തെ ഇന്ന് ഞാൻ ഓർക്കുകയാണ്. മുടിയനായ പുത്രൻ നശിപ്പിച്ച തറവാട് പോലെ തകർന്നുപോയ കേരളത്തെ സാമ്പത്തിക രംഗത്ത് കൈപിടിച്ച് ഉയർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വളരെ ഭാവനയോടുകൂടി ധീരനായ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി, കേരളത്തെ ഒരു പുതിയ കേരളമാക്കി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടി ഈ രംഗത്ത് കൊണ്ടുവരാൻ ഉദ്ദേശിച്ച ഭരണ പരിഷ്കാരങ്ങൾക്ക് നിർഭാഗ്യവശാൽ പരിപൂർണ്ണമായ സഹായം കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നതാണ് നമുക്കൊക്കെ വേദനയുളവാക്കിയ കാര്യം. ജിം സംഘടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളൊക്കെ ഇവിടെ പരാമർശിക്കപ്പെട്ടു. ഉദ്ദേശിച്ച കാര്യങ്ങൾ എങ്ങനെ നടക്കാതെ പോയി എന്നതും നമുക്കെല്ലാപേർക്കും അറിയാം. ഇന്നലെ നമ്മുടെ ഉദ്യോഗസ്ഥ സംഘം ജിം പരാജയപ്പെടുത്തിയത് കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷമാണ് എന്ന് ഒരു പത്രസമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ പത്രം എന്റെ കൈവശമുണ്ട്. കേരളത്തിൽ ജിം അടക്കമുള്ള നടപടികൾ പരാജയപ്പെടാനുള്ള കാരണം ഈ കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരുടെ നിശ്ചയദാർഢ്യമില്ലായ്മയും കേരളം പുരോഗതി പ്രാപിക്കണമെന്ന നല്ല ഉദ്ദേശ്യമില്ലായ്മയുംകൊണ്ട് മാത്രമാണെന്ന് പറഞ്ഞാൽ അതിനെ നിഷേധിക്കുവാൻ കഴിയില്ല. കേരളത്തിൽ കഴിഞ്ഞ കുറേക്കാലമായി എല്ലാ മേഖലയിലും കൈവരിക്കുവാൻ കഴിഞ്ഞ നേട്ടങ്ങൾക്കൊപ്പം ജനങ്ങളെ ആ നേട്ടങ്ങളുടെ ഗുണഫലങ്ങൾ പറഞ്ഞ് മനസ്സിലാക്കി കാര്യങ്ങൾ ഭംഗിയാക്കിക്കൊണ്ടുപോകുവാൻ നമുക്ക് കഴിയുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ശ്രീ. കെ. കെ. നായർ ഇന്ന് കേരളത്തിൽ ഭരണ രംഗത്ത് കണ്ടുവരുന്ന ദുഷ്പ്രവണതകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് എത്ര നല്ല കാര്യങ്ങൾ തീരുമാനിച്ചാലും എത്ര നല്ല കാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി ചെയ്യണമെന്ന് ആഗ്രഹിച്ചാലും നടപ്പാക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥവൃന്ദം ഇന്ന് കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ അല്ലെങ്കിൽ കഴിഞ്ഞ കാലങ്ങളിലെ ചിന്തകളുടെ വെളിച്ചത്തിൽ 'ഈ കാര്യങ്ങൾ ഒന്നും ഞങ്ങളുടേതല്ല' എന്ന ഒരു മനോഭാവത്തോടെ പുറംതിരിഞ്ഞ് നിൽക്കുന്ന ഒരു ഏർപ്പാട് കേരളത്തിലുണ്ട്. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, ഗവൺമെന്റ് പാസ്സാക്കുന്ന അല്ലെങ്കിൽ ഉദ്ദേശിക്കുന്ന നയപരിപാടികൾ നടപ്പാക്കേണ്ട കാര്യത്തിൽ ഉദ്യോഗവൃന്ദത്തിന്റെ വീഴ്ചയെക്കുറിച്ച് വളരെ ഗൗരവമായി അങ്ങ് ചിന്തിക്കേണ്ടതുണ്ട് എന്നാണ്. ഉദ്യോഗസ്ഥന്മാരല്ല ഈ രാജ്യം ഭരിക്കുന്നത്. ഭരണാധികാരം എന്നുപറഞ്ഞാൽ ജനങ്ങൾ തെരഞ്ഞെടുത്ത-മന്ത്രിമാരും ഗവൺമെന്റുമാണ്. അവർ ആലോചിച്ച് എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുക എന്ന ഉത്തരവാദിത്വമാണ് നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുള്ളത്. അത് ഇവിടെ പരിപൂർണ്ണമായി നടപ്പാക്കുന്നുണ്ടോ? ശ്രീ. ഷിബു ബേബിജോൺ ഒരു ഫയലിന്റെ ദുരവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചു. ഒരു ഫയലിന്റെ മാത്രമല്ല അനേകായിരം പാവപ്പെട്ട ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മുഴുവൻ, അല്ലെങ്കിൽ ജീവിത പ്രശ്നങ്ങൾ മുഴുവൻ കെട്ടിക്കിടക്കുന്ന രേഖകൾ ചുവപ്പ് ചരടുകളിൽ പൊടിപിടിച്ച് സെക്രട്ടേറിയറ്റിന്റെ അകത്തളങ്ങളിൽ അന്ത്യവിശ്രമം കൊള്ളുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. അങ്ങനെ കൃത്യവിലോപം നടത്തുന്ന ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് അവർക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് തീരുമാന കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ തയ്യാറാകാത്തവരുടെപേരിൽ മാതൃകാപരമായി ശക്തമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ധാരാളം കാര്യങ്ങൾ ചെയ്ത കൂട്ടത്തിൽ നമ്മുടെ കേരളത്തിന്റെ ഇപ്പോഴുള്ള സ്ഥിതി, പരിസ്ഥിതി പ്രശ്നം എല്ലാം ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെൻറ് ആണെങ്കിൽ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാറുണ്ട്. കേരളത്തിൽ ആ ആനുകൂല്യങ്ങൾ പരിപൂർണ്ണമായി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ നമുക്ക് കഴിയണം. നമ്മുടെ രാജ്യത്തിലെ പല സംസ്ഥാനങ്ങളിലും പരിസ്ഥിതി വകുപ്പെന്ന ഒരു പ്രത്യേക വകുപ്പുണ്ട്. അതിന് ഒരു മന്ത്രിയുടെ ചുമതലയുണ്ട്. ഇവിടെ മന്ത്രിമാരുടെ എണ്ണം കൂട്ടണമെന്നല്ല ഞാൻ പറഞ്ഞത്. കേരളത്തിൽ ഇന്നത്തെ സാഹചര്യത്തിൽ ഇവിടെ പ്രഖ്യാപിക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണല്ലോ കേരളത്തെ മാലിന്യവിമുക്തമായ സംസ്ഥാനമാക്കുക എന്നത്, മാലിന്യത്തിൽനിന്നും മോചനം കിട്ടുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നത്. അതുപോലെ പരിസ്ഥിതിയെ സംരക്ഷിക്കുക, ജൈവവൈവിധ്യത്തെ സംരക്ഷിക്കുക എന്നൊക്കെ നാം എന്നും പറയാറുള്ളതാണ്. ഈ കാര്യങ്ങളൊക്കെ യാഥാർത്ഥ്യ മാക്കണമെങ്കിൽ പരിസ്ഥിതി വകുപ്പ് രൂപീകരിക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം. ആ വകുപ്പ് രൂപീകരിച്ചുകൊണ്ട് മറ്റുള്ള സംസ്ഥാനങ്ങളിലെപ്പോലെ ഇവിടെ ഏതെങ്കിലും ഒരു മന്ത്രിക്ക് അതിന്റെ ചുമതല കൊടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ കേരളത്തിനും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സർ മറ്റു മേഖലകളിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ ഉണ്ട്. ഞാൻ ഓരോ മേഖലയും എടുത്തു പറയുന്നില്ല. സമസ്തമേഖലകളിലും ഇന്ന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതിൽ അഭിമാനം തോന്നുമ്പോഴും, ഈ ഗവൺമെന്റിന് സമാധാനമായിരുന്ന് ഒരു ദിവസംപോലും ഭരിക്കാനുള്ള സാഹചര്യം നിർഭാഗ്യവശാൽ കേരളത്തിൽ ഇല്ല എന്നുള്ളത് നമ്മെയെല്ലാം വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. അത് എന്തെല്ലാമാണെന്ന് ഞാൻ പറയുന്നില്ല. അത്തരം പ്രതിസന്ധികൾക്ക് നടുവിൽ നിന്നുകൊണ്ട് ഇത്ര ധീരമായി കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകാൻ, അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രി എന്ന നിലയിൽ ഒന്നു-രണ്ടു കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്ലസ് ടു സ്കൂളുകളിൽ അദ്ധ്യാപകരെ നേരത്തെ നിയമിച്ചു. നിയമിക്കപ്പെട്ടവർക്ക് ശമ്പളം പോലും കൊടുത്തിരുന്നില്ല. എവിടെയാണ് ഇതിന് വരുമാനമെന്നു കണ്ടിരുന്നില്ല. ആ മുഴുവൻ അദ്ധ്യാപകർക്കും ശമ്പളം കൊടുക്കാൻ തീരുമാനമെടുത്ത ഒരു ഗവൺമെന്റാണിത്. അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് നല്ല കാര്യമാണ്. അവരോടൊപ്പം കേരളത്തിലെ പ്ലസ് ടു സ്കൂളുകളിൽ നിയമിച്ച ലാബ് അസിസ്റ്റന്റുമാർ എന്ന വിഭാഗത്തിലെ പാവപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുണ്ട്. അധികമൊന്നുമില്ല, അവർ വളരെ തുച്ഛമായ എണ്ണം മാത്രമേയുള്ളൂ. അവരുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ഒരു തീരുമാനം വേണ്ടേ? കഴിഞ്ഞ നാലു വർഷമായി കുടുംബത്തിന്റെ ആശ്രയമായി എല്ലാ പ്രതീക്ഷകളും ഗവൺമെന്റിൽ അർപ്പിച്ച് അവർ സ്കൂളിൽ ജോലി ചെയ്യുകയാണ്. അവർക്ക് ശമ്പളം കൊടുക്കാൻ നമുക്ക് കഴിഞ്ഞോ? അത് നമുക്കൊരു പോരായ്മയല്ലേ? ഈ നാട്ടിൽ ധാരാളം കാര്യങ്ങൾ ചെയ്ത ഗവൺമെന്റ്, അദ്ധ്യാപകർക്ക് ശമ്പളം കൊടുത്ത ഗവൺമെന്റ്, കരാറുകാർക്ക് കുടിശ്ശിക തുക മുഴുവൻ കൊടുത്ത ഗവൺമെന്റ്, ഈ സംസ്ഥാനത്തെ റോഡുകൾ മുഴുവൻ നന്നാക്കിയ ഗവൺമെന്റ്, ഇങ്ങനെ ധാരാളം കാര്യങ്ങൾ ചെയ്ത ഗവൺമെന്റ് പ്ലസ് ടു സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരെ ഇനിയും വേദനിപ്പിക്കാൻ പാടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഈ കാര്യം പരിഹരിക്കുമെന്നെങ്കിലും ഒരു ആശ്വാസവാക്ക് പറഞ്ഞ് പ്ലസ് ടു സ്കൂളുകളിലെ പാവപ്പെട്ട ലാബ് അസിസ്റ്റന്റുമാരെ ആശ്വസിപ്പിക്കാൻ തയ്യാറാകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. മറ്റൊരു കാര്യം പറയാനുള്ളത്, ഇന്ന് കേരളമാകെ വരൾച്ചയുടെ പിടിയിലാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. അത് എല്ലാവർക്കും അനുഭവപ്പെടുന്നുണ്ട്. കനാലുകളിൽ വെള്ളമില്ല, മൈനർ ഇറിഗേഷൻ, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയ സ്കീമുകളുണ്ട്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ മോട്ടോറുകൾ, പമ്പുസെറ്റുകൾ എന്നിവ കേരള സംസ്ഥാനം രൂപീകരിക്കുന്ന കാലത്ത് ഉണ്ടാക്കിവച്ച മോട്ടോറുകളും പമ്പുസെറ്റുകളുമാണ്. അവയെല്ലാം നശിച്ച് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഒരു പമ്പുസെറ്റും പ്രവർത്തിക്കുന്നില്ല. ജലസേചനം നടത്താതെ നിലങ്ങളെല്ലാം കരിഞ്ഞ് കൃഷി മുഴുവൻ നശിക്കുന്നു. ഇതിനൊരു പരിഹാരമുണ്ടാക്കാൻ എവിടെ നിന്നെങ്കിലും അധികം പണം കണ്ടെത്തി മൈനർ ഇറിഗേഷൻ പദ്ധതിയിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലുമുള്ള മോട്ടോറുകളും പമ്പുസെറ്റുകളും നന്നാക്കി, വരൾച്ച നേരിടുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. എന്താണ് അതിന്റെ പോരായ്മ എന്നു കണ്ടെത്തണം. കൂട്ടായ പരിശ്രമം ഇല്ലെന്നുള്ളതാണ് ഇന്ന് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പരാജയം. ആ പരാജയത്തിന്റെ കാരണം എന്തെന്ന് കണ്ടുകൊണ്ട്, ചെയ്യുന്ന കാര്യങ്ങൾ ആത്മാർത്ഥമായി ജനങ്ങളിൽ എത്തിക്കാൻ കൂട്ടായ പ്രവർത്തനം നടത്തണം. അതിന് ഏതു വിധത്തിലാണ് നീങ്ങേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുത്ത് ആ വിധത്തിൽ നീങ്ങാൻ കഴിയട്ടേ എന്നാശംസിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എ.കെ. മണി - സപാനായകർ അവർകളേ, കേരള മേതകു ആളുനർ സമർപ്പിത്ത നൻറി കൂറും മസോതാവൈ നാൻ ആതരിക്കിറേൻ. ഇങ്കു ഐക്കിയ ജനനായക മുന്നണി അരസു ആളുകിൻറ കേരളം കടന്ത ഇരണ്ടരൈ വരുടങ്കളാക, വളർച്ചിയുടൈയ നായകൻ മുതൽവർ എ.കേ. ആൻറണി അവർകളുടൈയ വളർച്ചി തിട്ടത്തിൻ അടിപ്പടൈയിൽ അനേക മാറ്റങ്കളൈ സന്തിത്തു ഇരുക്കിറതൈ നാം കൺടിരുക്കിൻറോം. ഇങ്കു എതിർ അണിയിനരും, ആളുകിൻറ അണിയിനരും തങ്കളുടൈയ അപിപ്പിരായത്തൈ പകിർന്തു കൊൺടാർകൾ. ആളുനർ അവർകളുടൈയ നൻറിയുരൈ, പട്ജെട്ടിനുടൈയ മസോതാ സമർപ്പിത്തൽ പോൻറവൈകളെല്ലാം വരുംപൊഴുതു, ഇടതു സാരികളും, വലതു സാരികളും, ആളുകിൻറവർകളും, എതിർകട്ചിയിനരും തങ്കളുടൈയ അപിപ്പിരായത്തൈ കൂറുകിൻറാർകൾ. ആനാൽ ഉൺമൈ നിലമൈകളൈ പറ്റി ആരായ്ന്തു കൂറുവതിൽ ഇടതുസാരികൾ തങ്കളുടൈയ പങ്കൈ വകിക്ക വേൺടുമ് എൻപതു ഉൺമൈ.

സാർ ശ്രീമാൻ എ.കേ. ആൻറണി അവർകളുടൈയ അരസു അതികാരത്തിൽ വന്തപൊഴുതു നമക്കിരുന്ത നിതി നിലമൈ നൻറാക തെരിയുമ്. കടന്ത 5 ആൺടു കാലമാക കേരളത്തൈ ഇടതുസാരി ശ്രീ നായനാർ തലമൈയിലാന ആട്ചി കേരളത്തൈ കടത്തിൽ ആഴ്ത്തി വിട്ടു ചെൻറാർകൾ. കടനൈ മാത്തിരമ് തന്നുടൈയ പങ്കാക ഏറ്റുകൊൺടു ശ്രീ എ.കേ. ആൻറണി അരസു കടന്ത ഇരണ്ടരൈ വരുടങ്കളാക കേരളത്തിൽ ആട്ചി മാറ്റങ്കളൈ കൊൺടു വന്തിരുക്കിറാർകൾ എൻപതു ഉൺമൈ.

സാർ, ഇങ്കു പല തിട്ടങ്കളൈ കുറിപ്പിട്ടാർകൾ. ഇതു കടൈചി പസ്. കടൈചി പസ്സിൽ നാം മുടിന്ത അളവിറ്കു ഏറി തങ്കളുടൈയ ഇടങ്കളിൽ ചെൽല വേൺടുമ്. ഇല്ലൈയെൻറാൽ ഇന്ത ഇടത്തിൽ താൻ നിറ്ക മുടിയുമ് എൻപതൈ പല നൺപർകളുമ്, പല ഉറുപ്പിനർകളുമ് വലിയുറുത്തിനാർകൾ. ഇതു കടൈചി പസ് വേകമ് കുറൈവു എൻറു കൂറുകിൻറാർകൾ. സാർ, എന്നുടൈയ കരുത്തു എന്നവെൻറാൽ കടൈചി പസ് വേകമ് കുറൈവാകത്താൻ ഇരുക്കുമ്. കാരണമ് അനേക പസ്കളൈ വിട്ട ആട്കൾ ഇന്ത പസ്സിൽ ഏറണുമ്. 50 പേർ ഏറകൂടിയ പസ്സിൽ 100 പേർ കപ്പാചിട്ടി ആകുമ്പോതു പസ്സിൻ വേകമ് കുറൈയത്താൻ ചെയ്യുമ്. ആനാൽ അപകടമ് ഇല്ലാമൽ ശ്രീ കോടിയേരി അവർകളുമ്, ശ്രീ ഇരാതാകിരുഷ്ണൻ അവർകളുമ്, ശ്രീ എ.കേ. പാലൻ അവർകളുമ് ടിക്കട് എടുത്തിരുക്കക്കൂടിയ ഇടത്തിറ്കു നിച്ചയമാക ഇന്ത പസ് കൊൺടു ചേർത്തുവിടുമ്. സാർ, എനക്കു വേറേ ഒരു കരുത്തു എന്നവെൻറാൽ, ഇവർകൾ എല്ലാമ് ടിക്കട് എടുത്തു യാത്തിരൈ ചെയ്യ വേൺടുമ്. കള്ള ടിക്കട് എടുത്തു യാത്തിരൈ ചെയ്യക്കൂടാതു. കള്ള ടിക്കട് എടുത്താൽ അപകടമ് വഴിയിലേ ഇറക്കി വിടവേൺടിയതുതാൻ വരുമ്. അതനാൽ കടൈചി

LIBRARY ARCHIVES Kerala Legislative Assembly

பஸ் காலமில்லை. டிக்கட் எடுத்து யாத்திரை செய்து பாதுகாப்பான இடத்திற்கு செல்லவேண்டுமென்றால் ஸ்ரீமான் ஆன்றணி அவர்களுடைய பஸ் மெதுவாகத்தான் செல்லும், அது நிச்சயமாக உங்களுடைய இடங்களில் உயிரோடு கொண்டு சேர்க்கும் என்பதில் சந்தேகமில்லை.

ശ്രീ കേ. ബാബു. പെരുമാനപട്ട മെമ്പർ പസ് ടയറുക്കു കീഴേ കൂജി വെച്ചിട്ടു യാത്തിരൈ ചെയ്താ എങ്കനയിരിക്കും എന്തു അങ്കേക്കു അറിയാമോ?

ശ്രീ എ.കേ. മണി. നണ്പർ ബാബു അവർകൾ കുറിപ്പിട്ടതു ഉണ്മൈ. കടൈസി പസ് ടയറുക്കു കീഴേ ആണി വെച്ചിട്ടു അന്ത പസ്സിൽ യാത്തിരൈ ചെയ്യ മുടിയാതു. യാത്തിരൈ ചെയ്യ വേണ്ടും എന്റു സൊന്നാൽ പാതുകാപ്പു നിച്ചയമാക വേണ്ടും. അതർകു മെതുവാകത്താൻ ചെൽല വേണ്ടും. അതിവേകം അപകടം എന്പതൈ ഇടതുചാരികൾ മനചിലാക്കിക്കൊണ്ടു ഇന്ത അരചുക്കു ആതരവു കൊടുക്ക വേണ്ടും എന്റു നാൻ കേട്ടുക്കൊൾകിറേൻ.

ശ്രീ. ബി. വിജയകുമാർ : സർ, ബനാറസ് സാരി, കാഞ്ചീപുരം സാരി, സിൽക്ക് സാരി എന്നെല്ലാം കേട്ടിട്ടുണ്ട്. വലതുസാരി, ഇടതുസാരി എന്നുള്ളത് ആദ്യമായി കേൾക്കുകയാണ്, അതെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ എ.കേ. മണി. ചാർ വിജയകുമാർ സൊന്നതുപോല വെങ്കായ സാരി എന്റും ഒന്റു ഇരുക്കിറതു അതൈയും മറന്തു വിട്ടാർ. സാരികൾ എന്റു സൊന്നാൽ എപ്പോതും പെൺപിള്ളൈകളുടൈയ നിനൈവിൽ ഇരുക്കക്കൂടിയതു ഇന്ത വിജയകുമാർ എന്റ ഉണ്മൈ എനക്കു തെരിയുമാ? നമക്കു പൊരുളാതാര നിലൈമൈ അനുചരിക്ക മാത്തിരമ്താൻ എന്ത ഒരുക് തിട്ടങ്കളൈയും എന്ത ഒരു അരചാനാലും അറിവിത്തു ചെയൽപടുത്ത മുടിയും. ഇന്ത അരചൈ പൊറുത്തവരൈയിൽ നമക്കു ഇരുക്കക്കൂടിയ നിതി നിലൈമൈ മികവും മോചമ്, കടൻ തീരവില്ലൈ. അനേക നണ്പർകൾ അതു വേണും ഇതു വേണും എന്റു സൊല്ലലാമ്. ഒരു കുടുമ്പ വരവു ചെലവുക്തിട്ടമ് പോല അല്ല. അരചിൻ തിട്ടമ് ആകുമ്പോതു ഐന്തു വരുഷമ് നീണ്ടു ഇരുക്കക്കൂടിയ തിട്ടമ്. അനേക പിരച്ചിനൈകൾ വരത്താൻ ചെയ്യുമ്. അതൈ എല്ലാമ് ഒരു നാൾ കൊണ്ടു ചരിയാക്ക മുടിയാതു.

ശ്രീ നാരായണകുറുപ്പു മുൻ തുണൈ ചപാനായകർ അവർകൾ ശ്രീമാൻ ആന്റണിയൈയപ്പറ്റി ഊഴൽ സൊല്ല മുടിയുമാ? എന്റു കുറിപ്പിട്ടാർകൾ. ഉലകനാടുകളിലേ ആട്ചിചെയ്കിന്റ തലൈവർകളൈപ്പറ്റി, താട്ചരൈപ് പറ്റി..... ഇന്തിയാവിൽ ജവഹർലാൽ നേരു പിരതമരാക ഇരുന്ത കാലകട്ടമ് മുതൽ ഇന്റു ഇരുക്കക്കൂടിയ വാജ്പായ് കാലകട്ടമ് വരൈയിലുമ് പാർത്താൽ ഊഴൽ നടക്കിറതു . തമിഴ്നാട്ടിലേ മുതൽവർ ജെയലലിതാ 1600 കോടി രൂപായ് ഊഴൽ ചെയ്തു ജെയിലിൽ പോയ് കിടക്കവില്ലൈയാ? അതു പോൻറില്ലാമൽ ഇന്തിയ നാടു മുഴുവതുമ് പാരാട്ടക്കൂടിയ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ബഹുമാനപ്പെട്ട മെമ്പർ എന്നെപ്പറ്റി അദ്ദേഹത്തിന്റെ മാതൃഭാഷയിൽ എന്തോ സംസാരിച്ചു. അത് നല്ലതോ ചീത്തയോ എന്നറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അത് അദ്ദേഹത്തോട് മലയാളത്തിൽ പറയാൻ പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം അങ്ങയെ പുകഴ്ത്തി പറഞ്ഞതാണ്. അങ്ങ് മാതൃകാപരമായ ഒരു മന്ത്രിയും ഡെപ്യൂട്ടി സ്പീക്കറുമായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. തമിഴ് ഇവിടെ അംഗീകരിച്ചിട്ടുള്ള ഭാഷയാണ്.

ശ്രീ എ.കെ. മണി. *ഇന്ത്യ നാട്ടിൽ എല്ലാ മാനില മുതൽവർകളും ഊഴലിൽ മുങ്കിയിരുക്കിൻറാർകൾ. ലല്ലു പ്രസാത് യാതവ്, ജെയലലിതാ* ഇപ്പടി എത്തനൈയോ പേരൈ പറ്റി തെരിയും. *ഊഴൽ നിറൈന്തിരുക്കകൂടിയ ഇന്ത്യ നാട്ടിൽ.....*

ശ്രീ. വി. കെ. ചന്ദ്രൻ : ബഹുമാനപ്പെട്ട മെമ്പർ എം.എൽ.എ. ആണ്, എന്നാൽ മറ്റുകാര്യങ്ങളെല്ലാം തമിഴ്നാട്ടിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം തമിഴ്നാടുമായി ബന്ധമുള്ള ആളാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, അദ്ദേഹം കേരളത്തിലെ എം.എൽ.എ. ആണല്ലോ. ഇപ്പോൾ കേരള നിയമസഭയിൽ ഭരണഭാഷ മലയാളമാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേരള നിയമസഭയിലെ പ്രസംഗവും മലയാളത്തിലാകണ്ടേ?

ശ്രീ എ.കെ. മണി. *സാർ, കേരള സട്ടസപൈയിലേ ഹിന്ദി പേസലാം, തമിഴ്, തെലുങ്കു, മലൈയാളം, കന്നടം പോൻറ എന്ത മൊഴിയും* ഉപയോകിക്കലാം. *ഇന്ത്യ നാട്ടിൽ മറ്റ മുതൽവർകളൈ പാർക്കിലും നം* മുതൽവർ അവർകൾ ഊഴൽ അറ്റ ഒരു മുതൽവർ എൻറ പെരുമൈ നമക്കു *ഇരുക്കിറതു. കേരളത്തിൽ മൂൻറരൈ കോടി ജനങ്കളും മതിക്ക കൂടിയ* അളവിറ്കു നമക്കു പെരുമൈ *സേർക്കും* അളവിറ്കു നമതു മുതൽവർ *ഇന്തിയാവിൽ ഒരു മാതിരിയാന മുതൽവരാക ഇരുക്കിൻറാർകൾ* എൻപതൈ നാമും *ഇങ്കു ഇരുക്കകൂടിയ* ഇടതുസാരികളും പുരിയവേണ്ടും എൻപതേ എന്നുടൈയ കരുത്തു.

സാർ ഇൻറു കേരളത്തിൽ എല്ലാ തുറൈകളിലും വളർച്ചിയൈ നാം കണ്ടിരുക്കിറോം. കൽവിത്തുറൈയിൽ കുറൈകൾ *ഇരുക്കിൻറതു* ഇല്ലൈ എൻറു *സൊല്ലവില്ലൈ*. ആനാൽ മുൻ കാലകട്ടങ്കളിൽ കൽവിത്തുറൈയിൽ *ഇരുക്കക്കൂടിയ ഊഴൽകളൈ..... സാർ, സാക്കിലേ പണത്തൈ കട്ടിക്കൊൺടു* പോനാർകൾ. ടാക്സി ഓട്ടുനരുക്കുകൂട പണം കൊടുക്കമുടിയാത അരസു മുൻ കാലയളവിൽ *ഇരുന്തതു*. +2, പി.എട്. എൽ.പി. സ്കൂൽ, യു.പി. സ്കൂൽ, ഹൈ സ്കൂൽ കൊടുത്തതിൽ ഊഴൽ നിറൈന്തിരുന്തതു. ഇൻറു സ്കൂൽ കൊടുത്തതിൽ ലഞ്ചം വാങ്കിനാർകൾ എൻറു യാരുക്കാവതു *സൊല്ല* മുടിയുമാ? തേവൈയില്ലാത കാരിയങ്കൾ പത്തിരികൈയിൽ വരുകിറതു. അതു എല്ലാം *ഉൺമൈ* ആകുമാ? ഉരത്തിലിരുന്തു പാൽ തയാരിക്കിറാർകൾ എൻറു

ഒരു പത്രിരികയിൽ പടിത്തേൻ. അതു ഉൺമയാകുമാ? പത്രിരികയിൽ വരുകിറതെല്ലാം ഉൺമയാക ഇരുക്കുമാ? കടന്ത കാലങ്കളെ നാം കണക്കിൽ എടുത്തു പാർക്കുമ് പോതു മുൻ കാലകട്ടങ്കളിൽ ഇരുന്ത ഉഴൽ എ.കേ. ആൻറണി അവർകൾ കാലത്തിൽ ഇല്ലൈ.

അതുപോല എല്ലാക്തുറൈകളിലുമ് നമതു നാടു മുഴുവതുമ് കേരളമ് മൊത്തമാക ഉറ്പത്തിയിൽ നലിന്തിരുക്കിറോമ്. അതറ്കു കാരണമ് മുതൽവർ ആൻറണി അരചാ? മത്തിയ അരചിൻ ഏറ്റുമതി ഇറക്കുമതി കൊൾകൈ കാരണമാക നമതു നാട്ടിൽ ഉറ്പത്തി ചെയ്യക്കൂടിയ തേയിലൈ, കാപ്പി, ഏലമ്, നൽലമിളകു, ഇഞ്ചി ഉട്പട അനേക വിളൈപൊരുട്കൾ എല്ലാമ് വേളാൺമൈക്തുറൈയിൽ നഷ്ടമ് ചമ്പവിത്തിരുക്കിറതു. അതറ്കു കാരണമ് മുതൽവർ ആൻറണി അരകമ് ശ്രീമതി കൌരിയമ്മൈയുമ് അല്ല. നമതു നാട്ടിൽ ഉറ്പത്തി ഇരുക്കിറതാ? എൻറു നാമ് പാർക്കവേൺടുമ്. അതറ്കെല്ലാമ് നമക്കു എൺണമില്ലൈ. നമ് നാട്ടിൽ ഉറ്പത്തി കുറൈയവേൺടുമ് എൻറു വേളാൺമൈ തുറൈയിൽ ഈടുപട്ടിരുക്കക്കൂടിയവർകൾ വിവചായങ്കളൈ പാർക്ക തയാരില്ലൈ. വേറു ഒരു ഉലകത്തൈ പടൈക്ക വേൺടുമ് എൻറ എൺണമ് നമക്കു ഇരുക്കിൻറതു. നമതു നാട്ടിൽ ഉറ്പത്തി വളർവതറ്കു നാമ് എൻന ചെയ്യ വേൺടുമ്, എൻന തിട്ടങ്കൾ പോടവേൺടുമ്, എപ്പടി വളർച്ചിയൈ കൊൺടു വരവേൺടുമ് എൻറു ചിൻതിക്ക വേൺടുമ്. അതൽലാമൽ ശ്രീമാൻ ആൻറണിയുമ് ശ്രീമതി കെ.ആർ. കൌരിയമ്മൈയുമ്താൻ കാരണമ് എൻറ തേവൈയറ്റ കരുത്തുക്കളൈ ചൊൽലാമൽ ഇരുപ്പതു നൽലതു.

താഴ്ത്തപ്പട്ടക്തുറൈയിൽ ശ്രീപാലൻ ചില പിരച്ചിനൈകളൈ കൂറിനാർകൾ. താഴ്ത്തപ്പട്ട ആതിവാചികളുക്കു ഇതുവരൈ ഒരു കവൺമെൺറ് കൂട ചിൻതിക്കാത രീതിയിൽ ഒരു ചെൻറ് കൂട ഇല്ലാത ആയിരക്കണക്കാൻ കുടുമ്പങ്കളുക്കു ഇടമ് കൊടുക്കപ്പട്ടതു. ഒൻറരൈ ഏക്കർ, മൂൻറു ഏക്കർ, ഐന്തു ഏക്കർ ഇടങ്കളൈ ഇലവചമാക കൊടുത്തിരുക്കിറതു. 600 ആതിവാചികളുക്കു വനത്തുറൈയിൽ guard കളാക ഉത്തിയോകമ് കൊടുക്കപ്പട്ടിരുക്കിറതു. അതു special recruitment മൂലമ് കൊടുക്കപ്പട്ടതു. എഴുപതായിരമ് രൂപായ് ആതിവാചികളുക്കുമ്, താഴ്ത്തപ്പട്ട മക്കളുക്കുമ് വീടുവൈപ്പതറ്കാക വേൺടി തിട്ടങ്കൾ കൊൺടു വരപ്പട്ടിരുക്കിറതു. ഇത്തനൈയെല്ലാമ് ഇരുന്തുമ്കൂട അതൈ മറന്തു വിടുവതു തവറു എൻപതു എൻ കരുത്തു. ചെയ്തതൈ ചെയ്തതു എൻറുമ്, ചെയ്യാതതൈ ഇല്ലൈ എൻറുമ് കൂറുവതറ്കു തയാരാക ഇരുന്താൽ മാത്തിരമേ ആരോക്കിയമാന ഒരു അരചാക നമക്കു മാറ്റ മുടിയുമ്. ഇതു കടൈചി പസ് ടിക്കട് എടുത്തു പിരയാണമ് ചെയ്താൽ പാതുകാപ്പാക പോയ് ചേരമുടിയുമ്. കടൈചിയാക ആളുനർ അവർകൾ ചമർപ്പിത്ത നൻറിയുരൈ മചോതാവൈ ആതരിത്തു വിടൈപെറുകിറേൻ വണക്കമ്.

2/403/2012—30a.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. നന്ദിപ്രമേയത്തിന് അനുകൂലമായും പ്രതികൂലമായും
11.00 A. M.] രണ്ടുദിവസമായി ഇവിടെ നടന്ന ചർച്ച ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു. ഇവിടെയിപ്പോൾ പ്രസംഗിച്ച ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മാണി.....(ബഹളം)...

ശ്രീ. എ. കെ. മണി : സർ എന്റെ പേര് മാണി എന്നല്ല, മണി എന്നാണ്, എന്നെ അവഗണിക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു ദീർഘമല്ലേ തെറ്റിപ്പോയുള്ളൂ, പോകട്ടെ. അവഗണിച്ചതല്ല, മണി എന്നുള്ളത് മാണി എന്നായിപ്പോയതാണ്, അത് അവഗണനയല്ല....(ബഹളം).....

ശ്രീ. കെ. പി. മോഹനൻ : ശ്രീ. എ. കെ. മണി അടക്കമുള്ളവർ പ്രസംഗിച്ചത് ഞാൻ കേട്ടു. അതിൽ പുതുതായി ഒന്നും കാണാൻ കഴിഞ്ഞില്ല. എല്ലാം കഴിഞ്ഞ രണ്ടുവർഷമായി പ്രസംഗിച്ചതിന്റെ ആവർത്തനം. ഇവിടെ ജിമ്മിനെക്കുറിച്ചൊക്കെ പറഞ്ഞു. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന നയമാണ് ഇവർ സ്വീകരിക്കുന്നത്. ഇവിടെ എന്താണ് നടക്കുന്നത്? അതിന് എൽ.ഡി.എഫ്.നേയും അതുപോലെ സി.പി.എം.നേയും മറ്റു പാർട്ടികളേയും കുറ്റം പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? ജിമ്മിൽ തെറ്റുപറ്റിയത് പ്രായോഗികത പരിഗണിക്കാതെ, വരുംവരായ്കകളെപ്പറ്റി മുൻകൂട്ടി ആലോചിക്കാതെ പദ്ധതികൾ അംഗീകരിച്ച സർക്കാരിന്റെ കുഴപ്പംകൊണ്ടല്ലേ? അതിനെ ജനങ്ങൾ എതിർക്കുന്നതിന് എൽ.ഡി.എഫ്.നെ കുറ്റം പറഞ്ഞിട്ട് എന്താണ് കാര്യം? ജനങ്ങളിൽ ജിം ഉണ്ടാക്കിയ പ്രതികരണം ഒറ്റവാക്കിൽ പറയാനേയുള്ളൂ, വ്യർത്ഥതാബോധം, അതാണ് ജനങ്ങളിലുണ്ടാക്കിയത്. ജിം മാറ്റണം, ഇൻവെസ്റ്റു ചെയ്യാൻ ഇവിടെത്തന്നെ വളരെയധികം ആളുകളുണ്ട്. എന്തിനാണ് അവിടെനിന്നും ആളുകളെ വിളിച്ചുവരുത്തി ജിം നടത്തുന്നത്? ഇവിടെ അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇവിടെ പുറത്തുനിന്നും വരുന്നവർക്ക് വലിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ഇവിടെനിന്നും ഇൻവെസ്റ്റു ചെയ്യുന്നവർക്ക് ഒരു സൗകര്യവും ചെയ്തു കൊടുക്കാതിരിക്കുകയും ചെയ്യുന്ന രീതിയാണുള്ളത്. അതുകൊണ്ട് ആ രീതിയിൽ സൗകര്യം ചെയ്തുകൊടുത്താൽ ഇവിടെയുള്ള വളരെയധികം ആളുകൾ ഇൻവെസ്റ്റുചെയ്യാൻ തയ്യാറാകും, അതിനുവേണ്ടി പരിശ്രമിക്കണം. അതുകൊണ്ട് എൽ.ഐ.എം. (ലോക്കൽ ഇൻവെസ്റ്റുമെന്റ് മീറ്റ്) നടത്തണം. ഇവിടെയുള്ള ആളുകളെയൊക്കെ വിളിച്ചുവരുത്തിയാൽ,. ശ്രീ. വി. കെ. സി. മമ്മത്കോയയെപ്പോലുള്ള ആളുകളൊക്കെയുണ്ട്, അവരൊക്കെ ഇവിടെ ഇൻവെസ്റ്റുചെയ്യാൻ തയ്യാറാകും. ഇവിടെ സ്കൂളുകൾ അനുവദിച്ചതിനെക്കുറിച്ചൊക്കെ ശ്രീ. കെ. കെ. നായർ സാറും പറഞ്ഞതു കേട്ടു. ഇത്തരം സ്കൂളുകൾ അനുവദിച്ചു എന്നു പറഞ്ഞുകേട്ടപ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അത്ഭുതം തോന്നി. സ്കൂൾ എന്നു പറയുമ്പോൾ, ഒരു സ്കൂളിനാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസും മറ്റുമൊക്കെ വേണമെന്നാണ്. അങ്ങനെയാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്റെ മണ്ഡലത്തിലെ പെരിങ്ങാടിയിൽ ഒരു സ്കൂളിന്റെ ഉത്ഘാടനത്തിന് എന്നെ വിളിച്ചു. ഞാൻ ചെല്ലുമ്പോൾ കുറെ ആളുകൾ അവിടെ കൂടിനിൽക്കുന്നുണ്ട്. എവിടെയാണ് ഉത്ഘാടനം നടക്കുന്നത് അവിടേക്കു പോകാമെന്നു ഞാൻ പറഞ്ഞു. ശരി പോകാമെന്നു പറഞ്ഞുകൊണ്ട് അവർ എന്നെക്കൊണ്ടുപോയത് ഒരു ചെറിയ മുറിയിലേക്കാണ്. പത്തടി നീളവും പത്തടി വീതിയുമുള്ള ഒരു ചെറിയ മുറി. ഇതാണ് സ്കൂൾ എന്നു അവർ പറഞ്ഞു. Muslim Educational Trust ആണ് ആ സ്കൂൾ നടത്തുന്നത്. പത്തടി വീതിയും പത്തടി നീളവുമുള്ള ആ സ്കൂളിന് ആണ് അനുവാദം കൊടുത്തത് അപ്പോഴാണ് ഞാൻ ആലോചിച്ചത് 'സ്കൂൾ' എന്നു പറയുന്നതിന് മറ്റൊരു അർത്ഥം കൂടിയുണ്ടെന്ന്. 'Shoal of fish' 'മൽസ്യങ്ങളുടെ കൂട്ടം' എന്നൊരു അർത്ഥം കൂടിയുണ്ട് ആ വാക്കിൽ. അതു മനസ്സിലാക്കിയപ്പോഴാണ് എനിക്ക് മനസ്സിലായത് മൽസ്യക്കച്ചവടത്തിനു കൊടുത്തതായിരിക്കും എന്ന്. ഉടൻ ഞാൻ അവിടെ നിന്നും ഉദ്ഘാടനവും കഴിഞ്ഞ് പോകുകയാണ് ചെയ്തത്. ആ രീതിയിലാണ് സ്കൂളുകൾക്ക് അനുമതി കൊടുത്തിട്ടുള്ളത്. ഇവിടെ വാഗ്ദാനങ്ങളൊന്നും പാലിച്ചിട്ടില്ലെന്നു പറഞ്ഞു. രണ്ടര വർഷമായി പറയുന്നു വില്ലേജുകൾ വിഭജിച്ചുകൊണ്ട് പുതിയ വില്ലേജുകൾ, ബ്ളോക്ക് ഡവലപ്പ്മെന്റ് ഓഫീസുകൾ, ഫയർ സ്റ്റേഷനുകൾ ഇവയൊക്കെ അനുവദിക്കുമെന്ന്. പക്ഷേ ഇതുവരെ ഇതൊന്നും അനുവദിച്ചു കിട്ടിയിട്ടില്ല. അതു അനുവദിച്ചു കിട്ടണം. വളരെ മോശപ്പെട്ട, സാധാരണക്കാർക്ക് ഒരു ഗുണവും ചെയ്യാത്ത രീതിയിലുള്ള ഒരു നയമാണ് ഇവിടത്തെ ഭരണകൂടം സ്വീകരിച്ചിരിക്കുന്നത്. അതു മാറ്റിയെടുക്കണം. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷക്കാലമായി ഈ സർക്കാർ കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും കോഴസർക്കാർ എന്ന പേരിലാണ് അറിയപ്പെടുന്നത്. കേരളത്തിലെ ജനങ്ങളേയും വിദ്യാർത്ഥികളേയും കഴിഞ്ഞ രണ്ടരവർഷക്കാലമായി തെരുവിലേക്ക് തള്ളിവിടുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. അതുപോലെ പരമ്പരാഗതമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന കയർമേഖലയിൽ ഏതാണ്ട് 80 ശതമാനത്തിലധികം സ്ത്രീകളാണ്. ആ മേഖല ഇന്നു തകർന്നു തരിപ്പണമായിരിക്കുകയാണ്. കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ചകിരി കൊണ്ടുവന്ന് ഇവിടെ കയർ പിരിക്കുന്ന ഒരു സംവിധാനത്തിലേക്ക് കേരളത്തിലെ കൃഷിമന്ത്രിയും മറ്റു മന്ത്രിമാരും മാറിയിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നു കണ്ടുവരുന്നത്. തോട്ടംമേഖലയാകെ പട്ടിണിയിലാണ്. ഇതിനകം വേളാങ്കണ്ണി എന്ന ഒരു പെൺകുട്ടിയടക്കം 17 പേർ പട്ടിണി കാരണം ആത്മഹത്യ ചെയ്യുകയുണ്ടായി. എന്തൊരു നാണക്കേടാണ് കേരളത്തിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്നത്! കേരളത്തിലെ തൊഴിൽവകുപ്പുമന്ത്രി തോട്ടം മേഖലയിൽ പോകാത്തതിനു കാരണമെന്താണ്? ഇങ്ങനെയൊരു മന്ത്രിയെ നമുക്കാവശ്യമുണ്ടോ? 11 മാസക്കാലമായി കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മാ വേതനം പോലും നൽകുന്നില്ല. കേരളത്തിലെ സാധാരണ ജനങ്ങൾക്ക് താങ്ങാനാവാത്ത വിധത്തിൽ നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. അതു തടയുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഒരു ഗവൺമെന്റല്ല രണ്ടര വർഷക്കാലംകൊണ്ട് നമ്മെ ഭരിക്കുന്നത്. എന്റെ പ്രിയപ്പെട്ട നാട്ടുകാരനാണ് കോയമ്പത്തൂർ ജയിലിൽ കഴിയുന്ന ശ്രീ. മ് അദനി സാഹിബ്. ആറു വർഷക്കാലമായി കാരാഗൃഹത്തിൽ കഴിയുകയാണ്. യു.ഡി.എഫ്. ന്റെ പല നേതാക്കളും, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ഉമ്മൻ ചാണ്ടിയുമടക്കം, ഇലക്ഷൻ സമയത്ത് ജയിലിൽപോയി അദ്ദേഹത്തെ കണ്ട് ആശിർവാദം വാങ്ങി അദ്ദേഹത്തിന്റെ പിൻബലത്തോടുകൂടി അധികാരത്തിൽ വന്നതാണ്. 101 സീറ്റുകളുടെ അഹങ്കാരത്തോടുകൂടി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഒരൊറ്റ അംഗംപോലും ശ്രീ. മ് അദനിയെ ഇറക്കുന്നതിനുവേണ്ടി ആവശ്യപ്പെടുകയോ കുറ്റവിചാരണ ചെയ്യണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. നന്ദിയില്ലാത്ത ഒരു ഗവൺമെന്റായി യു.ഡി.എഫ്. ഗവൺമെന്റ് മാറിയിരിക്കുകയാണ്. ഈ സഭ ഒന്നടങ്കം പ്രമേയം പാസ്സാക്കിക്കൊണ്ട് ശ്രീ. മ് അദനി സാഹിബിനെ ജയിലിൽ നിന്നും ഇറക്കുന്നതിനും കുറ്റവിചാരണ ചെയ്യുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിനു ശാശ്വതമായ പരിഹാരം കാണുവാൻ ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിച്ച് അതു അംഗീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഒരു നല്ല മനുഷ്യനായ ഗവർണ്ണറെക്കൊണ്ട് നന്ദിപ്രമേയത്തിന്റെ പേരിൽ എന്തെല്ലാം കള്ളത്തരങ്ങളാണ് ഇവർ പറയിപ്പിച്ചത്! സർക്കാരിന്റെയും ജനങ്ങളുടെയും സാമ്പത്തികസ്ഥിതി ഇതുപോലെ തകർന്ന ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവിടെ ജനിച്ചുവീഴുന്ന ഒരു ശിശുവിന്റെ മേലുള്ള ശരാശരി കടം ഏഴായിരം രൂപയായിരുന്നത് ഇപ്പോൾ പതിനായിരം രൂപയായി ഉയർന്നിട്ടുണ്ട്. കടം കയറിക്കഴിഞ്ഞിട്ടും മന്ത്രിമാരുടെയും ഉദ്യോഗസ്ഥ പ്രഭുക്കന്മാരുടെയും ധൂർത്തിനും ദുർവ്യയത്തിനും ഒരു കുറവും വന്നിട്ടില്ല; അതിൽ സർവ്വകാല റിക്കോർഡാണ്. യാത്രയിലും സൽക്കാരത്തിലും പൊതുവെ പിശുക്കനായ നമ്മുടെ മുഖ്യമന്ത്രിപോലും ഗ്രൂപ്പിന്റെ പേരിൽ ലക്ഷങ്ങളാണ് ചെലവഴിച്ചത്. ഹൈക്കമാന്റ് എന്ന നോ കമാന്റിനെ കാണാൻ എത്ര തവണ ഡൽഹിയിൽപോയി! ഇനിയൊരു കീടനാശിനി വകുപ്പുണ്ടാക്കാൻ ഇന്നോ നാളെയോ പോകുമെന്നാണ് പറഞ്ഞുകേൾക്കുന്നത്. കേരളത്തിന്റെ ക്രമസമാധാനവും മുഖ്യമന്ത്രിയുടെ മനസ്സും

LIBRARY ARCHIVES Kerala Legislative Assembly

ഒരുപോലെ തകർന്നിരിക്കുകയാണ്. ഇവിടത്തെ ജനങ്ങളെ slaughter tapping-ന് അതായത് കടുംവെട്ടിന്, വിവിധതരം മാഫിയാകൾക്ക് തീറെഴുതിക്കൊടുത്തിരിക്കുകയാണ്. ഈ മാഫിയാകൾ കയ്യും കാലും മാത്രമല്ല സ്ത്രീകളുടെ തലയുംകൂടി വെട്ടുകയാണ്. പ്ലസ് ടു-വിന്റെ കാര്യത്തിൽ കേരളം റിവേഴ്സ് ഗിയറിൽ ഓടിക്കൊണ്ടിരിക്കുമ്പോൾ, വികസനത്തിന്റെ വാചകമടിയിൽ യു.ഡി.എഫ്. ഗവൺമെന്റ് വളരെ മുമ്പിലാണ്. അതു ടോപ്പ് ഗിയറിലാണ്. മുദ്രാവാക്യം മാറിയെന്നാണ് മുഖ്യമന്ത്രി ഇപ്പോൾ അവകാശപ്പെടുന്നത്. അദ്ദേഹത്തിന് ഇപ്പോൾ ഒരേയൊരു മുദ്രാവാക്യം മാത്രമേയുള്ളൂ. സ്വന്തം കസേര സിന്ദാബാദ്. എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാണ്; സ്വന്തം കസേര സേഫായാൽ മതി. ജിമ്മിന്റെ പേരിൽ എന്തൊക്കെ കോലാഹലങ്ങളായിരുന്നു ഇവിടെ നടന്നത്! റോഡ് ഷോ, ലൈവ് ഷോ, തവളച്ചാട്ടം അങ്ങനെ എന്തെല്ലാം! ഒരു രൂപയുടെ ഫോറിൻ ഇൻവെസ്റ്റുമെന്റെങ്കിലും ഇവിടെ വന്നോ? വിവിധ വകുപ്പുകൾ ജിമ്മിനുവേണ്ടി 18 കോടിയോളം രൂപയാണ് വെള്ളത്തിലാക്കിയത്. വ്യവസായവകുപ്പുമന്ത്രി മൈക്രോസോഫ്റ്റിനെ കണ്ടിട്ടും മുഖ്യമന്ത്രി ഇൻഫോസിസിനെ കണ്ടിട്ടും കാലണ നിക്ഷേപംപോലും ഇവിടെ വന്നില്ല. ടെക്നോപാർക്കിന്റെ പകുതിഭാഗം ഇപ്പോഴും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ എഞ്ചിനീയർമാർക്ക് കൊടുക്കുന്ന ശമ്പളം 1500 രൂപയാണെന്നാണ് കേൾക്കുന്നത്. അവർക്ക് പാന്റും ഷർട്ടും ടൈയും വാങ്ങാൻപോലും ഇതു തികയില്ല. അവരെക്കൊണ്ട് അടിമപ്പണിയാണ് ചെയ്യിക്കുന്നത്. സൈബർ കൂലികളെ സൃഷ്ടിക്കാനുള്ള ഒരു ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് നമ്മുടെ ശുദ്ധാത്മാവായ ധനകാര്യമന്ത്രിയുടെ കസേര തെറിച്ചുപോകരുതേയെന്ന് പരമകാരുണ്യവാനായ അള്ളാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു

ശ്രീ. എം. മുരളി: ഞാൻ ഈ നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്താങ്ങുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ നീർച്ചുഴിയിൽപ്പെട്ട് നമ്മുടെ സംസ്ഥാനം നട്ടം തിരിയുമ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് രണ്ടരവർഷക്കാലംകൊണ്ട് പടിപടിയായി നമ്മുടെ സാമ്പത്തികനില മെച്ചപ്പെടുത്തി, കേരളത്തിന്റെ ഓരോ ബാധ്യതയും ഒന്നൊന്നായി കൊടുത്തുതീർത്തു എന്നു മാത്രമല്ല ദേശീയവളർച്ചാനിരക്കിനും മുകളിൽ 6.1 ശതമാനത്തിന്റെ വളർച്ചാനിരക്ക് നമ്മുടെ സംസ്ഥാനത്തിനു കൈവരിക്കാനും കഴിഞ്ഞു എന്നുള്ളത് ഓരോ കേരളീയനും അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ്. ശ്രീ. എ. കെ. ആന്റണി വെട്ടിത്തുറന്ന പാത കഴിഞ്ഞ കാലഘട്ടങ്ങളിൽ യു.ഡി.എഫ്. ഭരണകൂടങ്ങളോ എൽ.ഡി.എഫ്. ഭരണകൂടങ്ങളോ പിന്തുടർന്ന പാതയിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു വികസനപാതയാണ്. ആ വികസനപാതയിൽക്കൂടി മുന്നോട്ടു പോകാൻ തുടങ്ങിയാൽ എല്ലാ കോണുകളിൽ നിന്നും കല്ലെറിയുന്ന ഒരു പ്രവണതയാണ് കഴിഞ്ഞ രണ്ടരവർഷക്കാലത്തെ ഭരണത്തിനിടയിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്നതിനേക്കാൾ രൂക്ഷമായ സമരപരമ്പരകളാണ് ഈ രണ്ടരവർഷത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് അരങ്ങേറിയത്. പക്ഷേ ആ സമരങ്ങളുടെ നടുവിലും കേരളത്തിന്റെ ക്രമസമാധാനം കാത്തുസൂക്ഷിക്കാനും ജനജീവിതം ഉറപ്പുവരുത്താനും ഈ ഗവൺമെന്റിനു കഴിഞ്ഞുവെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾ അവകാശപ്പെടുകയാണ്. കണ്ണൂർ ഉൾപ്പെടെയുള്ള കലാപബാധിത പ്രദേശങ്ങളിൽ ഇപ്പോൾ സംഘർഷങ്ങളോ കൊലപാതകങ്ങളോ ഇല്ല. അവിടെ രാഷ്ട്രീയ സമാധാനം നിലനിൽക്കുന്നു. നമ്മുടെ സംസ്ഥാനത്ത് മാഫിയാ സംഘങ്ങൾ തലയെടുക്കുന്ന സാഹചര്യങ്ങളിൽ പലപ്പോഴായി സമാധാനകാംക്ഷികളായ ജനങ്ങൾ ആവശ്യപ്പെട്ട ഗുണ്ടാ നിയന്ത്രണ നിയമം കൊണ്ടുവന്ന് കേരളത്തിൽ എവിടെയെങ്കിലും ക്രമസമാധാനത്തിനുനേരെ വെല്ലുവിളി ഉയർന്നുവന്നാൽ അതു നിയന്ത്രിക്കാനുള്ള നിയമപരമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ടര വർഷക്കാലം പ്രതിപക്ഷം സ്വീകരിച്ച ഇരട്ടത്താപ്പ് നയങ്ങൾ, രാഷ്ട്രീയ കുതന്ത്രങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. സ്വാശ്രയ കോളേജുകളെ ഒരു കാലഘട്ടത്തിൽ എതിർത്തിരുന്ന എൽ.ഡി.എഫ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്തുതന്നെ സ്വാശ്രയ കോളേജുകളെ, വിദ്യാഭ്യാസ സ്ഥാപനങ്ങളെ, തത്വത്തിൽ അംഗീകരിച്ചു. ഈ ഗവൺമെന്റ് ആ നിലപാടുകൾക്ക് ആക്കം കൂട്ടുന്ന നടപടികളാണ് സ്വീകരിച്ചത്. വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടു പോകുമ്പോൾ അതിനെ പ്രത്യക്ഷമായി എതിർക്കാതെ അതിനെ പരോക്ഷമായി എതിർത്തുകൊണ്ട് ഫീസിന്റെ പേരുപറഞ്ഞുകൊണ്ടുള്ള സമര പരമ്പരയാണ് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചത് വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ വേലിയേറ്റങ്ങൾ കേരളത്തിലുണ്ടായപ്പോൾ പോലീസ് നടപടികൾ പല സന്ദർഭത്തിലും ക്ഷണിച്ചു വരുത്തേണ്ട ഒരു സാഹചര്യമുണ്ടായി. സ്വാശ്രയ കോളേജുകളെ എതിർക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റിന്റെ പ്രയാണത്തെ തടസ്സപ്പെടുത്താനാണ് ഫീസിന്റെ പേരുപറഞ്ഞുകൊണ്ട് സമര പരമ്പരകൾ ഇളക്കിവിടാൻ പ്രതിപക്ഷം ശ്രമിച്ചത്. 'ആദിവാസി സമരം' എത്രയോ ദിവസക്കാലം കേരളത്തിൽ പ്രതിപക്ഷത്തിന്റെ നേതൃത്വത്തിൽ സമരങ്ങൾ ഇളക്കിവിട്ട സംഭവമായിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റ് നടയിൽ ശ്രീമതി സി. കെ. ജാനുവും ആദിവാസി ഗോത്രസഭയും കുടിൽ കെട്ടി സമരം ചെയ്തപ്പോൾ ആ കുടിലുകൾ കത്തിച്ചു കളയുന്നില്ല, സി. കെ. ജാനുവിനെ സെക്രട്ടേറിയറ്റ് നടയിൽ നിന്നും പുറത്താക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് മുറവിളി കൂട്ടിയ ആളുകൾ, മുത്തങ്ങയിലെ നാഷണൽ പാർക്കിൽ കയ്യേറ്റം നടത്തിയവരെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൂൽപ്പുഴ പഞ്ചായത്തിൽ ബന്ദ് നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

ആൾക്കാർ, അവസാനഘട്ടംവരെ ചർച്ചകൾ നടത്തി അത്. പരാജയപ്പെട്ടപ്പോൾ നൂൽപ്പുഴ പഞ്ചായത്ത് കമ്മിറ്റിയുടെ ആവശ്യപ്രകാരം, പ്രതിപക്ഷം നടത്തിയ ബന്ദിന്റെ ആഹ്വാന പ്രകാരം അവിടെ പോലീസ് നടപടി സ്വീകരിച്ചപ്പോൾ ആ പോലീസ് നടപടിയുടെ പേരിൽ കേരളമെമ്പാടും സമര പരമ്പരകൾ സൃഷ്ടിക്കുകയാണ് പ്രതിപക്ഷം ചെയ്തത്. അപ്പോൾ ഒരു ഭാഗത്ത് ഇറക്കി വിടാൻ പറയുക, കുടിൽ പൊളിച്ചു മാറ്റാൻ പറയുക. നടപടി സ്വീകരിച്ചു കഴിഞ്ഞപ്പോൾ അതിന്റെ പേരു പറഞ്ഞുകൊണ്ട് ആദിവാസി പ്രേമം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമര പരമ്പരകൾ ആരംഭിക്കുക എന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഈ ഗവൺമെന്റിന് മാറാട് നിന്ന് ആരംഭിച്ച മതേതരത്വത്തിനു നേരെയുള്ള വെല്ലുവിളിക്ക് പരിഹാരം കാണാൻ കഴിഞ്ഞു. സമവായത്തിലൂടെ, സമാധാനപരമായ നടപടികളിലൂടെ ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. മാറാട് രണ്ടാമത്തെ കൊലപാതക പരമ്പരയുണ്ടായപ്പോൾ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനേയും മുസ്ലീം സമുദായത്തേയും ഒറ്റപ്പെടുത്തി ആ സമുദായത്തിന്റെ മേൽ സംശയത്തിന്റെ നൂലിഴപാകാനാണ് മാർക്സിസ്റ്റ് പാർട്ടിയുൾപ്പെടെയുള്ള പ്രതിപക്ഷം ശ്രമിച്ചത്. ആദ്യത്തെ ദിവസങ്ങളിൽ മുസ്ലീം സമുദായത്തിനെതിരായിട്ടാണ് മാറാട് സംഭവത്തിന്റെ പേരിൽ അക്രമം അഴിച്ചുവിടാൻ ശ്രമിച്ചത്. പക്ഷെ ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ മുസ്ലീം സമുദായത്തിന്റെ, ന്യൂനപക്ഷ സമുദായത്തിന്റെ സംരക്ഷകരായിട്ട് കേരളത്തിലെ പ്രതിപക്ഷം രംഗത്തു വന്നതാണ് നമുക്ക് കാണാൻ കഴിഞ്ഞത്. പക്ഷെ മാറാടിന്റെ പേരിൽ സമര പരമ്പരകൾ ഉണ്ടായപ്പോഴും ഇരട്ടത്താപ്പ് നയം സ്വീകരിച്ചുകൊണ്ട് സാമുദായിക സംഘർഷത്തിനുള്ള അന്തരീക്ഷ മുണ്ടാക്കിയപ്പോഴും സമചിത്തത കൈവിടാതെ മതേതരത്വത്തിനു നേരെ വെല്ലുവിളി ഉയർത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രീ. എ. കെ ആന്റണിയുടെ ഗവൺമെന്റിന് കഴിഞ്ഞുവെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

ശ്രീ. കെ. വി കുഞ്ഞിരാമൻ : അഞ്ചാറ് മാസക്കാലം മുസ്ലീം സമുദായത്തിലെ സ്ത്രീകളും കൊച്ചുകുട്ടികളും തെരുവ് തിണ്ണകളിൽ കിടന്നുറങ്ങിയ കാലത്ത് അവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കുന്നതിനു പകരം ബി.ജെ.പി-ക്കും ഭൂരിപക്ഷ വർഗ്ഗീയതയ്ക്കും പൂർണ്ണമായി കീഴടങ്ങിക്കൊണ്ടുള്ള ഒരു ഒത്തുതീർപ്പല്ലേ ഉണ്ടാക്കിയത്? അത് സർക്കാരിന് ഭൂഷണമാണെന്നാണോ പറയുന്നത്?

ശ്രീ. എം. മുരളി : മാറാടിന്റെ അന്ധസ്ഥതയുടെ അലയടികൾ കേരളം മുഴുവൻ വ്യാപിപ്പിക്കുവാനുള്ള ഗൂഢശ്രമമാണ് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായത്. ആ ശ്രമങ്ങൾ പരാജയപ്പെടുകയായിരുന്നു. എല്ലാ വിഭാഗത്തിന്റേയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് എല്ലാപേരുമായി ചർച്ച ചെയ്തുകൊണ്ടാണ് ആളിക്കത്താവുന്ന തീ അണയ്ക്കുവാൻ ഈ ഗവൺമെന്റ് ശ്രമിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്ത്, ബി.എഡ്. കോളേജുകളുടെ പ്രശ്നത്തെക്കുറിച്ച് ആക്ഷേപങ്ങളും വ്യത്യസ്തമായ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങളും ഉയർന്നു വന്നു. പക്ഷെ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ 45 എഞ്ചിനീയറിംഗ് കോളേജുകൾ, 6 മെഡിക്കൽ കോളേജുകൾ, 6 ഡന്റൽ കോളേജുകൾ, 29 നഴ്സിംഗ് കോളേജുകൾ, 9 ഫാർമസി കോളേജുകൾ, 5 ആയുർവേദ കോളേജുകൾ, എം.ബി.എ, എം.സി.എ. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂഷൻസ്, ...(ബഹളം)

ശ്രീ. ടി. കെ. ദേവകുമാർ : ബി. എഡ്. കോളേജുകൾ.....

ശ്രീ. എം. മുരളി : അതെ ബി.എഡ്. കോളേജുകൾ—പണ്ട് കർണ്ണാടകത്തിലും തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലും പോയി പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഇവിടെ പഠിക്കാൻ കഴിയുന്ന ബി.എഡ്. കോളേജുകൾ—ഇവയുടെയൊക്കെ ഗുണനിലവാരം ഉറപ്പു വരുത്താനും മറ്റു കാര്യങ്ങൾ ചെയ്യാനും ഗവൺമെന്റ് കർശനമായ നടപടി സ്വീകരിച്ചു. പരാതികളുണ്ടായപ്പോൾ ആ പരാതികൾക്ക് പരിഹാരം കാണാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. ഈ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ലോകത്തിന്റെ ഭൂപടത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ആ ശ്രമവുമായി മുന്നോട്ടു പോകുമ്പോൾ ആ ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാനും ആ ശ്രമത്തെ തുരങ്കം വയ്ക്കാനുമാണ് കേരളത്തിലെ പ്രതിപക്ഷം ശ്രമിക്കുന്നത്. ഞാൻ ജിം-നെക്കുറിച്ച് പറയട്ടെ.

ശ്രീ. ടി. കെ. ദേവകുമാർ : കൂടുതൽ ബി.എഡ്. കോളേജുകൾ അനുവദിച്ചു കൊടുത്തുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ ശ്രമിക്കുകയാണെന്ന് അങ്ങ് പറഞ്ഞല്ലോ. ഈ അനുവദിച്ച ബി.എഡ്. കോളേജുകളിൽ നിന്നും പാസ്സായി വരുന്നവർ എവിടെ പഠിപ്പിക്കും? ഇവിടെ എയ്ഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും അടച്ചു പൂട്ടുകയും സ്വാശ്രയ കോളേജുകൾ വ്യാപകമായി അനുവദിക്കുകയും ചെയ്യുമ്പോൾ ബി.എഡ്. പാസ്സായി വരുന്നവർ എവിടെ പഠിപ്പിക്കുമെന്നുള്ളത് വിശദീകരിക്കുമോ?

ശ്രീ. എം. മുരളി : ഇന്ന് സംസ്ഥാനത്തുള്ള വിദ്യാലയങ്ങളിൽ പഠിപ്പിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഏതുകാലത്ത് ഏതുതരത്തിലുള്ള പരിഷ്കാരം വന്നാലും ആ പരിഷ്കാരത്തെ കണ്ണടച്ച് എതിർക്കുന്ന ഒരു പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. കമ്പ്യൂട്ടർ വന്നപ്പോൾ, അതുപോലെ ട്രാക്ടർ വന്നപ്പോൾ അതുപോലെ സ്വതന്ത്രവൽക്കരണം വന്നപ്പോൾ അതിനെയെല്ലാം എതിർക്കുകയും പിന്നീട് പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യുന്ന വൈരുദ്ധ്യാധിഷ്ഠിതമായ ഒരു വാദമാണ് മാർക്സിസ്റ്റ് പാർട്ടി കൈക്കൊള്ളുന്നതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. എം. മുരളി : ആദ്യം എതിർക്കും; പിന്നീട് പിൻതുണയ്ക്കും—ആ നിലപാടാണ് നമ്മടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ പ്രതിപക്ഷം എന്നും സ്വീകരിച്ചിട്ടുള്ളത്. ജിം കോൺഫറൻസ് നടന്നിട്ട് ഒരു വർഷമേ ആകുന്നുള്ളു. ഒരു വർഷത്തിനുള്ളിൽ ജിം പരാജയപ്പെട്ടു എന്നുപറഞ്ഞ് പ്രചരണം നടത്തുകയാണ്. ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ പ്രതിപക്ഷ നേതാവുകൂടി പങ്കെടുത്ത വേദിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നു വന്ന ആശയങ്ങൾ, അവിടെ ഉരുത്തിരിഞ്ഞുവന്ന പദ്ധതികൾ, ആ പദ്ധതികളെ തുരങ്കം വയ്ക്കാൻ പ്രത്യക്ഷമായും പരോക്ഷമായും ശ്രമിച്ച ശക്തികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. 365 ദിവസം തികയുന്നതിനു മുൻപേ ജിം കോൺഫറൻസ് പരാജയമായിരുന്നുവെന്നും അവിടെ ഉരുത്തിരിഞ്ഞു വന്ന പദ്ധതികളൊന്നും പ്രായോഗിക തലത്തിലെത്തിയിട്ടില്ലെന്നും പ്രചരണം നടത്തുന്നതും ബോധപൂർവ്വമാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ജിം കോൺഫറൻസിൽ ഉയർന്നു വന്നിട്ടുള്ള 26,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം യാഥാർത്ഥ്യമാക്കാനുള്ള ശ്രമവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ഗവർണ്ണർ തന്നെ പറഞ്ഞു പൊതുമേഖലയിൽ 2600 കോടി രൂപയുടെ പദ്ധതികളും സ്വകാര്യ മേഖലയിൽ 1500 കോടി രൂപയുടെ പദ്ധതികളും ആരംഭിച്ചു കഴിഞ്ഞു എന്ന്. ഒരു വർഷത്തിനുള്ളിൽ ആരംഭിച്ചു കഴിഞ്ഞു. ജിം പരാജയപ്പെട്ടുവെന്ന് പ്രചരിപ്പിക്കുന്നവരുടെ മുന്നിൽ 10,400 കോടി രൂപയുടെ മൂന്ന് പ്രധാന പദ്ധതികൾ ഏതാനും മാസക്കാലത്തിനുള്ളിൽ നടപ്പിലാക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചുവെന്ന് അഭിമാനത്തോടെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചവറയിൽ എൻ.എം.ഡി.സി. യും ഐ.ആർ.ഇ. യും കെ.എസ്.ഐ.ഡി.സി.യും സംയുക്തമായി ആരംഭിക്കാൻ പോകുന്ന സിന്തറ്റിക് റൂട്ടൈൽ പ്ലാന്റും അതിന്റെ രണ്ടാം ഘട്ടമായിട്ട് നടപ്പിലാക്കാൻ പോകുന്ന ടൈറ്റാനിയം ലോഹ ഉല്പാദനകേന്ദ്രവും ഏതാനും മാസക്കാലത്തിനുള്ളിൽ യാഥാർത്ഥ്യമാകാൻ പോവുകയാണ്. ജിം പരാജയമാണെന്ന് മുറവിളി കൂട്ടുന്നവർ ഒരു സത്യം കണ്ടില്ല എന്ന് നടിക്കുന്നു. കായംകുളം താപവൈദ്യുതി നിലയത്തിന്റെ അടുത്ത ഘട്ടം 2309 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പരിശ്രമമാണ്. അതിന് ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്തുകൊണ്ട് പ്രധാനമന്ത്രിയുമായിട്ട് ചർച്ച ചെയ്ത് അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന ഈ എൽ.എൻ.ജി. പദ്ധതിയിലേക്ക് 2,000 കോടി രൂപയുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ പോവുകയാണ്. അത് വന്നുകഴിഞ്ഞാൽ അതിന്റെ ഭാഗമായിട്ടാണ് കായംകുളം താപവൈദ്യുതി നിലയത്തിന്റെ 2-ാം ഘട്ടം പൂർത്തീകരിക്കാൻ പോകുന്നത്. 6,000 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് വരാൻ പോകുന്നു. മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് പ്രധാനമന്ത്രിയുടെ മുൻപിൽ അവതരിപ്പിച്ചുകൊണ്ട് ഏതാണ്ട് ആഗോള ടെന്റർ ക്ഷണിച്ചു കഴിഞ്ഞിരിക്കുന്ന വല്ലാർപാടം കണ്ടയിനർ ടെർമിനൽ ജിം കോൺഫറൻസിൽ ഉയർത്തിയ പ്രതീക്ഷയുടെ ഭാഗമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്നത്. കേരളം ഉറ്റുനോക്കുന്ന ചില പദ്ധതികളുണ്ട്.. 'എക്സ്പ്രസ്സ് ഹൈവേ'. ആ എക്സ്പ്രസ്സ് ഹൈവേയ്ക്ക് 6,500 കോടി രൂപ വിഭാവനം ചെയ്തുകൊണ്ട്, ഒരു പക്ഷേ ലോകത്ത് എമ്പാടുമുള്ള കേരളീയർ ആകാംക്ഷയോടെ നോക്കിക്കാണുന്ന ആ എക്സ്പ്രസ്സ് ഹൈവേക്കെതിരെ പ്രചരണം നടത്തുകയാണ്. "കേരളത്തെ രണ്ടായി വിഭജിക്കും. കർഷകർക്ക് ആടുമാടുകളെ കൊണ്ടുപോകാൻ കഴിയുകയില്ല" ആ എക്സ്പ്രസ്സ് ഹൈവേയെ തുരങ്കം വയ്ക്കാൻ ശ്രമിക്കുന്നവർ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ വികസനത്തിന് എതിര് നിൽക്കുന്നു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിദേശ മലയാളികളാണ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില സംരക്ഷിക്കുന്നവർ. കുവൈറ്റിലെ വിദേശ മലയാളികളുടെ ജീവനുനേരെ കഴിഞ്ഞ ഏതാനും ദിവസങ്ങളായിട്ട് വെല്ലുവിളി ഉയർന്നുവരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പ്രധാനമന്ത്രിയുമായിട്ട് ചർച്ച ചെയ്തുകൊണ്ട് അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്താൻ മുഖ്യമന്ത്രി നടപടി സ്വീകരിച്ചുവെങ്കിലും ആറോളം മലയാളി സഹോദരങ്ങൾ ജയിലിൽ കിടക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട മലയാളികളായ വിദ്യാർത്ഥിനികളെ സാമൂഹ്യവിരുദ്ധർ കുവൈറ്റിലെ അബാസായിൽ വച്ച് ആക്രമിച്ചു. മലയാളികളുടെ ജീവനുനേരെ വെല്ലുവിളി ഉയർന്നിരിക്കുന്നു. ഈ അടിയന്തിര സാഹചര്യത്തിൽ മുഖ്യമന്ത്രി വീണ്ടും ഇടപെട്ടുകൊണ്ട്, നമ്മുടെ എംബസിയുടെ ഫലപ്രദമായ ഇടപെടൽ ഉറപ്പുവരുത്തിക്കൊണ്ട്, മലയാളികളായ സഹോദരങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. വികസനത്തിന്റെ വ്യത്യസ്തമായ പാത വെട്ടിത്തുറന്നുകൊണ്ട് മുന്നോട്ടു പോകുന്ന ആന്റണി സർക്കാരിന്റെ ഈ നയപ്രഖ്യാപന പ്രസംഗത്തിന് അനുകൂലമായിട്ട് അവതരിപ്പിച്ചിരിക്കുന്ന നന്ദി പ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ നന്ദിപ്രമേയത്തെ എതിർക്കുന്നു. 11-ാം കേരള നിയമസഭയുടെ നാലാമത്തെ പ്രസംഗമാണ് ഗവർണ്ണറെക്കൊണ്ട് ഇന്നത്തെ ഭരണകക്ഷി നടത്തിച്ചിരിക്കുന്നത്. 2001 ജൂണിൽ അന്നത്തെ ഗവർണ്ണറായ സുഖ്ദേവ് സിംഗ് കാംഗിന് എഴുതിക്കൊടുത്ത പ്രസംഗത്തിൽ ഇങ്ങനെയാണ് പറയുന്നത്: "വർദ്ധിച്ചു വരുന്ന തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് എന്റെ ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളേയും വികസന ഉദ്യമങ്ങളേയും നയിക്കുന്ന പരമോന്നത ലക്ഷ്യം. 5 വർഷം കൊണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ ആനുകൂല്യങ്ങൾ സൃഷ്ടിക്കുമെന്ന് പ്രഖ്യാപിക്കുന്നു". രണ്ടര കൊല്ലത്തിനുശേഷം ഇപ്പോഴത്തെ സ്ഥിതി നോക്കുകയാണെങ്കിൽ അധികാരത്തിൽ വന്നതിനുശേഷം ഈ ഗവൺമെന്റ് തൊഴിൽരഹിതരുടെനേരെ നിയമനത്തിന്റെ വാതിൽ കൊട്ടിയടയ്ക്കുന്നു എന്നു കാണാം. നിയമന നിരോധനം വഴി സ്ഥിരം സർക്കാർ സേവനത്തിൽ ഏർപ്പെടേണ്ട 71,078 പേർക്ക് ഈ സാദ്ധ്യത ഈ ഗവൺമെന്റ് നിഷേധിച്ചു. അതുപോലെതന്നെ അഴിമതിയും സ്വജനപക്ഷപാതവും വഴി 37,864 പേരെ താല്കാലികമായി നിയമിച്ചു. പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നൊന്നായി അടയ്ക്കുന്നതിനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട് എന്നുള്ള ആർ.സി. ചൗധരിയുടെ റിപ്പോർട്ട് ഏതാണ്ട് 23 സ്ഥാപനങ്ങൾക്ക് കിട്ടി എന്നാണ് ഗവർണ്ണറെക്കൊണ്ട് നിങ്ങൾ പറയിച്ചിരിക്കുന്നത്. അതിലെല്ലാം കൂടി ഏതാണ്ട് 45,000 ആളുകൾ തൊഴിൽ രഹിതരായി പുറത്താകാൻ പോകുന്നു. ആ സ്ഥാപനങ്ങളെല്ലാംതന്നെ നിൽക്കുന്ന സ്ഥലങ്ങൾ പാതിയും കച്ചവടം ചെയ്ത് ഇതിനകം കമ്മീഷൻ കൈവശപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം ഞാൻ ചേർത്തലയിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണ സമിതി യോഗത്തിൽ പങ്കെടുത്തപ്പോൾ ഓട്ടോ കാസ്റ്റ് എന്ന ചേർത്തലയിലെ ഒരു സ്ഥാപനം, 148 ഏക്കർ വരുന്ന സ്ഥലത്തിന്റെ നേർ പകുതി ഇപ്പോൾത്തന്നെ വിറ്റു കാശാക്കി കമ്മീഷൻ പറ്റിക്കഴിഞ്ഞുവെന്നും ബാക്കി ഒരു 70 ഏക്കറിന്റെ വിലപേശൽ നടന്നുകൊണ്ടിരിക്കുകയാണെന്നും അറിഞ്ഞു. ആ 23 സ്ഥാപനങ്ങൾ ചൗധരി റിപ്പോർട്ട് അനുസരിച്ച് കൈകാര്യം ചെയ്തു വരുമ്പോൾ തൊഴിൽരഹിതരായി പുറത്ത് തള്ളപ്പെടുന്നവർ എത്രയെന്നും സ്ഥലം മാറ്റക്കച്ചവടം നടത്തുന്നതിന്റെ ഫലമായി അധികാരത്തിൽ ഇരിക്കുന്നവരുടെ പോക്കറ്റിൽ എത്ര കോടികൾ വരുന്നു എന്നുള്ളതും ഇപ്പോൾ കണക്കാക്കാൻ ഒക്കില്ല.. ഏകദേശമുള്ള സ്ഥിതി മാത്രമേ ഇപ്പോൾ കണക്കാക്കാൻ കഴിയുകയുള്ളൂ. ഗവർണ്ണറെക്കൊണ്ട് നിങ്ങൾ ഓരോന്ന് പറയിക്കുന്നു, അതിന് അനുകൂലമായി കഴിഞ്ഞ രണ്ട് ദിവസവും ഇന്നും എന്റെ സ്നേഹിതൻ മുരളി അടക്കമുള്ള ആളുകളെക്കൊണ്ട് നിങ്ങൾ എന്തെല്ലാമാണ് പറയിച്ചത്! മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന പുരോഗതി കാണാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല എന്നതാണ് അവസാനം. എന്റെ സ്നേഹിതൻ ശ്രീമാൻ മുരളി പറഞ്ഞ് ദുഃഖിച്ചിരിക്കുന്നത്. നമ്മുടെ നാടിന്റെ സ്ഥിതി എന്താണ്? മറിച്ചാണ് സ്ഥിതി. ആ സ്നേഹിതൻമാർക്ക് എന്തുകൊണ്ടോ അത് കാണാൻ കഴിയുന്നില്ല. നമ്മുടെ നാട്ടിലെ 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ 1,25,000 ജീവനക്കാർ ജോലി ചെയ്യുന്നു. ആ സ്ഥാപനങ്ങളെ രക്ഷിക്കാൻ വേണ്ടി ചില്ലിക്കാശ് നിങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കുറേക്കാലത്തെ പ്രക്ഷോഭവും സമരവും ബഹളവുമെല്ലാം ഇവിടെ നടത്തിയതിന്റെ ഫലമായി നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം തുറക്കാതിരുന്ന കൊല്ലത്തെ കശുവണ്ടി കോർപ്പറേഷന്റെ ഫാക്ടറികൾ ഓണത്തിന് മുൻപായി തുറക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. ഓണത്തിന് മുമ്പ് 10-11 ദിവസത്തെ തൊഴിൽ കൊടുത്തു. പിന്നെയും അടച്ചു. ഇതല്ലേ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതി? ഇപ്പോൾ നിങ്ങൾ ഗവർണ്ണറെക്കൊണ്ട് പറയിച്ചിരിക്കുന്നത് സാമ്പത്തികമായി എല്ലാ രംഗത്തും പുരോഗതി നേടിക്കഴിഞ്ഞിരിക്കുന്നു എന്നാണ്. എന്നിട്ട് ആ പുരോഗതിയുടെ സൂചന എന്താണ്? 23,000-ൽപ്പരം കോടി രൂപ കടം ഉണ്ടായിരുന്നത് ഇപ്പോൾ 37,000 കോടി രൂപയിൽ അധികമായി. രണ്ടരക്കൊല്ലം കഴിഞ്ഞപ്പോൾ 14,000 കോടിയിലധികം രൂപ നിങ്ങൾ കടം എടുത്തു. എന്നിട്ട് കടമെടുത്ത ഈ തുക നിങ്ങൾ എന്തിനുവേണ്ടിയിട്ടാണ് വിനിയോഗിച്ചത്? വിദ്യാഭ്യാസ രംഗത്ത് നിങ്ങൾ നാലു കാശ് മുടക്കിയില്ല, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി നാല് കാശ് നിങ്ങൾ മുടക്കിയില്ല.. കൃഷിക്കാർ പട്ടിണിയും കഷ്ടപ്പാടും സഹിച്ചുകൊണ്ട് ദുരിതത്തിന്റെ ആഴത്തിൽ മുങ്ങിപ്പൊങ്ങുന്നു. അവരെ സഹായിക്കാൻ നിങ്ങൾ യാതൊന്നും ചെയ്തില്ല. ആശുപത്രിയിലോ ആരോഗ്യമേഖലയിലോ ഒന്നും നിങ്ങൾ കാശ് മുടക്കിയില്ല. ഈ കാശ് എവിടെപ്പോയി? ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ആയിരം കോടി രൂപ നീക്കിവച്ചുകൂടേ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക്? പതിനാലായിരം കോടി രൂപ നിങ്ങൾ കടം എടുത്തു, ആ പണത്തിൽ നിന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു ഭാഗം നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ പരമ്പരാഗത വ്യവസായങ്ങളിലെ പതിനഞ്ചു ലക്ഷത്തോളം തൊഴിലാളികൾ, അറുപതു ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങൾ പട്ടിണിയിലും കഷ്ടപ്പാടിലും കഴിയുമ്പോൾ അവരുടെ ക്ഷേമത്തിനു വേണ്ടിയിട്ട് ഒരു അഞ്ഞൂറു കോടി രൂപ എന്താ നിങ്ങൾക്ക് മാറ്റിവയ്ക്കാൻ കഴിയാത്തത്? നിങ്ങൾ കടം മേടിച്ച ഈ തുക എന്തുചെയ്യാൻ പോകുന്നു, എന്തു ചെയ്തു, അത് ഈ നാട്ടിലെ ജനങ്ങളോട് പറയാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ? ആ ബാദ്ധ്യത ഉത്തരവാദിത്വത്തോടെ നിറവേറ്റാൻ നിങ്ങൾ സന്നദ്ധരെങ്കിൽ നിങ്ങൾ ഗവർണ്ണറെക്കൊണ്ട് ഞങ്ങൾ ഇന്നതുചെയ്യുന്നു, ഇന്നതുചെയ്യുന്നു എന്നുപറയാൻ തയ്യാറായേനെ. നിങ്ങൾ ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ച കാര്യങ്ങളിലൊന്നും ഇത് കാണുന്നില്ല. 15 ലക്ഷം പേർക്ക് തൊഴിൽ നൽകും എന്നുപറഞ്ഞ് അധികാരത്തിൽ വന്ന നിങ്ങൾ പൊതുമേഖല തകർത്തും, പരമ്പരാഗത വ്യവസായങ്ങൾ മുടിച്ചും, സർക്കാർ സർവ്വീസിൽ പ്രവേശനം നൽകേണ്ടവർക്ക് പ്രവേശനം നിഷേധിച്ചും,..... പത്തു ലക്ഷത്തിൽപ്പരം ആളുകൾക്കാണ് നിങ്ങൾ ഇതിനകം തൊഴിൽ നിഷേധിച്ചിരിക്കുന്നത്. നിങ്ങൾ അത് സീരിയസ്സായിട്ട് മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ അത് മനസ്സിലാക്കുന്നില്ല. അതിന് പരിഹാരം കാണേണ്ടതിനെ സംബന്ധിച്ച് പറയുമ്പോൾ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുകയാണ് നിങ്ങളും നിങ്ങളുടെ അനുയായികളും ചെയ്യുന്നത്. ഇതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതരുത്. പിന്നെ നിങ്ങൾ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചിരിക്കുന്നത് എന്താണ്, 'അഴിമതിരഹിതമായ ഒരു ഭരണം കേരളത്തിന് കാഴ്ചവയ്ക്കുക എന്നതാണ് ഗവൺമെന്റിന്റെ അടിയന്തിര കടമ' എന്ന് ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചിരിക്കുന്നു. എന്താണ് ഈ നാട്ടിലെ സ്ഥിതി? അഴിമതി നടത്താത്ത ഏതെങ്കിലും മന്ത്രിമാർ നമ്മുടെ മന്ത്രിസഭയിൽ ഉണ്ടോ? ആ അഴിമതിക്കാരുടെയെല്ലാം സംരക്ഷകനായിട്ടല്ലേ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാറിയിരിക്കുന്നത്? ബി. എഡ്. കോളേജ് അനുവദിച്ചതിന്റെ പ്രശ്നത്തിൽ തന്നെ 'വിദ്യാഭ്യാസ മന്ത്രിയോട് ഞാൻ അഞ്ചേ പറഞ്ഞിട്ടുള്ളൂ, അതുതന്നെ കുറച്ചു റെപ്യൂട്ടഡ് ആയിട്ടുള്ള സ്കൂളുകൾ ആയിരിക്കണം' എന്നുപറഞ്ഞുകൊണ്ട് അന്ന് സെലക്ടുചെയ്യാൻ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ അദ്ദേഹം ചുമതലപ്പെടുത്തിയതാണ്. അദ്ദേഹംതന്നെ പത്രക്കാരോട് പറഞ്ഞത് 'മന്ത്രിമാരും ഓരോരുത്തർ ഓരോന്നു പറഞ്ഞിട്ടുണ്ട്' എന്നാണ്. അതിൽ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ അദ്ദേഹത്തിന്റെ അച്ഛന്റെ പേരിൽ എന്നുള്ള നിലയിൽ ഒരു ബി.എഡ്. കോളേജ് ആവശ്യപ്പെട്ടത് ദിവാകരൻ എന്ന പേരിലാണ്, അത് ടി. കെ. ദിവാകരന്റെ പേരിൽ അല്ല എന്നും കേൾക്കുന്നു. 'അങ്ങനെ മന്ത്രിമാരും ഓരോരുത്തരും അവരവരുടെ പേരിൽ ചോദിച്ചിട്ടുള്ള കോളേജുകളും ഞാൻ അനുവദിച്ചു, ഇപ്പോൾ ഞാൻ ആപ്പിലായി' എന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. എന്നുമാത്രമല്ല ഏത് അന്വേഷണവും നേരിടാൻ ഞങ്ങൾ തയ്യാറാണെന്ന് ലീഗിന്റെ ഒഫിഷ്യലായിട്ടുള്ള അറിയിപ്പും പുറത്തുവന്നിരിക്കുകയാണ്. എന്നിട്ടും നമ്മുടെ മുഖ്യമന്ത്രി അദ്ദേഹം മുഖ്യമായിട്ടും ഇതിൽ പ്രതിയായതുകൊണ്ടോ എന്തോ ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷിക്കുക എന്നുള്ളതിനോട് ഒരു മുഖം തിരിഞ്ഞ നിലപാട് എടുക്കുന്നു എന്നാണ് കാണുന്നത്. ആ നിലയിൽ അഴിമതിരഹിതമായിട്ടുള്ള ഒരു ഭരണം കാഴ്ചവയ്ക്കുന്നതിനു വേണ്ടിയിട്ടുള്ള നിങ്ങളുടെ ശ്രമത്തിന്റെ ഉള്ളുകള്ളി പുറത്തുവരികയാണ്. ഞാൻ തന്നെ വളരെ കഷ്ടപ്പെട്ട് മതികെട്ടാനിൽ പോയി, മതികെട്ടാനിലെ സ്ഥിതിഗതികളെ സംബന്ധിച്ച് ഞാൻ ചില വിവരങ്ങൾ അങ്ങയെ ധരിപ്പിച്ചു. അതനുസരിച്ച് ചില നടപടികൾ എടുത്തു, ഇപ്പോൾ അത് ഒരു ദേശീയ പാർക്കായി, സന്തോഷം. അതുകഴിഞ്ഞ് ഞാൻ പൂയംകുട്ടിയിൽ പോയി, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ആദ്യം ഒന്നുപോയിട്ട് 'ഒരു കുഴപ്പവുമില്ല' എന്നുപറഞ്ഞ സ്ഥലത്ത് നേരാണോ എന്നറിയാൻ ഞാൻ പോയി, പരിശോധിച്ചു വന്നതിനുശേഷം മൂപ്പതിനായിരം ഏക്കർ സ്ഥലത്ത് കയ്യേറ്റം നടന്നു എന്ന് ബോദ്ധ്യമായി. ഞാൻ പത്രക്കാരേയും വിളിച്ചുകൊണ്ടു പോയപ്പോൾ അവരും അത് സമ്മതിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അവിടെ പോയി, അദ്ദേഹം പറഞ്ഞു 'വി. എസ്. പറഞ്ഞത് ശരിയാണ്, ഉദ്യോഗസ്ഥർ എന്നെ തെറ്റിദ്ധരിപ്പിച്ചതാണ്, ഞാൻ സാധാരണ രീതിയിൽ മുണ്ടും ജുബ്ബായും ഒക്കെ ധരിച്ചാണ് കയറിയത് എന്നുള്ളതുകൊണ്ട് അട്ടയൊക്കെ എന്നെ കടിച്ചു, അദ്ദേഹമാകട്ടെ നല്ല സ്യൂട്ടിൽ പോയതുകൊണ്ട് അട്ട കടിച്ചില്ല' എന്ന്. സ്യൂട്ടിൽ പോയി അദ്ദേഹം രണ്ടാമത് സ്ഥിതിഗതികൾ എല്ലാം മനസ്സിലാക്കിയതിനുശേഷം ഒരു കാര്യം അഡ്മിറ്റ് ചെയ്തു. കയ്യേറിയിട്ടുണ്ട്, അവിടെ അതിന് ഉത്തരവാദികളായിട്ടുള്ള ആളുകൾക്കെതിരെ നടപടി സ്വീകരിക്കും എന്നുപറഞ്ഞു. ഇതുവരെ ഒരു നടപടിയും എടുത്തതായിട്ട് കണ്ടിട്ടില്ല എന്നുമാത്രമല്ല, കഴിഞ്ഞ അസംബ്ലിയിൽ ചന്ദനതൈലത്തിലെ ഇടപാടിനെ സംബന്ധിച്ചും ഒലവക്കോട്ടെ സ്ട്രോംഗ്റൂമിൽ മൂന്നര കോടി രൂപയുടെ ചന്ദനതൈലവും, ചന്ദന തടിയും, ആനക്കൊമ്പും നഷ്ടപ്പെട്ടതിനെ സംബന്ധിച്ചും, ഇതുവരെ യാതൊരു അന്വേഷണവും നടത്താൻ കഴിയാത്തതിനെ സംബന്ധിച്ചും, ഒരാളിനേയും അറസ്റ്റ് ചെയ്യാൻ കഴിയാത്തതിനെ സംബന്ധിച്ചും ഞാൻ ആക്ഷേപം ഉന്നയിച്ചപ്പോൾ അദ്ദേഹം ഈ സഭയിൽ പറഞ്ഞു അത് സി.ബി.ഐ. അന്വേഷണത്തിന് പ്രഖ്യാപിച്ചിരിക്കുകയാണെന്ന്. ഇതുവരെ ഏതെങ്കിലും ഒരു നടപടി നടത്തിയതായിട്ട് കണ്ടില്ല. അദ്ദേഹം പറഞ്ഞത് ക്യാബിനറ്റ് അംഗീകരിക്കാഞ്ഞിട്ടാണോ, മുഖ്യമന്ത്രി സി.ബി.ഐ.-ക്ക് എഴുതാഞ്ഞിട്ടാണോ എന്താണ് സംഭവിച്ചത് എന്ന് ഇതുവരെ യാതൊരു വിവരവും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. വനത്തിന്റെ കാര്യത്തിലാകട്ടെ, വന മാഫിയയിൽപ്പെട്ട ആളുകൾ പതിനായിരക്കണക്കിന് ഏക്കർ ഭൂമി വെട്ടിപ്പിടിച്ചുകൊണ്ടിരിക്കുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥരും, മന്ത്രിമാരും അതുപോലെതന്നെ ഗവൺമെന്റിനുവേണ്ടി കേസ് പറയുന്ന ലാ ഓഫീസർമാരും നല്ലപോലെ കൊഴുത്തു തടിക്കുകയും, പോക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

വീർപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ വനം കുറഞ്ഞുകൊണ്ടിരിക്കുന്നു. വനം ഓരോ ദിവസം ചെല്ലുന്തോറും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ചും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയതാണ്. വിദ്യാഭ്യാസരംഗത്തെ കാര്യം ഞാൻ പറയേണ്ടല്ലോ! ആദിവാസികളുടെ സ്ഥിതിയെ സംബന്ധിച്ച് ഇപ്പോൾ പറയുന്നത് കേട്ടു, പാവങ്ങളിൽ പാവങ്ങളായിട്ടുള്ള ആദിവാസികൾക്ക് കേറിക്കിടക്കാൻ ഇടമില്ല. അവർ കാടിന്റെ മക്കളാണ്. കടലിന്റെ മക്കളാണ് മൽസ്യത്തൊഴിലാളികൾ എന്നുപറഞ്ഞതുപോലെ, ആദിവാസികൾ കാടിന്റെ മക്കൾ എന്നുള്ള നിലയ്ക്ക് അവർക്ക് രക്ഷ നൽകാൻ ആവശ്യമായ കാര്യങ്ങൾ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഞങ്ങൾ തന്നെ ആദിവാസികളുടെ സംഘടന രൂപവൽക്കരിച്ചിട്ട് അവർക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി കൊടുക്കാതിരിക്കുന്നതിനെ സംബന്ധിച്ച് അവർതന്നെ പുറപ്പെടുവിച്ചിട്ടുള്ള ശക്തമായ ആക്ഷേപമുണ്ട്. തിരുവനന്തപുരത്തു നടന്ന സമരത്തെ തുടർന്ന് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്ത തീരുമാനം അനുസരിച്ച് അവർക്ക് ഭൂമി കൊടുക്കുന്നില്ല എന്ന് പറഞ്ഞുകൊണ്ട് അവർ ഭൂമി കയ്യേറി കുടിൽകെട്ടി. അവർക്ക് ഭൂമി കൊടുത്തില്ല എന്നുമാത്രമല്ല, വെടിയുണ്ടയാണ് അവർക്ക് നിങ്ങൾ നൽകിയത്. കേരളം രാജാക്കൻമാർ ഭരിച്ചിരുന്നു, കേരളം രൂപവൽക്കരിച്ചതിനു ശേഷം മാറി മാറി ഒട്ടേറെ ഗവൺമെന്റുകൾ വന്നു. ഒരു ഗവൺമെന്റും പാവങ്ങളിൽ പാവങ്ങളായ ആദിവാസികളെ വെടിവച്ചു കൊന്നിട്ടില്ല. നിങ്ങൾ മാത്രമാണ് ആദിവാസികളുടെ നേരെ ഉണ്ട ഉതിർത്തുവിട്ടത് എന്നതിലുള്ള പശ്ചാത്താപം എന്റെ സ്നേഹിതൻ ശ്രീ. മുരളിക്കുപോലും ഉണ്ടാകാതെ വന്നതിൽ ഞാൻ ദുഃഖിക്കുകയാണ്. ആദിവാസികൾക്ക് ഏതോ വലിയ മല മറിച്ചുകൊടുത്തു എന്നുള്ള അഭിമാനബോധത്തോടുകൂടിയാണ് പലരും ഇവിടെ സംസാരിച്ചത്. ഓരോ രംഗത്തും നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന നയംമൂലം ഈ കേരളം ഓരോ ദിവസം ചെല്ലുംതോറും നശിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതി പെരുകുന്നു, തൊഴിലില്ലായ്മ പെരുകുന്നു, നിങ്ങളുടെ ഭരണത്തിൻ കീഴിൽ നിയമ സമാധാന രംഗത്ത് ക്രമസമാധാനം വലുതായിട്ട് ഉയർന്നുപെരുകുന്നു, ആകാശംമുട്ടെ ഉയരുന്നു എന്നാണ് ഗവർണ്ണറെക്കൊണ്ട് പറയിച്ചത്. സർ മുഖ്യമന്ത്രി തന്നെ എഴുതിത്തന്ന മറുപടിയനുസരിച്ച് ഗുണ്ടകളുടേയും അധോലോക വീരൻമാരുടേയും ആക്രമണത്തിന്റെ ഫലമായി മരണപ്പെട്ടവരുടെ നമ്പർ ഉണ്ട്. ഒന്നൊന്നായി ഞാൻ ഇവിടെ വിവരിക്കാം. 2003 ഡിസംബർ 31 വരെ 283 സ്ത്രീകളും 185 കുട്ടികളും-468 പേർ കൊലചെയ്യപ്പെട്ടു. അതിൽ 44 സ്ത്രീകൾ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണ്. അധോലോക സംഘങ്ങളുടെ ആക്രമണത്തിന്റെ ഫലമായി മരണപ്പെട്ടവർ വേറെ 11 പേരാണ്. ക്രൈം കേസുകളുടെ എണ്ണത്തിൽ സർവ്വകാല റെക്കോർഡ് ഭേദിച്ചിരിക്കുകയാണ്. മൊത്തം രജിസ്റ്റർ ചെയ്ത കേസുകളിൽ നാലര ലക്ഷത്തിൽ നാലു ലക്ഷവും ക്രൈം കേസുകളാണ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 119 കൊലപാതകങ്ങളാണ് നടന്നത്. കസ്റ്റഡി മരണം 5-ഉം, ജയിലിൽ വച്ച് 2-ഉം, ആശുപത്രിയിൽ വച്ച് 102-ഉം

LIBRARY ARCHIVES Kerala Legislative Assembly

തടവുകാർ മരിച്ചു. അജ്ഞാത മൃതദേഹങ്ങളുടെ എണ്ണം 909 ആണ്, ബലാൽസംഗം മൂലം 2002-ൽ മാത്രം 29 പേർ മരിച്ചു. സ്ത്രീ പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്തത് 263 പേരാണ്. സ്ത്രീ പീഡനക്കേസുകൾ 13,113 ആണ്. മോഷണം സംബന്ധിച്ച് 32 മാസങ്ങൾക്കിടയിൽ 24,397 കേസുകൾ രജിസ്റ്റർ ചെയ്തതിൽ കച്ചവട സ്ഥാപനങ്ങൾ, വീടുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽനിന്നായി 675 കോടി രൂപയുടെ സ്വത്തുക്കൾ മോഷ്ടിക്കപ്പെട്ടു, അൺസ്റ്റാർഡ് ആയിട്ടുള്ള ചോദ്യം 87-ന് സർക്കാർ എഴുതിത്തന്ന ഉത്തരമാണ്, വി. എസ്. അച്ചുതാനന്ദന്റെ കണ്ടുപിടിത്തമാണെന്ന് തെറ്റിദ്ധരിക്കരുത്. ഉത്തരമാണ് ഇവിടെ വായിച്ചത്. ആധികാരികമായ കണക്കാണ്. ചുരുക്കത്തിൽ നിങ്ങൾ ഈ നാടിനെ എല്ലാവിധത്തിലും തകർത്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഓരോ പ്രാവശ്യവും നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങളുടെ ദുഷ്ടലാക്കുള്ള നയം തിരുത്തണമെന്ന് വളരെ ശാന്തമായും, കണ്ഠം പതറിയും, ഉച്ചത്തിലും പല തരത്തിലും പറഞ്ഞുനോക്കി. ആ ഉപദേശങ്ങളും നിർദ്ദേശങ്ങളും മാനിക്കാൻ തയ്യാറാകാതെ നിങ്ങളുടെ ദുഷ്ടലാക്കുള്ള നയവുമായി മുന്നോട്ടുപോവുകയാണ്. ഇത് കൂടുതൽ കാലം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുമെന്ന് നിങ്ങൾ ധരിക്കരുത്. ജനങ്ങളുടെ ഈ വിഷമവും ക്ലേശവും നിങ്ങൾ അവരെ കൊള്ളയടിക്കുന്നതുമെല്ലാംതന്നെ ഏറെനാൾ പ്രതിപക്ഷത്തിന് കണ്ടുകൊണ്ടിരിക്കാനും കഴിയില്ല. അതുകൊണ്ട് നിങ്ങളുടെ തെറ്റായ നയം തിരുത്തണം. നിങ്ങൾ ഞങ്ങളെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചുകൊണ്ട് പറയുകയുണ്ടായി. ഞങ്ങൾ എല്ലാത്തിനും നിങ്ങളെ എതിർക്കുന്നു എന്ന്. എന്റെ സ്നേഹിതൻമാർ ഇവിടെ ജിം-നെപ്പറ്റി പറഞ്ഞു, ജിം-നെപ്പറ്റിയുള്ള ഞങ്ങളുടെ സമീപനം, ജിം-ൽ പങ്കെടുത്തുകൊണ്ട് അവിടെ വ്യക്തമാക്കി, ഓണസ്റ്റായിട്ടുള്ള സംരംഭകർ കേരളത്തിൽ വരികയാണെങ്കിൽ അവർക്ക് എല്ലാവിധത്തിലുള്ള സഹായസഹകരണങ്ങളും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്ന്. ഡിസ് ഓണസ്റ്റായിട്ടുള്ള ആളുകളാണ് വരുന്നതെങ്കിൽ ഉണ്ടാകില്ല. ജിം-ന്റെ സംരംഭത്തിൽ കോടികൾ, 26,000 കോടി രൂപ, 38,000 കോടി രൂപ, എന്നൊക്കെ അന്ന് നിങ്ങൾ പറഞ്ഞു, എത്ര കോടി രൂപ വന്നു, എത്ര സ്ഥാപനങ്ങൾ തുടങ്ങി, എത്ര ആളുകൾക്ക് തൊഴിൽ കൊടുത്തു എന്ന് നിങ്ങൾ വിവരിച്ചിട്ടില്ല. ജിം-ന്റെ പ്രധാന ഉപജ്ഞാതാവായിരുന്ന വ്യവസായ വകുപ്പുമന്ത്രി തന്നെ പത്രക്കാരോട് പറഞ്ഞു, കോൺഗ്രസിലെ തമ്മിലടി കാരണം പല സംരംഭകരും തിരിച്ചുപോയി എന്ന്. ദുഃഖിതനായി അദ്ദേഹം പറഞ്ഞത് പത്രങ്ങളിൽ നിന്നാണ് ഞാൻ വായിച്ചത്. എന്നിട്ടും എന്റെ സ്നേഹിതൻ ശ്രീ. മുരളിയും കൂട്ടരും പ്രതിപക്ഷത്തിന്റെ നേരെ തിരിയുകയാണ്, നിങ്ങൾക്ക് അതല്ലാതെ നിർവാഹമില്ല. പറഞ്ഞു പ്രചരിപ്പിച്ച്, ആളുകളെ തെറ്റിദ്ധരിപ്പിച്ച് കോടിക്കണക്കിന് രൂപ പ്രചരണത്തിനുവേണ്ടി എഴുതിയെടുക്കുകയും മറ്റും ചെയ്യുന്ന നിങ്ങൾക്ക് പ്രതിപക്ഷത്തിന് നേരെ തിരിഞ്ഞ് ഇതെല്ലാം പറഞ്ഞ് തടിതപ്പാൻ നോക്കുകയെന്നുള്ളതല്ലാതെ വേറെ വഴിയില്ലയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു രംഗത്തും നിങ്ങൾക്ക് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പാവപ്പെട്ട കേരളീയരെ കൊള്ളയടിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പൈശാചിക ആക്രമണ പരമ്പര കഴിയുന്നത്ര വേഗം നിറുത്തണം. അല്ലെങ്കിൽ ഇതിനെതിരായ ശക്തമായ

LIBRARY ARCHIVES Kerala Legislative Assembly

പോരാട്ടം ജനങ്ങൾ ഒന്നിനു പുറകെ ഒന്നായി നടത്തും. ആ പോരാട്ടത്തിന് മുൻപിൽ നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. ഇതിനുമുൻപ് പല ഭരണ കാലത്തും അങ്ങനെ പിടിച്ചുനിൽക്കാൻ നോക്കിയിട്ടുള്ളവർക്കാർക്കും അങ്ങനെ പിടിച്ചുനിൽക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ തമ്മിൽ, നിങ്ങളുടെ പാർട്ടിയുടെ അകത്ത്, നേതൃത്വത്തെ സംബന്ധിച്ച് പല തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ പ്രതിപക്ഷം അതൊന്നും ഉണ്ടാകരുത് എന്നുപറഞ്ഞ്, യോജിപ്പിച്ചു നിറുത്തണമെന്നാണോ നിങ്ങൾ പ്രതീക്ഷിക്കുന്നത്? പ്രതിപക്ഷം അതിന്റേതായിട്ടുള്ള പണി ചെയ്യും, അതിന് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തരുത്. ജനങ്ങളോട് വാഗ്ദാനം ചെയ്ത് അധികാരത്തിൽ കയറിയതിനുശേഷം ചക്കളത്തി പോരാട്ടം നടത്തി, അങ്ങനെ ചക്കളത്തി പോരാട്ടം നടത്തുമ്പോഴും വരുമാനം ഉണ്ടാക്കുന്ന കാര്യത്തിൽ നിങ്ങൾ യാതൊരു തരത്തിലുള്ള വിമുഖതയും കാണിക്കുന്നില്ല. ആ നിലയിൽ ആ കള്ളത്തീറ്റയൊന്ന് നിറുത്തി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികളിലേക്ക് പോയില്ലെങ്കിൽ, നിങ്ങൾക്ക് അതിന് ഉത്തരം പറയേണ്ടതായിട്ട് വരുമെന്ന് മാത്രം നിങ്ങളെ അറിയിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ ഈ കഴിഞ്ഞ മൂന്നു ദിവസം നടന്ന ചർച്ചയിൽ വനം വകുപ്പിനെതിരെ കാര്യമായ ആരോപണങ്ങളൊന്നും വന്നിട്ടില്ലായെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ശ്രീ. മത്തായി ചാക്കോയും ഇപ്പോൾ പ്രതിപക്ഷ നേതാവും ഉന്നയിച്ച ഏതാനും ആരോപണങ്ങൾക്കുമാത്രം മറുപടി പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സർ, കഴിഞ്ഞ സമ്മേളനത്തിനു ശേഷം അഞ്ചു മാസമായി, അഞ്ചു മാസത്തിന് ഇപ്പുറം പുതിയ ആരോപണങ്ങളൊന്നും വനം വകുപ്പിനെക്കുറിച്ച് ഉന്നയിക്കാൻ പ്രതിപക്ഷ നേതാവിനോ ഉപനേതാവിനോ, മറ്റ് അംഗങ്ങൾക്കോ ഇല്ല എന്നുള്ളത് സന്തോഷകരമാണ്. അരച്ചതുതന്നെ അരച്ചും, ഇടിച്ചതുതന്നെ ഇടിച്ചും, ഉന്നയിക്കുന്ന ആരോപണത്തിന് കഴിഞ്ഞ നിയമസഭയിൽ വളരെ വിസ്തരിച്ച് മറുപടി പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടന്നുപോകുന്നില്ല. പക്ഷെ ബഹുമാനപ്പെട്ട മത്തായി ചാക്കോ ഉന്നയിച്ച ഒരു കാര്യത്തിന്, അദ്ദേഹത്തിന്റെ അറിവിലേക്ക്, ഒരു കാര്യം ഞാൻ പറയാം. ഗ്രാസിം ഇൻഡസ്ട്രീസിന്റെ തടി ലേലം കൊണ്ടത് 98 ലക്ഷം രൂപയ്ക്കാണ്. ഞങ്ങൾ തന്നെ എടുത്ത തീരുമാനമാണ്, കോടതി എടുത്ത തീരുമാനമല്ല. അങ്ങ് ഇന്നലെ പരാമർശിക്കുമ്പോൾ കോടതിയെടുത്ത തീരുമാനമാണ് റീ ഓക്ഷൻ എന്നാണ് പറഞ്ഞത്. ഗവൺമെന്റ് തീരുമാനിച്ച റീഓക്ഷനാണ്. ആ റീ-ഓക്ഷനെതിരെ ആദ്യത്തെ ഓക്ഷനിൽ ലേലം കൊണ്ടയാൾ കോടതിയിൽ പോകുകയാണ് ചെയ്തത്. അതിനെ ഞങ്ങൾ എതിർക്കുകയാണ് ചെയ്തത്. കോടതിയിൽ ഞാൻ പ്രസംഗിച്ചതിന്റെ പത്രപ്രസ്താവനയിലെ വാക്കുകൾ നിങ്ങൾ കോപ്പി ചെയ്തു. ഞാൻ ആ വാദത്തിൽ ഇപ്പോഴും നിൽക്കുകയാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തി മുപ്പത്തിയൊന്നായിരം ടൺ തടിയാണ് ലേലം കൊണ്ടത്. സർ, അത് മത്തായി ചാക്കോക്ക് അറിയാം. മാസം എത്ര കഴിഞ്ഞു. ഒരു ലക്ഷത്തി മുപ്പത്തിഒന്നായിരം ടൺ തടി ലേലം കൊണ്ട കക്ഷിക്ക് പതിനായിരം ടൺ തടി മാത്രമേ ഇപ്പോഴും അവിടെനിന്നും നീക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതിന് മാർക്കറ്റില്ല, വാങ്ങാൻ ആളില്ല, ഒടുവിൽ അദ്ദേഹം രണ്ടുമാസംമുമ്പ് എന്നെ വന്നുകണ്ടു പറഞ്ഞു, 'കേരളത്തിൽ ഈ സാധനം പോകില്ല. മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള പാസ്സ് വേണം' എന്ന്. ഞങ്ങൾ പാസ്സ്

12.00 NOON] കൊടുത്തു. എന്നിട്ടുപോലും പതിനായിരം ടൺ മരം മാത്രമേ പോയിട്ടുള്ളൂ എന്നു വന്നാൽ ഞാൻ നടത്തിയ പത്രസമ്മേളനത്തിലെ വാദം ശരിയെന്നല്ലേ ഇത് തെളിയിക്കുന്നത്? ഇതുവരെ ബാക്കി തടി പോയില്ല. മാർക്കറ്റില്ലാതെ .....(ബഹളം).....

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. കെ. സുധാകരൻ: സർ, ഗ്രാസിം കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ നടത്തിയിരിക്കുന്ന ഈ തടി ലേലത്തിൽ സർക്കാരിന് യാതൊരു നഷ്ടവുമില്ല. നിയമ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഇതു മാത്രമല്ല, ഇതിനപ്പുറത്ത് നാല് കോടി രൂപ ഗ്രാസിം ഇൻഡസ്ട്രീസിൽനിന്ന് വിവിധ അക്കൗണ്ടുകളിലായി സർക്കാരിന് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട കെ. സുധാകരൻ പറഞ്ഞതുപോലെ ഗ്വാളിയോർ റയോൺസുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് അവർക്കു കൊടുത്തിരിക്കുന്ന മുളയോ മറ്റ് സാധനങ്ങളോ അവർ ഉപയോഗിക്കുന്നില്ല. പക്ഷേ, അത് ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള വകുപ്പുണ്ടോ? അതിൽനിന്നും വ്യത്യസ്തമായി ഓക്ഷൻ ചെയ്യാനുള്ള അധികാരം ഗവൺമെന്റിന് കൊടുത്തു. അതാണ് വ്യക്തമാക്കേണ്ടത്.

ശ്രീ. കെ. സുധാകരൻ: കമ്പനിയിൽനിന്നും കാശ് കിട്ടാനുള്ള സാദ്ധ്യത വളരെ വിരളമാണെന്ന ധാരണയിൽത്തന്നെയാണ് ഓക്ഷൻ ചെയ്ത് കിട്ടാവുന്ന കാശ് സർക്കാരിന്റെ ഖജനാവിലേക്ക് ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചത്. ഇതിനെക്കുറിച്ച് വളരെ.....(ബഹളം).....

Mr. Speaker: Shri. Mathai Chacko...please resume your seat.....he is not yielding...order.....order.....

ശ്രീ. കെ. സുധാകരൻ: ഇതിനെ സംബന്ധിച്ച കേസ് കോടതിയിൽ എത്തിയിട്ടുണ്ട്. അതിനെക്കുറിച്ചുള്ള ശരിയും തെറ്റും നിങ്ങൾക്ക് തെളിയിക്കാനുള്ള സന്ദർഭമുണ്ട്. കോടതിയിൽ പോയതും ഞാൻ തന്നെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആരോപണത്തിന് മാനനഷ്ടക്കേസ് ഫയൽ ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ എത്തിയിട്ടുണ്ട്. നിങ്ങൾക്ക് തെളിയിക്കാൻ നട്ടെല്ലുണ്ടെങ്കിൽ അവിടെ തെളിയിക്കുക. അവിടെ വച്ച് നമുക്ക് കാണാം. ..... (ബഹളം) ..... രണ്ടാമത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചിരിക്കുന്ന ആരോപണം. ഒരു വുഡ് ഇൻഡസ്ട്രീസ്..... (ബഹളം) .....

മി. സ്പീക്കർ : He is not yielding. ശ്രീ. മത്തായി ചാക്കോ പറയുന്നതൊന്നും രേഖയിൽ കാണില്ല. Please resume your seat.

ശ്രീ. കെ. സുധാകരൻ : ഞാൻ ചെയർമാനായി ഒരു ചാരിറ്റബിൾ സൊസൈറ്റി കണ്ണൂരിൽ ഉണ്ടാക്കിയിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ഉണ്ടാക്കുന്നത് തെറ്റാണോ? സഹകരണമേഖലയിൽ..... (ബഹളം).....

മി. സ്പീക്കർ: ബഹളം ഉണ്ടാക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി പറയട്ടേ!

ശ്രീ. കെ. സുധാകരൻ : സഹകരണ മേഖലയിൽ തുടങ്ങണമെന്നായിരുന്നു നമ്മുടെ ധാരണ. പക്ഷേ, കണ്ണൂരിൽ തുടങ്ങിയാൽ സഹകരണ സ്ഥാപനം ഞങ്ങളുടെ കൈയിൽ നിൽക്കില്ല. അത് സി.പി.എം.-കാർ പിടിച്ചെടുക്കും. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം..... (ബഹളം).....I will come.....I will come to that point.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ശ്രീ. കെ. സുധാകരൻ : ഇവിടെ പരാതി ഡി.എഫ്.ഒ.-യുടെ ഭാര്യ ഷെയർ എടുത്തു എന്നാണ്. ആരാണ് ഡി.എഫ്.ഒ.-യുടെ ഭാര്യ? മേലേത്ത് നാരായണൻ നമ്പ്യാരുടെ മകളാണ്. ഡി.എഫ്.ഒ.-യുടെ ഭാര്യ എന്നതിനപ്പുറത്ത് ദേശീയ പാരമ്പര്യമുള്ള കോൺഗ്രസ് കുടുംബത്തിലെ അംഗം എന്ന നിലയിലാണ് ഡി.എഫ്.ഒ.-യുടെ ഭാര്യ ഷെയർ എടുത്തത്. ഡി.എഫ്.ഒ.-യുടെ ഭാര്യയ്ക്ക് ഷെയർ കൊടുക്കുന്നതിൽ തെറ്റുണ്ടെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭാര്യയ്ക്കും തരാം. .....(ബഹളം).....

മി. സ്പീക്കർ: ഏതെങ്കിലും ബഹുമാനപ്പെട്ട ഒരംഗം പ്രസംഗിക്കുമ്പോൾ ബഹളം ഉണ്ടാക്കുകയാണെങ്കിൽ ആ പ്രസംഗം കൂടുതൽ എഫക്ടീവാകുന്നു എന്നാണ്. Don't give that compliment.

ശ്രീ. കെ. സുധാകരൻ : മേലേത്ത് നാരായണൻ നമ്പ്യാരെ അറിയാത്തതു കൊണ്ടായിരിക്കാം ശ്രീ. എം. വി. ജയരാജൻ ഇവിടെ പറയുന്നത്. കെ.പി.സി.സി. ജനറൽ സെക്രട്ടറി ആയിരുന്ന മേലേത്ത് നാരായണൻ നമ്പ്യാരുടെ മകളാണ്. ഏറ്റവും വലിയ സഹകാരി മേലേത്ത് നാരായണൻ നമ്പ്യാരുടെ മകളാണ് ഡി.എഫ്.ഒ.-യുടെ ഭാര്യ, ഏറ്റവും വലിയ സഹകാരിയുടെ മകളാണ്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ പറയുന്നതൊന്നും രേഖയിൽ ഉണ്ടാകില്ല. സത്യം പറയാൻ അദ്ദേഹത്തെ അനുവദിക്കുന്നില്ല എന്ന് മാത്രമേ മറ്റുള്ളവർ ധരിക്കുകയുള്ളൂ.

ശ്രീ. കെ. സുധാകരൻ: ഇതിനകത്ത് ഒന്നും മറച്ചുവയ്ക്കാനില്ല. ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയതിൽ ഒന്നും മറച്ചുവയ്ക്കാനില്ല. നിങ്ങളിൽ പലരും ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയവരാണ്. എത്രയോ സൊസൈറ്റികളാണ് ഈ രാജ്യത്ത് പൊതുപ്രവർത്തകർ ആരംഭിച്ചിട്ടുണ്ട്. അതിൽ തെറ്റെന്താണ്? മൂന്നാമത്തെ ആരോപണം, എന്റെ ചെന്നൈ യാത്രയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചെന്നൈ യാത്രയെക്കുറിച്ച് ഇവിടെ പരാമർശിച്ചു.

ശ്രീ. ബി. വിജയകുമാർ: സർ, ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് അതിൽ മേലേത്ത് നാരായണൻ നമ്പ്യാരുടെ മകൾക്ക് മെമ്പർഷിപ്പ് കൊടുത്തതിനെക്കുറിച്ചാണ് ആക്ഷേപം..... (ബഹളം)..... സംസ്ഥാന ശിശുക്ഷേമ സമിതിയിൽ മണിച്ചന് മെമ്പർഷിപ്പ് കൊടുത്തവരാണിവർ.

ശ്രീ. കെ. സുധാകരൻ: കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അധികാരം ആവശ്യംപോലെ ദുരുപയോഗം ചെയ്ത ഇടതുപക്ഷ മുന്നണിക്ക് ഇതിനെക്കുറിച്ച് വിമർശിക്കാൻ ധാർമ്മികമായ ഒരു അവകാശവുമില്ല. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ, വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്നപ്പോൾ സ്വന്തം ഭാര്യയെ കൺസൾട്ടന്റായി വച്ച നിങ്ങൾക്ക് ഇതിനെക്കുറിച്ച് വിമർശിക്കാൻ എന്ത് ധാർമ്മികതയാണുള്ളത്? ഇതുപോലെ അധികാരം ദുരുപയോഗം ചെയ്ത നിങ്ങൾക്ക് എന്തു ധാർമ്മികതയാണുള്ളത്? .....(ബഹളം).....

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....yes.....yes.....no point of order.....please resume your seat.

ശ്രീ. കെ. സുധാകരൻ: മൂന്നാമത്തേത് എന്റെ ചെന്നൈ യാത്രയെക്കുറിച്ചാണ്. ഞാൻ മന്ത്രിയായതിനുശേഷം മദിരാശിയിലേക്ക് നാൽപ്പതോളം യാത്രകൾ നടത്തിയിട്ടുണ്ട്. എനിക്കവിടെ വിവിധങ്ങളായ ആവശ്യങ്ങളുണ്ട്. ഇ.പി. ജയരാജൻ വധശ്രമക്കേസിലെ രണ്ടു കേസുകൾ എന്റെ പേരിലാണല്ലോ കൊടുത്തിരിക്കുന്നത്. ഓംഗോൾ സെഷൻസ് കോടതിയിലും ഹൈദരാബാദ് ഹൈക്കോടതിയിലും ഇ.പി. ജയരാജൻ വധശ്രമക്കേസ് നിലനിൽക്കുകയാണ്. അതുമായി ബന്ധപ്പെട്ട് എല്ലാ മാസവും ഈ രണ്ട് സ്ഥലങ്ങളിലും പോകണം. മദ്രാസിൽനിന്നും രണ്ടുമണിക്കൂർ കാർ യാത്ര ചെയ്ത് ഓംഗോളിൽ മാസാമാസം വയ്ക്കുന്ന കേസിന് പോകാൻ എനിക്ക് ബാദ്ധ്യതയുണ്ട്. ഞാൻ മിനിസ്റ്റർ ആയതിനുശേഷം തൊണ്ടയുടെ അസുഖത്തിന് മദ്രാസ് ഇ.എൻ.ടി. സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിൽസയിലായിരുന്നു. അവിടെ ഞാൻ 11 തവണ പോയിട്ടുണ്ട്. മൊത്തം പോയ 40 യാത്രകളിൽ 21 യാത്രകളും ഔദ്യോഗികമായിരുന്നു. മറ്റുള്ളവ പാർട്ടിയുടേയും മറ്റ്

ഗവൺമെന്റ് യാത്രകളുമായിരുന്നു. അതിനുള്ള ടി.എ. മാത്രമേ ഞാൻ വാങ്ങിയിട്ടുള്ളു. ബാക്കിയുള്ളതെല്ലാം എന്റെ സ്വന്തം ഫണ്ടിൽനിന്നായിരുന്നു. .....(ബഹളം)..... എന്നെ പറയാൻ അനുവദിക്കു. അന്തസ്സ് വേണ്ടേ? എന്തും പറയാമെന്നാണോ? .....(ബഹളം).....

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... M.V. Jayarajan....Please resume your seat.....

ശ്രീ. കെ. സുധാകരൻ : ഔദ്യോഗിക യാത്രയുടെ ടി. എ. മാത്രമേ ഞാൻ എടുത്തിട്ടുള്ളു. ഔദ്യോഗികമല്ലാത്ത യാത്രയ്ക്ക് സർക്കാരിന്റെ ടി. എ. ഞാൻ കൈപ്പറ്റിയിട്ടില്ല. അത് വ്യക്തിപരമായ, എന്റെ സ്വന്തം ഫണ്ടാണ്. അത് ഉപയോഗിച്ചാണ് ഞാൻ പോകുന്നത്. 1996 മുതൽ എന്റെ മരുമകൻ പാർട്ട്ണറായ ഒരു ബിസിനസ്സ് കൺസേണുണ്ട്. ആ ബിസിനസ്സ് കൺസേണിന്റെ സൂപ്പർവിഷൻ എനിക്കാണ്. ഞാൻ അതിന്റെ നിയമപരമായ എല്ലാ വശങ്ങളും പരിശോധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടി ഒരു മന്ത്രി എന്ന നിലയ്ക്ക് ബിസിനസ്സ് സൂപ്പർവിഷന്, കുടുംബത്തിന്റെ ബിസിനസ്സ് സൂപ്പർവിഷന് പോകാമെന്ന് നിയമോപദേശം ലഭിച്ചതിന് ശേഷമാണ് ഞാൻ ഇതുമായി ബന്ധപ്പെട്ട് മദിരാശിയിൽ പോയിട്ടുള്ളത്. ഔദ്യോഗിക സന്ദർശനത്തിനല്ലാതെ ഒരു ടി.എ.യും ഞാൻ സർക്കാരിന്റെ പൊതുഖജനാവിൽ നിന്ന് വാങ്ങിയിട്ടില്ലായെന്ന് ഞാൻ പ്രതിപക്ഷ ഉപനേതാവിനെ അറിയിക്കുകയാണ്. ഈ ആരോപണങ്ങൾ.....

Mr. Speaker: Yes.....Yes..... Please conclude.

ശ്രീ. കെ. സുധാകരൻ : ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ കൊടുത്ത മാനനഷ്ട കേസിനെക്കുറിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. എന്തുകൊണ്ട് പുഷ്പരാജനെതിരെ കേസ് കൊടുത്തില്ല എന്ന് ചോദിച്ചു. പുഷ്പരാജനെതിരെയും കേസ് കൊടുക്കുന്നുണ്ട്. അതിന്റെ പ്രൈമറി നോട്ടീസൊക്കെ അയച്ചുകഴിഞ്ഞു. അതിന് പോലീസ് കേസുണ്ട്. പ്രതിപക്ഷ നേതാവിനെതിരെ കേസ് കൊടുത്തത് അദ്ദേഹത്തെ ശിക്ഷിച്ച് കാണാനുള്ള ആഗ്രഹം കൊണ്ടല്ല. പക്ഷെ നിയമസഭയ്ക്ക് അകത്തും പുറത്തും ഉത്തരവാദിത്തബോധമില്ലാത്ത, തെളിവുകളില്ലാത്ത, സത്യസന്ധമല്ലാത്ത ആരോപണമുന്നയിക്കുന്ന പ്രതിപക്ഷനേതാവിന്റെ ഈ തെറ്റായ പ്രവണതയ്ക്കെതിരെയുള്ള പോരാട്ടമാണ് ആ കേസ്. അതുകൊണ്ട് ആ കേസ് ഞങ്ങൾ നടത്തും. ആ കേസുമായി ഞങ്ങൾ മുന്നോട്ട് പോകും.

Mr. Speaker: Yes.....Please conclude.

ശ്രീ. കെ. സുധാകരൻ : പ്രതിപക്ഷ നേതാവിനോട് സ്നേഹത്തോടെ പറയട്ടെ, അങ്ങ് ഇരിക്കുന്ന കസേര വലിയ മഹത്തായ ഒരു കസേരയാണ്. അതിന്റെ മാന്യത കാത്തുസൂക്ഷിക്കാൻ അങ്ങേക്ക് ബാദ്ധ്യതയുണ്ട്. അങ്ങ് ഈ നിയമസഭയിൽ ഉന്നയിച്ച ആരോപണം ക്രൂരമാണ്. വ്യക്തിപരമായി എന്നെ ഉദ്ദേശിച്ചുകൊണ്ട് പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം ക്രൂരമാണ്. കഴിഞ്ഞ 30 വർഷക്കാലമായി സി.പി.എം. ഉം ദേശാഭിമാനിയും എന്നെ വേട്ടയാടുകയാണ്. ദേശാഭിമാനിയിൽ എനിക്കെതിരെ ഉയർത്തിയതുപോലുള്ള ആരോപണങ്ങൾ കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിനെതിരെയും ദേശാഭിമാനി ഉയർത്തിയിട്ടില്ല. എല്ലാ ദിവസവും സ്കൂളിൽ പോയി നൂറുകണക്കിന് കുട്ടികളെ പഠിപ്പിക്കുന്ന എന്റെ ഭാര്യയ്ക്ക് ഭ്രാന്താണെന്ന് ദേശാഭിമാനി എഴുതി. രാജ്യത്തുടനീളം പ്രസംഗിച്ച് എനിക്കെതിരെ ആക്ഷേപമുന്നയിച്ച് പ്രചരണം നടത്തുന്നവരാണ് നിങ്ങൾ.....

.....(ബഹളം).....

അത്രയും നാണംകെട്ട ആരോപണങ്ങൾ കേൾക്കേണ്ടി വന്നതിൽ എനിക്കേറെ പ്രയാസമുണ്ട്. കള്ളനെന്നും, കൊള്ളക്കാരനെന്നും, കൊലയാളിയെന്നും, മദ്യപാനിയെന്നും, വ്യഭിചാരിയെന്നും, ഗുണ്ടയെന്നും മാത്രമേ കണ്ണൂരിലെ സി.പി.എം. കാർ എന്നെ വിളിച്ചിട്ടുള്ളു, അതുകൊണ്ടുതന്നെ ഈ ആരോപണത്തെ, ബഹുമാനപ്പെട്ട കോടിയേരിയോട് നിങ്ങൾ.....(ബഹളം).....
പുഷ്പരാജന്റെ പ്രസ്താവന നിങ്ങൾ ഇവിടെ കോട്ട് ചെയ്തില്ലേ? മറ്റൊരു പ്രസ്താവനയുമുണ്ട്. 'എന്നെ ആരും തട്ടികൊണ്ട് പോയിട്ടില്ല' ശർമ്മിള. 'സുധാകരനോട് സഹോദരനോടുള്ള സ്നേഹം, അപവാദത്തിന് പിന്നിൽ ശത്രുത'. വളരെ വ്യക്തമായി പുഷ്പരാജൻ നടത്തിയ പത്രസമ്മേളനത്തിനെതിരെ ആ വനിത വളരെ വൃത്തിയിലും ഭംഗിയിലും സത്യസന്ധമായി പത്രസമ്മേളനം നടത്തി. എന്നിട്ടുപോലും നിങ്ങൾ ആരോപണത്തിന്റെ കച്ചിത്തുരുമ്പ് പിടിച്ച് എന്നെ വിമർശിക്കാൻ ഈ നിയമസഭ ഉപയോഗിച്ചു. അത് ഏറെ ക്രൂരമായിപ്പോയി. പ്രതിപക്ഷ ഉപനേതാവ് ഈ ആരോപണം ഉന്നയിച്ചപ്പോൾ അങ്ങയുടെ പുറകിലിരിക്കുന്ന ആളുകളൊക്കെ ഊറി ചിരിക്കുന്നത് കണ്ടു. അങ്ങയെ നന്നായി അറിയാവുന്നവരാണ് അങ്ങയുടെ പുറകിലിരിക്കുന്നവർ എന്നതുകൊണ്ട് തന്നെ ആ ചിരിക്ക് ഏറെ അർത്ഥമുണ്ട്.....(ബഹളം).....
തലശ്ശേരിയിലെ മുൻ എം.എൽ.എ. രാജഗോപാലൻ മാസ്റ്ററുടെ അനന്തരാവകാശിയായി, പിൻതുടർച്ചക്കാരനായി ആ കുടുംബത്തിലും നിയമസഭയിലും എത്തിയ അങ്ങ് കടന്നുവന്ന ആ വഴിയെ, നാറുന്ന വഴിയെക്കുറിച്ച് എന്നെക്കൊണ്ട് പറയിക്കരുത്..... (ബഹളം).....
ചില്ലുകൊട്ടാരത്തിലിരുന്ന് അങ്ങ് കല്ലെറിയണ്ട. എനിക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അത് തെളിയിക്കാനുള്ള തന്റേടം കാണിക്കണം. ആണത്തത്തോടെ അത് സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. അതല്ലാതെ അപഖ്യാതിയുടെ പുകമറയുണ്ടാക്കി അപമാനിക്കാൻ ശ്രമിക്കുന്ന കോടിയേരീ, നിങ്ങൾ വിതച്ചത് നിങ്ങൾ കൊയ്യും. അത് ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ കൊയ്യേണ്ടി വരുമെന്ന് മാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.
നമസ്കാരം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Shri. Kodiyeri, Please resume your seat. Nothing will go in record..... Please.....Shri. Muneer is on his legs.

മരാമത്തു വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീർ : ഇന്നലെ ബഹുമാനപ്പെട്ട മത്തായി ചാക്കോ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ നടത്തിയിട്ടുള്ള പരാമർശങ്ങൾ, അദ്ദേഹം എഴുതി തന്നതുകൊണ്ട് മറുപടി പറയേണ്ട ബാദ്ധ്യയുള്ളതിനാലാണ് ഇവിടെ ഞാൻ ആ വിഷയങ്ങളെ സംബന്ധിച്ച് അല്പം വിശദീകരിക്കാൻ എഴുന്നേറ്റ് നിൽക്കുന്നത്. ആദ്യമായി എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിലെ പുകമറ ദൂരീകരിക്കാൻ ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് അങ്ങ് വായിച്ചുനോക്കുന്നത് നന്നായിരിക്കും എന്നാണ്. ഈ റിപ്പോർട്ട് മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 90-ാമത്തെ പേജിലെഴുതിയിട്ടുള്ള ആ വാചകമൊന്ന് പരിശോധിക്കുക. "ഈ പ്രോജക്ടിന്റെ ഇൻവെസ്റ്റിഗേഷനും എസ്റ്റിമേറ്റ് തയ്യാറാക്കലും പണികൾ 30.91 കോടി രൂപ ചെലവിൽ 1999-ലും 2000-ലുമായി 8 കൺസൽട്ടന്റുമാരെ ഡിപ്പാർട്ടുമെന്റ് ഏൽപ്പിച്ചു". 1999-ലും 2000-ലും കേരളം ആരായിരുന്നു ഭരിച്ചിരുന്നതെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. മാത്രമല്ല, അദ്ദേഹം ഇന്റർനെറ്റിൽ പോയി കുറേ കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ ഇന്റർനെറ്റിൽ പകുതി ഭാഗം മാത്രം വായിച്ച് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അങ്ങ് പറഞ്ഞത് കരാർ ഒപ്പുവച്ചത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെന്നാണ്. യഥാർത്ഥത്തിൽ രണ്ട് കരാറുകളുണ്ട്. ഒന്ന്, പാർട്ടിസിപ്പേഷൻ എഗ്രിമെന്റ്, രണ്ട്, ലോൺ എഗ്രിമെന്റ്. ഏറ്റവും സുപ്രധാനമായിട്ടുള്ള എഗ്രിമെന്റ് പാർട്ടിസിപ്പേഷൻ എഗ്രിമെന്റാണ്. ആ പാർട്ടിസിപ്പേഷൻ എഗ്രിമെന്റിൽ നിങ്ങൾ സമ്മതിച്ചതാണ് ഈ സംസ്ഥാനത്തേക്ക് വിദേശ കൺസൽട്ടൻസികൾ വരുന്നത് സമ്മതമാണെന്ന്. ആ തീരുമാനമെടുത്ത് കാബിനറ്റിൽ അത് സമ്മതിച്ചുകൊണ്ടുള്ള ഒപ്പുവച്ചത് സഖാവ് ഇ.കെ. നായനാരാണ്. അങ്ങേക്ക് സംശയമുണ്ടെങ്കിൽ ആ ഫയൽ പരിശോധിക്കാം.....(ബഹളം).....അതിൽ എടുത്തിട്ടുള്ള.....(ബഹളം).....

Mr. Speaker : Shri. Mathai Chacko...don't get upset. Please sit down...please resume your seat.....Shri. Mathai Chácko.....please resume your seat.

ശ്രീ. എം. കെ. മുനീർ : എല്ലാം പറഞ്ഞുതരാം. ശ്രീ. മോഹൻകുമാർ ചീഫ് സെക്രട്ടറിയാണ്. അദ്ദേഹം 16-5-1998-ൽ Ahluwalia-ക്ക് എഴുതിയ കത്തിൽ അതിന്റെ അവസാന ഭാഗത്ത് പറയുന്ന വാചകം ശ്രദ്ധിക്കു, In order to enable more substantive progress to be made in this respect, the Government of Kerala seeks the assistance of Government of India and the World Bank in the financing and formulation of various actions likely to require external expertise and consultancy services.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടുത്തെ കൺസൾട്ടൻസിയല്ല. എക്സ്റ്റേണൽ എക്സപർട്ടൈസും കൺസൾട്ടൻസിയും വേണമെന്ന് നിങ്ങൾ രേഖാമൂലം സമ്മതിച്ചതിന്റെ പേരിലാണ് പാർട്ടിസിപ്പേഷൻ എഗ്രിമെന്റ് ഒപ്പുവച്ചത്. പാർട്ടിസിപ്പേഷൻ എഗ്രിമെന്റിൽ പറഞ്ഞിട്ടുണ്ട്, 'ലോകബാങ്ക് എന്ത് നിബന്ധന വയ്ക്കുന്നുവോ ആ നിബന്ധനകൾ മുഴുവൻ അംഗീകരിക്കാൻ ഞങ്ങൾ തയ്യാറാണ്' എന്ന്. ആ നിബന്ധനയിലാണ് ഇന്റർനാഷണൽ കൺസൾട്ടൻസികൾക്ക് പുറമേ ഇന്റർ നാഷണൽ ബിഡ്ഡിംഗിലൂടെ ഇന്റർനാഷണൽ കോൺട്രാക്ടേഴ്സിനു കേരളത്തിലേക്ക് വരാനുള്ള സമ്മതപത്രം നിങ്ങൾ ഒപ്പിട്ട് കൊടുത്തത്. നിങ്ങൾ 25 ലക്ഷം രൂപയുടെ കാര്യം പറഞ്ഞല്ലോ, ...(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞുതീരട്ടെ, Please resume your seat....Please sit down .....ശ്രീ. മത്തായി ചാക്കോ.....ചെയറിന്റെ അനുവാദമില്ലാതെ ബഹളം ഉണ്ടാക്കുന്നത് ഒരു സീനിയർ മെമ്പർക്ക് യോജിച്ചതല്ല. ശ്രീ. മത്തായി ചാക്കോയെപ്പോലെ ഒരു ഫ്രണ്ട് ബഞ്ച് മെമ്പർ ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. ശ്രീ. മത്തായി ചാക്കോ പറയുന്നതൊന്നും രേഖയിൽ ഉണ്ടാവുകയില്ല.....ഇതു നല്ലതല്ല.....യെസ്.....യെസ്.....

ശ്രീ. എം. കെ. മുനീർ : സർ, 25 ലക്ഷം രൂപയുടെ ചെലവ് വരുന്ന സ്ഥാനത്ത് ഒന്നരക്കോടി രൂപ ചെലവ് വരുന്നു എന്ന് പറഞ്ഞു. 25 ലക്ഷം രൂപ വരുന്നസ്ഥാനത്ത് ഒന്നരക്കോടി രൂപ ചെലവഴിക്കാം എന്ന് സമ്മതിച്ചതും ആ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ ബിഡ്ഡ് നടത്തിയതും, (പദ്ധതിയുടെ മൊത്തത്തിലുള്ള ദർഘാസ് ക്ഷണം) നവംബർ 2000-ലാണ്. അതിന്റെ ഫെയ്സ് ഒൺ അപ്ഗ്രഡേഷൻ പണികൾക്കുള്ള ദർഘാസ് ക്ഷണം ഫെബ്രുവരി 2001-ലാണ് നടന്നിട്ടുള്ളത്. ആ ക്ഷണത്തിനു മുമ്പുതന്നെ 25 ലക്ഷം രൂപയുടെ സ്ഥാനത്ത് നിങ്ങൾ പറയുന്ന ഒന്നരക്കോടി രൂപ ഫിക്സ് ചെയ്തിരുന്നു. ആ ഫിക്സ് ചെയ്ത ധാരണയുടെ അടിസ്ഥാനത്തിൽ മാത്രമേ ദർഘാസ് ക്ഷണിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെയാണ് സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് '1999-2000-ൽ ഇൻവെസ്റ്റിഗേഷനും എസ്റ്റിമേറ്റ് തയ്യാറാക്കലും പണി' എന്നു പറഞ്ഞാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും 1999-2000-ൽ ആണ്. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു എന്തുകൊണ്ട് ഈ തെറ്റ് തിരുത്തിയില്ലായെന്ന്. ഞങ്ങൾ അത് പരിശോധിച്ചു. എല്ലാവരും പരിശോധിച്ചു, അതിൽ തെറ്റില്ലായെന്നു മനസ്സിലാക്കിയതുകൊണ്ടാണ്. നാഷണൽ ഹൈവേയുടെ വർക്കും ഇതും തമ്മിൽ വ്യത്യാസമുണ്ട്. ഈ വർക്കും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്യുന്ന വർക്കും തമ്മിലാണ് താരതമ്യം ചെയ്യേണ്ടത്. നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ ഒരു കിലോമീറ്ററിന് ചെലവാക്കുന്നത് നാല് കോടി രൂപയാണ്. ആ സ്ഥാനത്താണ് ഒന്നരക്കോടി രൂപ—ഇത് ഞങ്ങൾ എ.ജി.യെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചതിന്റെ ഫലമായി എ.ജി.യുടെ പുതിയ റിപ്പോർട്ട് വന്നിരിക്കുന്നു. ആ പുതിയ റിപ്പോർട്ടിൽ ഇതിനെക്കുറിച്ചുള്ള പരാമർശം പിൻവലിച്ചുകഴിഞ്ഞു. ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ചർച്ച വന്നു. ആറ് അഫിഡവിറ്റുകൾ ഗവൺമെന്റ് ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവസാനം ചീഫ് ജസ്റ്റീസ് പറയുകയുണ്ടായി, ഞങ്ങൾക്ക് ഇത് ബോധ്യമായിരിക്കുന്നു. ഇതിന്റെ റേറ്റ് ഫിക്സ് ചെയ്തതിലോ കൺസൾട്ടൻസിയെ ഏർപ്പാട് ചെയ്തതിലോ തെറ്റുകൾ ഒന്നും ഇല്ലെന്ന് ബോധ്യമായിരിക്കുന്നു എന്ന്. അത് പറഞ്ഞുകൊണ്ടാണ് ആ കേസ് ഹൈക്കോടതി തള്ളിയിട്ടുള്ളത്. സി.എ.ജി.യുടെ മുമ്പിലില്ലാത്ത പ്രശ്നം, ഹൈക്കോടതിയുടെ മുമ്പിലില്ലാത്ത പ്രശ്നം, ഇനിയും നിങ്ങൾക്ക് സംശയ മാണെങ്കിൽ ആ സംശയം ദൂരീകരിക്കാൻ എനിക്ക് സാധിക്കുകയില്ല. രാഷ്ട്രീയ ത്തിന്റെ തിമിരം ബാധിച്ച കണ്ണുകളിലൂടെ നോക്കുമ്പോൾ ഈ രീതിയിൽ മാത്രമേ നിങ്ങൾക്ക് വ്യാഖ്യാനിക്കാൻ സാധിക്കുകയുള്ളു. നിങ്ങളുടെ രണ്ട് കാലിലും മന്താണ്. ഒരു കാലിൽ ഉണില് പോലുമില്ലാത്ത എന്നെ നോക്കി മന്തുകാലാ എന്നു വിളിക്കാനുള്ള അധികാരം നിങ്ങൾക്കില്ല.

ശ്രീ. മത്തായി ചാക്കോ : സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തേയുള്ള ഡേറ്റാണെന്നു പറഞ്ഞല്ലോ. ഇത് നിങ്ങളുടെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിന്റെ ലോക ബാങ്ക് പ്രോജക്ടിന്റെ വെബ്സൈറ്റാണ്. മന്ത്രിയുടെ കൈയിലുള്ള രേഖയാണല്ലോ. വെബ്സൈറ്റിൽ നിന്ന് അതിന്റെ പ്രസന്റ് സ്റ്റാറ്റസ്, നിങ്ങൾ—ഗവൺമെന്റുതന്നെ—ഇറക്കിയിട്ടുള്ള പ്രസന്റ് സ്റ്റാറ്റസ് പറയുന്നത്, The World Bank Board has approved a long term loan- IBRD Loan Number 460 of 255 million US dollars to implement the project on 14th March, 2002. അന്ന് ആരാണ് മന്ത്രി,..... The project agreement was signed on 9th April, 2002 at New Delhi. The loan became effective on 6th June 2002. Pre-qualification tender ക്ഷണിച്ചത്, ...(ബഹളം).....

മി. സ്പീക്കർ : ശ്രീ. മത്തായി ചാക്കോ.....ഓർഡർ.....ഓർഡർ..... (ബഹളം)..... അതും ഇതുമായി ഒരു ബന്ധവുമില്ല. അന്ന് തീരുമാനിച്ച കാര്യം അദ്ദേഹം പറഞ്ഞു. ഇംപ്ലിമെന്റ് ചെയ്ത കാര്യം നിങ്ങൾ പറഞ്ഞു. ഇത് രണ്ടും തമ്മിൽ യാതൊരു കോൺട്രഡിക്ഷനുമില്ല. ...Yes.... you continue .....yes.

ശ്രീ. മത്തായി ചാക്കോ : പ്രോജക്ട് അംഗീകരിച്ചത് നിങ്ങളാണ്, എഗ്രിമെന്റ് ഒപ്പിട്ടത് നിങ്ങളാണ്. കരാർ ഉണ്ടാക്കിയത് നിങ്ങളാണ്.....

മി. സ്പീക്കർ : Yes.....sit down .....

ശ്രീ. എം. കെ. മുനീർ : സർ, ഇത് ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലാനുള്ള ശ്രമമാണ്. ഞാൻ പറഞ്ഞു. രണ്ട് എഗ്രിമെന്റുണ്ട്. അതിൽ പാർട്ടിസിപ്പേഷൻ എഗ്രിമെന്റിൽ ആണ് നിങ്ങൾ ഈ ധാരണകൾ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയത്. 1997-ൽ ആരംഭിച്ചതാണ് ഇതിന്റെ പ്രവൃത്തി.. 1997, 1998, 1999, 2000, 2001 അങ്ങനെ 5 വർഷം ഇതിനുവേണ്ടി പിന്നാലെ പോയിട്ടുള്ളത് നിങ്ങളാണ്. ആ സമയത്താണ് മുഴുവൻ ധാരണകളും ഉണ്ടായിട്ടുള്ളത്. സർ, സംശയമുണ്ടെങ്കിൽ രേഖകൾ മുഴുവൻ ഞാൻ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണ്. ലോൺ എഗ്രിമെന്റ് എന്നു പറയുന്നതിന്റെ അവസാനമാണ് ലോൺ. ആ ലോൺ അവൈൽ ചെയ്യുന്നതിനുവേണ്ടിയുള്ള എഗ്രിമെന്റാണ്. എല്ലാ ധാരണകളും ആയ ശേഷം ഈ ലോൺ ഞങ്ങൾ സ്വീകരിക്കുന്നു എന്നു പറയുന്ന എഗ്രിമെന്റ് മാത്രമാണ് ഞങ്ങൾ ഒപ്പിട്ടത്. അതിന് മുമ്പു തന്നെ 20 കോടി രൂപ മുൻ ഗവൺമെന്റ് കാലഘട്ടത്തിൽ ലോക ബാങ്കിൽ നിന്ന് സ്വീകരിച്ചു കഴിഞ്ഞിരുന്നു. ലോൺ എഗ്രിമെന്റിന് മുമ്പുതന്നെ ലോക ബാങ്കിൽ നിന്ന് 20 കോടി രൂപ സംഘടിപ്പിച്ചുകൊണ്ടാണ്— ആ പണം കൺസൾട്ടൻസികൾക്ക് കൊടുത്തു കൊണ്ടാണ്—ഇവർ (മുൻ ഗവൺമെന്റ്) ആദ്യത്തെ പ്രവൃത്തികൾ ആരംഭിച്ചത്.....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇതു സംബന്ധിച്ചുള്ള ഫയൽ വേണമെങ്കിൽ മേശപ്പുറത്തു വയ്ക്കാമെന്ന് .....(ബഹളം).....

മി. സ്പീക്കർ : വേണ്ടെന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഞാൻ ആവശ്യപ്പെടുകയാണ്

മി. സ്പീക്കർ : ആവശ്യപ്പെട്ടാലും ഗവൺമെന്റ് ഫയലുകളെല്ലാം മേശപ്പുറത്തു വയ്ക്കേണ്ട കാര്യമില്ല. Yes... you conclude...yes... സെക്ഷൻ എടുത്ത് വായിച്ചു നോക്ക്. Yes, you conclude.

ശ്രീ. എം. കെ. മുനീർ : സർ, ഞാൻ ഈ പറഞ്ഞത് സുതാര്യമാണ്. രാഷ്ട്രീയ തിമിരം ബാധിച്ചവരെ ഒരിക്കലും തിരുത്താൻ കഴിയുകയില്ല എന്ന് എനിക്കറിയാം. പക്ഷേ ഇവിടെ നിഷ്പക്ഷമായി പ്രതിപക്ഷത്തിരിക്കുന്ന കുറെ അംഗങ്ങളുണ്ട്. ഇവിടെ കുറെ വ്യക്തിത്വങ്ങളുണ്ട്. പത്ര പ്രതിനിധികളുണ്ട്. അവർക്കുവേണ്ടി ഞാൻ പറയുന്നു. ഞാൻ ആത്മാർത്ഥമായിട്ടാണ് ലോകബാങ്കിന്റെ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്. ഈ സംസ്ഥാനത്തിന്റെ നേട്ടങ്ങൾക്കുവേണ്ടി മാത്രമാണ് ഇതുമായി ഞാൻ മുന്നോട്ട് പോകുന്നത്. ഇതിൽ എന്റെ കരങ്ങളിൽ കറപുരണ്ടു എന്ന് പറയാൻ ആർക്കും കഴിയുകയില്ല. അത്രയും ആത്മാർത്ഥമായിട്ടാണ് ഇതിലെ ഓരോ കാര്യങ്ങളും ചെയ്യുന്നത്. ഇതിൽ ഉദ്യോഗസ്ഥന്മാരെ അടക്കം ഞാൻ പരിശോധിച്ചിട്ടുണ്ട്. ഓരോ ഘട്ടത്തിലും പരിശോധിച്ചിട്ടുണ്ട്. ഇതിൽ ആർക്കും ഒരു തെറ്റും പറയാൻ പറ്റാത്തതുകൊണ്ടാണ് ഹൈക്കോടതിയിൽ പോലും ഈ

LIBRARY ARCHIVES Kerala Legislative Assembly

കേസ് നിൽക്കാതെ തള്ളിപ്പോയിട്ടുള്ളത്. ഇതിനപ്പുറം ഞാൻ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജീവിതം ഈ കേരളത്തിലെ ജനങ്ങൾക്കറിയാം. അത് എനിക്ക് ശ്രീ. മത്തായി ചാക്കോയെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമില്ല.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിച്ച കൂട്ടത്തിൽ ഞാൻ, എന്റെ പിതാവിന്റെ പേരിൽ ബി. എഡ്. കോളേജ് ആവശ്യപ്പെട്ടു എന്നൊക്കെ പറഞ്ഞു. ഞാൻ അങ്ങനെ ഒരു കോളേജ് ആവശ്യപ്പെട്ടിട്ടില്ല. അങ്ങനെ ഒരു അപേക്ഷയും കൊടുത്തിട്ടില്ല. ഞാൻ ആരുടെ അടുത്തും ശുപാർശ ചെയ്തിട്ടില്ല. അങ്ങനെ ഒരു കോളേജ് അനുവദിച്ചിട്ടുമില്ല. പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടാണ്, അങ്ങനെയൊരു തെറ്റിദ്ധാരണയുണ്ടെങ്കിൽ—ഞാൻ ഒരു ബി.എഡ്. കോളേജിനു വേണ്ടിയും ശുപാർശ ചെയ്തിട്ടില്ലാത്ത ആളാണ്. ടി. കെ. ദിവാകരന്റെ പേരിലുള്ള ട്രസ്റ്റോ മറ്റ് ആരെങ്കിലുമോ അപേക്ഷിച്ചിട്ടുണ്ടായിരിക്കാം. പക്ഷേ ഞാൻ അതിനകത്തൊന്നും ഇടപെട്ടിട്ടില്ല. ആവശ്യപ്പെട്ടിട്ടില്ല. അത് രേഖയിൽ ഉണ്ടായിരിക്കുന്നതുകൊണ്ടാണ് ഞാനിത് ക്ലിയർ ചെയ്തത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ടി. കെ. ദിവാകരപ്പണിക്കർ എന്ന് പേരുള്ളതാണ്.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ വിശദീകരണം പത്രങ്ങളിൽ വന്നതുകൊണ്ടാണ് ഞാൻ അത് എടുത്ത് ചോദിച്ചത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ രണ്ടുമൂന്ന് ദിവസമായി നടന്ന ചർച്ചയിൽ ജിമ്മിനെക്കുറിച്ച് ധാരാളം പരാമർശിച്ചു. അവസാനം പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ പ്രധാന സൂത്രധാരൻ എന്നൊക്കെ പറഞ്ഞു. ഇനി ഞാൻ മിണ്ടാതിരുന്ന് അതിന് ഒരു ദുർവ്യാഖ്യാനം വരേണ്ട എന്നു കരുതി ഞാൻ രണ്ടു വാക്ക് പറയുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇതു സംബന്ധിച്ച് വിശദമായി സംസാരിക്കുന്നുണ്ട്. ഈ വിഷയങ്ങളൊക്കെ വരുമെന്ന് തന്നെയാണ് ഞാൻ കരുതുന്നത്. ഇവിടെ ജിം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോഴുള്ള സ്ഥിതിയെക്കുറിച്ച് നിരാശയോടുകൂടി സംസാരിക്കേണ്ട ഒരു ആവശ്യവുമില്ല. എല്ലാവരും സംസാരിക്കുമ്പോൾ 'ജിമ്മിന്റെ പരാജയം', 'ജിമ്മിന്റെ പരാജയം' എന്ന് പറയുന്നു. നമ്മൾ ഈ വിഷയം കുറച്ചൊന്ന് വ്യത്യസ്തമായി കാണണം. ആവേശഭരിതമായ, വാശിയേറിയ നമ്മുടെ സംവാദത്തിനിടയിൽ അല്പം ഒരു ചെറിയ സമന്വയത്തിന്റെ ഭാഷ നിക്ഷേപത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകണമെന്ന് അപേക്ഷിക്കുകയെന്നത് എന്റെ കടമയായതു കൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇൻഡ്യയിൽ ഇപ്പോൾ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളുമെടുത്ത് നോക്കുകയാണെങ്കിൽ സാമ്പത്തിക രംഗത്ത്, വികസന രംഗത്ത് വ്യത്യസ്തമായ ഒരു ചിത്രം വളർന്നുവരുന്നുണ്ട്. ഈ രംഗത്ത് നമ്മൾ പുറകിൽ പോകാതിരിക്കണമെന്നുണ്ടെങ്കിൽ പരസ്പരമുള്ള നമ്മുടെ ഈ ആവേശപ്രകടനവും അതുപോലെതന്നെ പരമ്പരാഗതമായി നമ്മൾ എടുത്തുപോരുന്ന സമീപനവും കൊണ്ട് സാധിക്കുകയില്ല. ദക്ഷിണേന്ത്യ സാമ്പത്തികമായി തൊഴിൽ രംഗത്തും അതുപോലെ നിക്ഷേപ രംഗത്തും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബൂം ചെയ്യുകയാണ്; വളരെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കർണ്ണാടക പോലുള്ള ചില സംസ്ഥാനങ്ങളൊക്കെ വളരെ വ്യത്യാസങ്ങൾ വരുത്തുകയാണ്. അക്കൂട്ടത്തിൽ നമ്മുടെ കേരളം യു.പി. പോലെയും ബീഹാർ പോലെയുമായി കിടക്കുന്നത് നമുക്ക് ആശാവഹമല്ല, ആശാസ്യമല്ല, ഭൂഷണമല്ല. ഭരണകക്ഷിക്ക് മാത്രമല്ല, രാഷ്ട്രീയ പ്രതിനിധികളായ നമുക്കാർക്കും ഇത് അത്രയധികം കാംക്ഷിക്കാവുന്ന ഒരു സ്ഥിതിയല്ല. അതുകൊണ്ടുതന്നെ അല്പമൊന്ന് ഉയർന്ന് ചിന്തിക്കേണ്ട സമയമായി. ജിം ഒരു സൂചനയാണ്. ജിം ഒരു ചൂണ്ടുപലകയാണ്. ഖജനാവിലെ പണം ഉപയോഗിക്കാതെ ഒരു ഡെവലപ്പ്മെന്റ് സാദ്ധ്യമാണ്. ഒരു റീ-സ്ട്രക്ചറിംഗ് സാദ്ധ്യമാണ്. അടിസ്ഥാന സൗകര്യരംഗത്ത് ഒരു വ്യത്യസ്ത ഡെവലപ്പ്മെന്റ് അജണ്ടയുണ്ടാക്കാൻ സാധിക്കും. അത് ഇവിടെ തെളിഞ്ഞു കഴിഞ്ഞു. ആളുകൾ കേരളത്തിലേക്ക് വരാൻ തയ്യാറുണ്ട്. നിക്ഷേപിക്കാൻ തയ്യാറുണ്ട്. കേരളത്തിന് സാദ്ധ്യതയുണ്ട്. കേരളത്തിന് ടൂറിസമുണ്ട്, ഐ.ടി. ഉണ്ട്, മറ്റ് രംഗങ്ങളുണ്ട്. വരാത്തതിന്റെ കാരണത്തിലേക്കാണ് ഞാൻ കടക്കുന്നത്. വരാത്തതിന്റെ കാരണം ഭരണകക്ഷിയിലെ ബഹളമല്ലാ .....(ബഹളം)..... നിയമസഭയിൽ ഇതിനെ സംബന്ധിച്ചിടത്തോളം സത്യസന്ധമായി പറയുമ്പോൾ അത് പറയേണ്ടി വരും. പക്ഷേ അതു മാത്രമല്ല പ്രശ്നം. അത് പരിശോധിക്കാൻ നമുക്ക് കഴിയുമോ എന്നുള്ളതാണ് പ്രശ്നം. ജിമ്മിന് പ്രധാനമന്ത്രി വന്നു, വലിയ നിക്ഷേപകർ വന്നു. പക്ഷേ, അവിടെ എല്ലാവരും കൈയടിച്ച് പ്രോൽസാഹിപ്പിച്ചതും മീഡിയ ഏറ്റവുമധികം ശ്രദ്ധിച്ചതുമായ പ്രസംഗം പ്രതിപക്ഷ നേതാവ് അവിടെ ചെയ്ത പ്രസംഗമായിരുന്നു. ആ പ്രസംഗത്തിന്റെ ചുരുക്കം നമ്മൾ നിക്ഷേപത്തിന്റെ കാര്യത്തിൽ ഒന്നിച്ച് നിൽക്കും എന്നുള്ളതാണ്. പക്ഷേ ഈ സംസ്ഥാനത്തെ മാറ്റിയെടുക്കാനുള്ള sincere ആയിട്ടുള്ള above politics കണ്ടുകൊണ്ടുള്ള ഒരു സമീപനമെടുക്കാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാൻ സമയമായി. .....(ബഹളം)..... അവിടെയാണ് തെറ്റ്. നിങ്ങൾ ഇങ്ങനെ പറയുന്നത് തെറ്റാണ്. നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കരുത് കാരണം ബംഗാൾ ചെയ്യുന്നു, ബാക്കിയുള്ളവർ ചെയ്യുന്നു. എന്താ യു.ഡി.എഫ്. മാത്രമാണോ കേരളം? എൽ.ഡി.എഫ്. കൂടി അടങ്ങിയതല്ലേ കേരളം? കേരളം റെഡിയാണോയെന്നുള്ളതാണ് പ്രശ്നം. ഇതിന് കർണ്ണാടക സംസ്ഥാനം ഒരു ഉദാഹരണമാണ്. കർണ്ണാടകയുടെ മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 50 ശതമാനവും വരുന്നത് അതിന്റെ ക്യാപ്പിറ്റലായ ബാംഗ്ലൂരിലാണ്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വന്നുകൊണ്ടിരിക്കുന്ന ഐ. ടി. നിക്ഷേപം, അവിടെ ജി.ഡി.പി.യിലുണ്ടായ വർദ്ധനവ്, ജി.ഡി.പി.യിലേക്ക് ഇപ്പോൾ അടുത്തകാലത്ത് വന്നിരിക്കുന്ന നിക്ഷേപം കൊടുക്കുന്ന പെർസന്റേജ് ഐ.ടി.യിൽ നിന്ന് മാത്രം പത്തിരുപത്തിയഞ്ച് ശതമാനം അവരുടെ മൊത്തം വരുമാനത്തിലുണ്ടായ വർദ്ധനവ്, തൊഴിൽ രംഗത്ത് അവർക്കുണ്ടായ വർദ്ധനവ്, തൊഴിലില്ലായ്മയ്ക്ക് അവർ കണ്ട പരിഹാരം, ഒരു ദശകത്തിനുള്ളിൽ 20 ശതമാനം മലയാളികൾക്ക് ബാംഗ്ലൂരിൽ ജോലി കൊടുക്കാൻ അവർക്ക് കഴിഞ്ഞു എന്നുള്ളതൊക്കെ നമുക്ക് ചൂണ്ടുപലക ആകേണ്ടതാണ്. അതുകൊണ്ട് നമ്മൾ സപ്പോർട്ട് കൊടുക്കുകയും നമ്മുടെ കൺവെൻഷണൽ രീതിയിൽ കുറച്ച് മാറ്റം വരുത്തുകയും ചെയ്താൽ ജിം എവിടേയും പോയിട്ടില്ല, ജിമ്മിലെ പ്രോജക്ടുകൾ എവിടെയും പോയിട്ടില്ല. ആളുകൾ വെയിറ്റ് ചെയ്യുകയാണ്. 26,000 കോടിയല്ല, അതിനപ്പുറവുമുണ്ട്. ഐ.ടി.യിൽ അയ്യായിരവും പതിനായിരവും ആളുകൾക്ക് ഒറ്റയടിക്ക് ജോലി കൊടുക്കാൻ കഴിയുന്ന തൊഴിൽ മേഖല ഓപ്പൺ ചെയ്ത് കർണ്ണാടക മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നു. ചൈന മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നു. ലോകം മുഴുവൻ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ പ്രൊവൈഡ് ചെയ്യുന്ന ഐ. ടി. അടക്കമുള്ള പുതിയ ഫീൽഡിൽ ഉള്ളവർ 'ഞങ്ങൾ തയ്യാറാണ്' എന്ന് പറഞ്ഞ് സൈൻ ചെയ്യാൻ വരുന്ന ആളുകൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ആ ചോദ്യത്തിന്റെ ഉത്തരം പറയാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ഏറ്റവും വലിയ ചോദ്യമെന്നു പറയുന്നത് ഒന്ന് അടിക്കടി നടന്നുകൊണ്ടിരിക്കുന്ന ബന്ദാണ്. ഞാൻ പ്രതിപക്ഷത്തെ അല്ലല്ലോ കുറ്റം പറയുന്നത്. ഏത് ചെറിയ കടലാസ് സംഘടനകളും ഇവിടെ രണ്ട് വരി എഴുതി കൊടുത്താൽപ്പിന്നെ പിറ്റേന്ന് ഓഫാണ്. 24 മണിക്കൂറും പ്രവർത്തിക്കേണ്ട, ഒരു മുടക്കവും വരാൻ പാടില്ലാത്ത കമ്പനികൾ എങ്ങനെ ഇങ്ങോട്ട് വരും? എങ്ങനെ ഇവിടെ നിക്ഷേപിക്കും? ആ ചോദ്യത്തിന് ആൻസർ ചെയ്യാൻ പറ്റുന്നില്ല. ആ ചോദ്യത്തിന് ആൻസർ ചെയ്യാൻ പറ്റുന്ന അജണ്ട എടുത്ത് ഒന്ന് കൺസ്ട്രക്ടീവായി നമ്മൾ ഒരുമിച്ച് ഡിസ്ക്കസ്സ് ചെയ്യാൻ തയ്യാറാകുന്നതിന് എന്താണ് ബുദ്ധിമുട്ട്? ഇവിടെ നിങ്ങൾ അല്ലല്ലോ എല്ലാം. മാർക്സിസ്റ്റ് പാർട്ടി റീസണബിളായിട്ടുള്ള കാരണങ്ങളാൽ ഒരു ഹർത്താൽ ഇവിടെ നടത്തുന്നത് മനസ്സിലാക്കാം. ഒരു മാസം എത്ര ഹർത്താലാണ്? ജിം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ എത്ര ഹർത്താൽ നടന്നു? ഒരു മാസം ശരാശരി എത്ര ഹർത്താൽ നടന്നു എന്ന് ഒന്ന് പരിശോധിക്കാമോ? അതാണ് ഇവിടെ ചർച്ച ചെയ്യേണ്ടിയിരുന്നത്. അതാണ് നമ്മൾ പരിശോധിക്കേണ്ടിയിരുന്നത്. ആ സ്ഥിതി തുടരുകയാണെങ്കിൽ രക്ഷയില്ല. അത് തുടരുകയാണെങ്കിൽ നമ്മൾ ബീഹാറിന്റെയും യു.പി.യുടെയും സ്ഥാനത്ത് വരും. സൗത്ത് ഇന്ത്യ ബും ചെയ്ത് മുന്നോട്ട് പോവുകയാണ്. കർണ്ണാടകയും തമിഴ്നാടും മറ്റ് സംസ്ഥാനങ്ങളും മുമ്പോട്ട് പോവുകയാണ്. എന്തിനധികം? മുഖ്യമന്ത്രി പറയുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. ബംഗാളിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാരം; എന്തിന് കേരളത്തെ മാത്രം ഇങ്ങനെ കെട്ടിയിടണം? ഇൻവെസ്റ്റേഴ്സിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ബംഗാൾ ചെയ്യുന്നതെങ്കിലും നമുക്ക് ചെയ്തുകൂടേ? ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ഓരോ അഞ്ച് വർഷം കഴിയുമ്പോഴും ഇവിടെ ഭരണം മാറിമാറി വരുന്നു. മാറി വരുന്ന ആളുകൾക്ക് രാഷ്ട്രീയത്തിനതീതമായി ഇൻവെസ്റ്റ്മെന്റ് കണ്ട് അത് പ്രോത്സാഹിപ്പിക്കണമെന്ന ഒരു തീരുമാനമെടുക്കുന്നതിൽ എന്താണ് ബുദ്ധിമുട്ട്? എന്തുകൊണ്ട് അത് ചർച്ച ചെയ്യുന്നില്ല? പിന്നെ എവിടെ തൊഴിലവസരങ്ങൾ ഉണ്ടാകാനാണ്? പരമ്പരാഗത വ്യവസായ മേഖലയിലോ? പ്രശ്നങ്ങൾ എല്ലാ സ്ഥലത്തുമുണ്ട്. എത്ര പിടിച്ചാലും നിൽക്കാത്ത പ്രശ്നങ്ങളുണ്ട്. പൊതുമേഖലയിൽ എത്ര പിടിച്ചാലും നിൽക്കാത്ത ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് പുതിയതായി വരുന്ന തൊഴിൽ മേഖല, പുതിയതായി വരുന്ന ഇൻവെസ്റ്റ്മെന്റ്, പുതിയതായി നമ്മുടെ രാജ്യത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനം മാറ്റി നിർത്തപ്പെടുകയാണ്. ആരുടെ കയ്യിലും അലാവുദ്ദീന്റെ അദ്ഭുതവിളക്കൊന്നുമില്ല. പക്ഷേ വ്യവസായ വകുപ്പ് മാത്രം വിചാരിച്ചാൽ, ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ല. കഴിയണമെങ്കിൽ നമ്മൾ ചർച്ച ചെയ്യണം. ഇതൊന്നും കണ്ടിട്ട് യാതൊരുവിധ വികാരങ്ങളും ഇല്ലാതെ നിസ്സംഗതയോടെ നോക്കിനിൽക്കുന്ന ഒരു കൂട്ടരാണ് രാഷ്ട്രീയ നേതാക്കന്മാരെന്ന് പുതിയ തലമുറയെക്കൊണ്ട് പറയിപ്പിക്കരുത് എന്ന് മാത്രമേ എനിക്ക് ഈ നിയമസഭയിൽ പറയാനുള്ളൂ. തൊഴിലവസരം പോയാലും തരക്കേടില്ല, എന്തു വന്നാലും തരക്കേടില്ല. ആർക്കും എന്തും ചെയ്യാവുന്ന ഒരു സ്ഥിതിവിശേഷം. രാജ്യപുരോഗതിക്ക് ഭൂഷണമാണോ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച്.....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പറയാം., ഞാൻ പറയാം.....പൊതു മേഖലയെക്കുറിച്ച് ഞങ്ങൾക്ക് വേറൊരു സമീപനവും ഇല്ല. ഞാൻ പ്രതിപക്ഷ നേതാവുമായിട്ട് ഈ അടുത്ത കാലത്ത് നേരിട്ട് സംസാരിച്ചു. ഒരൊറ്റ പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ചും നിങ്ങൾക്കുള്ളതിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനവും ഗവൺമെന്റിനില്ല. ഓട്ടോ കാസ്റ്റിനെപ്പറ്റി അങ്ങ് പരാമർശിച്ചു. ഓട്ടോ കാസ്റ്റിന്റെ കാര്യത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല. പൊതുമേഖലയെ സംബന്ധിച്ച് എന്താ ചെയ്യേണ്ടതെന്ന് ആലോചിക്കാം. ഞങ്ങൾക്ക് ആകെ ഒരു സ്കീമേയുള്ളൂ. എന്താണ് വി.ആർ.എസും, ഒ.ടി.എസും. അത് വേണ്ടെന്ന് ആരും പറയില്ലല്ലോ. കാരണം ഓരോ പൊതുമേഖലാ സ്ഥാപനവും എന്ത് ചെയ്യണമെന്നുള്ളത് ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിലും പറഞ്ഞു. ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. പിന്നെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണം? ചില പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയുണ്ട്. ഇപ്പോൾ കശുവണ്ടിക്ക് നൂറു കോടി രൂപയാണ് കൊടുത്തത്. എത്ര കാലം ഇങ്ങനെ കൊടുക്കും? നമ്മുടെ മുമ്പിലുള്ള ഒരു ചോദ്യമാണിത്. എല്ലാ രാജ്യങ്ങൾ തമ്മിലും ഈ ചോദ്യം ഉണ്ടായിട്ടുണ്ട്. ചൈനയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള വലിയ ചോദ്യം അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

മുൻപിൽ വന്നു. ധീരമായ ചില തീരുമാനങ്ങൾ അവർ എടുത്തു. ഇതേ ചോദ്യം ബംഗാളിൽ വന്നു. ധീരമായ ചില തീരുമാനങ്ങൾ അവർ എടുത്തു. ഒന്നും ചെയ്യണ്ടാ എന്നു വച്ച് സംഭവിക്കുന്നത് സംഭവിക്കട്ടെ എന്നുവച്ച് അതാതു കാലത്ത് കുറേശ്ശെ കുറേശ്ശെ കാശ് കൊടുക്കുന്നതാണോ സർവ്വീസ്? എന്തെങ്കിലും ഒന്ന് ഇതിനെക്കുറിച്ച് തീരുമാനിക്കേണ്ടിവരും. നമുക്ക് ചർച്ച ചെയ്യാം, പൊതു മേഖലയെക്കുറിച്ച് വ്യത്യസ്തമായ ഒരു സമീപനവും ഗവൺമെന്റിനില്ല. ഇതുകൊണ്ട് വേറെ എന്തെങ്കിലും ചെയ്യാനും ഞാൻ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നിക്ഷേപങ്ങളുടെ കാര്യത്തിലും ഇരുപത്താറായിരം കോടി എന്നു പറയുന്നത് ഒരു സൂചനയാണ്. വേണമെങ്കിൽ സാധിക്കും. നമുക്ക് വേണമെങ്കിൽ മാറ്റം വരുത്താം. ഞാൻ അടിവരയിട്ട് പറയുകയാണ് വേണമെങ്കിൽ മാത്രമേ നടക്കുകയുള്ളൂ. അല്ലെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും ആരോപണം പറഞ്ഞ് തടസ്സപ്പെടുത്തി നിസ്സാരപ്രശ്നത്തിന് ഹർത്താലും ബന്ദും നടത്തി, ഇങ്ങനെ പോയാലുണ്ടല്ലോ എവിടേയും എത്തുകയില്ല. നിങ്ങൾക്കും പറയാം നമുക്കും പറയാം. ഇക്കൂട്ടരെപ്പറ്റി ഇങ്ങനെ പറഞ്ഞു സമയം കളയുന്നവർ, എന്നു ചിന്തിക്കുന്ന, നിരീക്ഷിക്കുന്ന, ഒരു ജനത ഇവിടെ വളർന്നു വരും. അവർ നമ്മളെ എഴുതിത്തള്ളും എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചത് ഭരണ കക്ഷിയുടെതന്നെ ഒരു ഉപ സമിതിയെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പഠിക്കാനും ഒരു നോട്ട് സമർപ്പിക്കാനും വച്ചിരുന്നു എന്നും, അതനുസരിച്ച് ശ്രീ. എ. വി. താമരാക്ഷന്റെ നേതൃത്വത്തിലുള്ള ആ കമ്മിറ്റി ഈ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടേണ്ടതില്ല എന്നും അവയെല്ലാം പുനഃരുദ്ധരിക്കാൻ കഴിയുന്നവയാണ് എന്നും, ഈ ഓരോ വ്യവസായ സ്ഥാപനത്തിന്റെയും ട്രേഡ് യൂണിയനുകളുടേയും, സ്റ്റാഫിന്റെയും പ്രതിനിധികളുമായിട്ട് ചർച്ച ചെയ്തതിനുശേഷം അദ്ദേഹമോ അദ്ദേഹം അടങ്ങുന്ന കമ്മിറ്റിയോ തയ്യാറാക്കിയ ഒരു റിപ്പോർട്ട് വ്യവസായ മന്ത്രിക്കും ഗവൺമെന്റിനും നൽകി എന്നും അറിയുന്നത് ശരിയാണോ? അത് സ്വീകരിച്ചോ? നിരാകരിച്ചോ? എന്താണ് ആ റിപ്പോർട്ടിന്റെ സ്ഥിതി? അങ്ങനെയൊരു റിപ്പോർട്ട് കിട്ടിയോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ശ്രീ. താമരാക്ഷനും അതുപോലെ യു.ഡി.എഫ്-ന്റെ ഉപ സമിതി അംഗങ്ങളും ഒരു റിപ്പോർട്ട് സമർപ്പിച്ചത് ശരിയാണ്. അത് വ്യത്യസ്തമായി എന്തെങ്കിലും അടങ്ങുന്നതല്ല. ഈ പറഞ്ഞ മാതിരി തന്നെ വി.ആർ.എസും, ഒ.ടി.എസും ഒക്കെ നടത്തി ഈ കടമൊക്കെ വീട്ടാമെന്നാണ് പറഞ്ഞിരിക്കുന്നത്. ചിലത് അടക്കേണ്ടി വരും എന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ചിലത് പൊതുമേഖലയിൽ തന്നെ നിലനിർത്താവുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മറ്റുള്ള ശുപാർശകളും ഉണ്ട്. ഞാൻ പറഞ്ഞല്ലോ പ്രതിപക്ഷത്തിന് വല്ല നിർദ്ദേശവും ഉണ്ടെങ്കിൽ അതും നോക്കാം. ഓരോ പൊതുമേഖലാ സ്ഥാപനവും പരിശോധിക്കാം. ഓട്ടോ കാസ്റ്റിൽ എന്താ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത് എന്ന് നമുക്ക് ആലോചിക്കാം. ഒന്നും തീരുമാനിച്ചിട്ടില്ല. കെ.എസ്.ഡി.പി., (ആലപ്പുഴയിലെ ഫാർമസ്യൂട്ടിക്കൽസ്) ആരോഗ്യ വകുപ്പ് ഏറ്റെടുക്കട്ടെ എന്നാണ് അവർ പറഞ്ഞത്.....:.(ബഹളം).....(ബഹളം).....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : എറണാകുളം കഴിഞ്ഞാൽ വളർന്നു വരുന്ന മറ്റൊരു വ്യവസായ മേഖലയാണല്ലോ പാലക്കാട്ടെ കഞ്ചിക്കോട്. പത്തു പതിനഞ്ചോളം വ്യവസായ സ്ഥാപനങ്ങൾ അടച്ചിട്ടു. നിരവധി തൊഴിലാളികൾ തൊഴിൽരഹിതരാണ്. ഇതു സംബന്ധിച്ച് ഞാൻ എത്രയോ പ്രാവശ്യം ചർച്ച ചെയ്യാമെന്നു പറഞ്ഞു. അത് അങ്ങനെതന്നെ നിൽക്കുകയല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പാലക്കാട് വന്നു; മീറ്റിംഗിൽ അങ്ങ് ഉൾപ്പെടെ അറ്റന്റ് ചെയ്തു. വിശദമായ ചർച്ച നടത്തി; രണ്ടു മാസം കഴിഞ്ഞതേയുള്ളൂ. ഇതൊക്കെ വ്യവസായ സ്ഥാപനങ്ങളല്ലേ; ഇവിടെ ചില വ്യവസായ സ്ഥാപനങ്ങൾ പുതിയത് വരുന്നുണ്ട്. പഴയതിന് പ്രശ്നങ്ങളുണ്ട്. ആ മീറ്റിംഗിന്റെ തീരുമാനം ഗവൺമെന്റ് വളരെ സീരിയസ്സായിട്ട് മുന്നോട്ട് കൊണ്ടു പോകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ച് കഴിഞ്ഞ മൂന്നു ദിവസമായി ഈ സഭയിൽ വളരെ ഫലപ്രദമായ ചർച്ചകളാണ് നടന്നത്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള അംഗങ്ങൾ ഇത്തവണത്തെ ചർച്ചയ്ക്കിടയിൽ സാധാരണയിൽ കവിഞ്ഞ സംയമനവും, ക്രിയാത്മക സമീപനവും സ്വീകരിച്ചു എന്നാണ് എന്റെ വിലയിരുത്തൽ. പൊതുവെ ശാന്തമായ അന്തരീക്ഷത്തിൽ ഈ ചർച്ചകൾ ഇതുവരെ മുന്നോട്ട് പോയത് ഭാവിയെക്കുറിച്ചുള്ള ഒരു നല്ല സൂചനയായിട്ടാണ് ഞാൻ കാണുന്നത്. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ വ്യവസായ വകുപ്പുമന്ത്രി അവസാനിപ്പിച്ചിടത്തു നിന്നാണ് ഞാൻ തുടങ്ങുന്നത്. നമ്മുടെ പരമ്പരാഗതമായ ചില ശൈലികൾ ഉപേക്ഷിക്കില്ല. ഉപേക്ഷിക്കണമെന്ന് കാലം നമ്മോട് ആവശ്യപ്പെട്ടാലും ഉപേക്ഷിക്കില്ല എന്ന പിടിവാശി ആരും വച്ചു പുലർത്തരുത്. ലോകം മാറുന്നു; അതിവേഗം മാറുന്നു. ഇൻഡ്യ മാറുന്നു. അയൽ സംസ്ഥാനങ്ങൾ മാറുന്നു. പ്രതീക്ഷകൾ വർദ്ധിക്കുന്നു. ഇനി വർഷങ്ങളോളം കാത്തിരിക്കുവാൻ ജനങ്ങൾ തയ്യാറല്ല. ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ വരുന്ന മാറ്റങ്ങൾ ലോകം മുഴുവൻ ഓടിനടന്ന് കഷ്ടപ്പെടുന്ന മലയാളികൾ അവിടെക്കാണുന്ന ഭൗതിക പുരോഗതി, ജീവിത സൗകര്യങ്ങൾ, ആധുനികത കേരളത്തിലും ഉണ്ടാകണം എന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. സാധാരണ പൗരൻമാർ ആഗ്രഹിക്കുന്നു, പ്രത്യേകിച്ച് ഇളം തലമുറ ആഗ്രഹിക്കുന്നു. അവരുടെ ആഗ്രഹം അനുസരിച്ച് മുന്നോട്ട് പോകണമെങ്കിൽ കേരളം മാറണം. ഇതാണ് എന്റെ സുഹൃത്ത് ഇവിടെ പറഞ്ഞ് അവസാനിപ്പിച്ചത്. കഴിഞ്ഞ മുപ്പത്തിരണ്ടു മാസക്കാലമായി ഈ സർക്കാർ നടത്തുന്ന ശ്രമം അതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടാണ്. അലാവുദ്ദീന്റെ അൽഭുത വിളക്കുകൊണ്ട് ഈ സംസ്ഥാനമാകെ സുന്ദരകേരളമാക്കിയെന്നോ, ഐശ്വര്യ കേരളം ആക്കിയെന്നോ ഞങ്ങളാരും അവകാശപ്പെടുന്നില്ല. ഈ സർക്കാർ കേരളത്തിനോട് ഏറ്റവും വലിയൊരു കാര്യത്തിൽ നീതി കാണിച്ചിട്ടുണ്ട്. ഞങ്ങൾ ദൗത്യബോധത്തോടുകൂടി പ്രവർത്തിക്കുകയാണ്; ചുവരെഴുത്ത് മനസ്സിലാക്കി പ്രവർത്തിക്കുകയാണ്. മാറുന്ന കാലഘട്ടത്തിന്റെ നാടിന്റെ നാഡീസ്പന്ദനങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഈ സർക്കാരിന്റെ മുപ്പത്തിരണ്ടു മാസക്കാലത്തെ നേട്ടം എന്താണെന്ന് ചോദിച്ചാൽ ഒറ്റ വാചകത്തിൽ ഞാൻ പറയാം. പുതിയ ദിശാ ബോധം ഈ സംസ്ഥാനത്തിന് നൽകുവാൻ ഈ സർക്കാർ ആത്മാർത്ഥമായ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഡോഗ്മാറ്റിക് സൊസൈറ്റിയിൽ നിന്നും, മുദ്രാവാക്യങ്ങൾ മാത്രം മുഴക്കുന്ന സൊസൈറ്റിയിൽ നിന്നും കേരളത്തെ ഒരു ക്രിയേറ്റീവ് സൊസൈറ്റിയാക്കി, വികസനത്തിന് ഊന്നൽ കൊടുക്കുന്ന ഒരു സൊസൈറ്റിയാക്കി മാറ്റുവാൻ ഈ സർക്കാർ ശ്രമമാരംഭിച്ചിട്ടുണ്ട് എന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. ഈ സംസ്ഥാനത്തിന്റെ കാര്യം പറയുമ്പോൾ 'ഞങ്ങൾ', 'നിങ്ങൾ' എന്നു പറയാതെ 'നമ്മൾ' എന്നു പറയണം. കഴിഞ്ഞുപോയ കാലങ്ങളിൽ പറ്റിയ അപാകതകൾ തിരുത്തുവാൻ ഞങ്ങൾ ചില ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 11-ാം ധനകാര്യ കമ്മീഷൻ ഈ സംസ്ഥാനത്തോട് കടുത്ത അനീതിയാണ് കാണിച്ചത്; കടുത്ത അവഗണനയാണ് കാണിച്ചത്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്ന് എനിക്ക് വേണമെങ്കിൽ വിശദീകരിക്കാം. രാഷ്ട്രീയമായി സ്കോർ ചെയ്യാൻ ശ്രമിക്കാം. ഞാനതിന് ശ്രമിക്കുന്നില്ല. ഏതായാലും കഴിഞ്ഞ ധനകാര്യ കമ്മീഷൻ കേരളത്തെ അവഗണിച്ചു. 3500 കോടി രൂപയുടെ നഷ്ടമാണ് കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ കാലഘട്ടത്തിൽ ഒരു അവാർഡ് മൂലം നമുക്ക് നഷ്ടമായത്. ഇന്ന് നാം അനുഭവിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണം അതാണ്. ഞങ്ങളുടെ കാലാവധിക്ക് വേണ്ടി മാത്രമല്ല, വരാൻ പോകുന്ന അഞ്ച് വർഷം 2006 മുതലുള്ള അഞ്ചുവർഷക്കാലം, ഈ സർക്കാരിന് ഒരു വർഷം മാത്രമേ അതിന്റെ പ്രയോജനം കിട്ടുകയുള്ളൂ. അഞ്ചു വർഷക്കാലം കേരളത്തിന് മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുണ്ടാക്കുന്നതിന് സഹായകമായ നിലയിൽ 12-ാം ധനകാര്യ കമ്മീഷന്റെ സന്ദർശനം നമ്മൾ കൈകാര്യം ചെയ്തു. ഏറ്റവും ഫലപ്രദമായി ഈ സംസ്ഥാനത്തിന്റെ കേസ് ധനകാര്യ കമ്മീഷന്റെ മുമ്പാകെ അവതരിപ്പിച്ചു. അവർ തന്നെ പറഞ്ഞു, നിങ്ങൾക്ക് ഒരു കേസുണ്ട്. ..... നിങ്ങൾ സഹകരിച്ചു, നിങ്ങളെ ഞങ്ങൾ സഹകരിപ്പിച്ചു എന്ന്. ശ്രീ. പി. സി. ജോർജും സഹകരിച്ചു. നല്ല കാര്യം. നല്ല കാര്യങ്ങൾ ജോർജ് ചെയ്താലും ഞാൻ അംഗീകരിക്കാറുണ്ട്. ഏതായാലും പഴയ ജോർജല്ല, ജോർജ് ഒരുപാട് മാറി. മാണി സാറിനോടും അടുത്തുകൊണ്ടിരിക്കുകയാണ്. ..... (ബഹളം)..... ഞാൻ എന്റെയൊരു ആഗ്രഹം പറഞ്ഞതാണ്. ഏതായാലും പ്രതിപക്ഷംകൂടി സഹകരിച്ചു. നമ്മുടെ ഗവൺമെന്റ്, പ്രതിപക്ഷം, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥ വൃന്ദം, ഇവിടുത്തെ സാമ്പത്തിക വിദഗ്ദ്ധർ, വാർത്താ മാധ്യമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും സമീപകാലത്ത് ഒരു ടീമായി പ്രവർത്തിച്ചതിന്റെ ഫലമായി കേരളത്തിന്റെ കേസ് ഫലപ്രദമായി പ്രസന്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത അവാർഡ്, സാമാന്യം മെച്ചപ്പെട്ട അവാർഡ് കിട്ടും എന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ഭാവിക്കുവേണ്ടി കഴിഞ്ഞ സമ്മേളനത്തിനുശേഷം ഗവൺമെന്റ് എടുത്ത ഒരു നടപടിയാണ്. എന്റെ സ്നേഹിതൻ ശ്രീ. ബിനോയ് വിശ്വവുമായി ഇന്നലെ ഒരു സ്വകാര്യ സംഭാഷണം നടന്നതിൽ..... പടന്ന മുതൽ നാദാപുരം വരെയുള്ള പ്രദേശങ്ങൾ- പടന്ന, ചെറുവത്തൂർ, തളിപ്പറമ്പ്, തലശ്ശേരി, പാനൂർ, കൂത്തുപറമ്പ്, നാദാപുരം ഇവയാണ് കേരളത്തിലെ സ്ഥിരമായ യുദ്ധഭൂമി. അടിയന്തിരാവസ്ഥക്കാലത്തു പോലും കേരളത്തിലെ യുദ്ധഭൂമിയായിരുന്നു ഈ പ്രദേശങ്ങൾ. രാഷ്ട്രീയ കൊലപാതകങ്ങൾ സ്ഥിരമായിരുന്നു, രക്തചൊരിച്ചിൽ, വസ്തു നശിപ്പിക്കൽ..... എത്ര ഡസൻ കണക്കിന് ആളുകളാണ് കയ്യും കാലും കണ്ണും പോയവരും, ഭർത്താവിനെ നഷ്ടപ്പെട്ടവരായിട്ടും, മക്കളെ നഷ്ടപ്പെട്ടവരായിട്ടും ആ പ്രദേശങ്ങളിൽ ഉള്ളത്! ഇന്ന് ആ പ്രദേശങ്ങളിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഏതാണ്ട് ഇല്ലാതായിരിക്കുന്നു. മലബാറിലെ രാഷ്ട്രീയ യുദ്ധഭൂമിയിൽ ഇന്ന് സമാധാനം പുലരുന്നു. ഇന്നലെ എന്നോട് ശ്രീ. ബിനോയ് വിശ്വം സ്വകാര്യമായി സംസാരിച്ചപ്പോൾ പറഞ്ഞത് രാത്രി 12 മണിക്ക് കല്ലാച്ചി അങ്ങാടിയിൽ തട്ടമിട്ട മുസ്ലീം സഹോദരിമാർ നിർഭയരായി നടന്നുപോകുന്ന കാഴ്ച കണ്ടപ്പോൾ അദ്ദേഹത്തിന് രോമാഞ്ചമുണ്ടായി എന്നാണ്.(ബഹളം.....) (ബഹളം.....)

മി. സ്പീക്കർ : ഓർഡർ, ഓർഡർ

ശ്രീ. എ. കെ. ആന്റണി : അങ്ങനെയൊരു അന്തരീക്ഷം നാദാപുരത്ത് വളർത്തിയെടുത്തതിൽ എല്ലാവർക്കും പങ്കുണ്ട്. ശ്രീ. ബിനോയ് വിശ്വത്തിന് കാര്യമായ പങ്കുണ്ട്. ഞാൻ അതിനെ ചെറുതായി കാണുന്നില്ല. ഞാൻ പറഞ്ഞത് മലബാറിൽ സ്ഥിരമായി അങ്കക്കളി നടന്നിരുന്ന പ്രദേശങ്ങളെല്ലാം ഇന്ന് ശാന്തമായിരിക്കുന്നു. മാറാട് നേരത്തേ പ്രശ്നം ഉണ്ടായിരുന്നു.

ശ്രീ. ബിനോയ് വിശ്വം : നമ്മൾ തമ്മിൽ സംസാരിച്ചപ്പോൾ ഞാൻ അഭിമാനപൂർവ്വം പറഞ്ഞു; അങ്ങും അത് പങ്കുവച്ചു—നാദാപുരത്ത് തീർച്ചയായും പുതിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പതിനായിരക്കണക്കായ ഹിന്ദുക്കളും മുസ്ലീങ്ങളുമായ സ്ത്രീ-പുരുഷന്മാർ കല്ലാച്ചി അങ്ങാടിയിലൂടെ നടന്നപ്പോൾ സന്തോഷമുണ്ടായി എന്ന്. എന്റെ വാദം കൂടി കേൾക്കണം. അവിടെ സമാധാനം ഉണ്ടാക്കിയത് ആരാണ്? ഇവിടുത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) യും, മുസ്ലീം ലീഗും അടക്കമുള്ള ചെറുതും വലുതുമായ എല്ലാ പാർട്ടികളും നടത്തിയ രണ്ട്-രണ്ടര കൊല്ലത്തെ അക്ഷീണ പരിശ്രമം കൊണ്ടാണ് നാദാപുരത്ത് മാറ്റങ്ങളുണ്ടായത്. അതിൽ തീർച്ചയായും നന്ദിയുണ്ട്. എന്റെ ചോദ്യം, ഈ തത്വങ്ങൾ മാറാട് പ്രാവർത്തികമാക്കാൻ എന്തേ അങ്ങ് മടികാണിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : നാദാപുരത്ത് മാറ്റങ്ങൾ ഉണ്ടായതിന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പങ്കുണ്ട്. ആ പാർട്ടികളെയെല്ലാം പ്രതിനിധീകരിക്കുന്ന എം.എൽ.എ. എന്ന നിലയിൽ ശ്രീ. ബിനോയ് വിശ്വത്തെ ഞാൻ അഭിനന്ദിക്കുന്നു. മാറാടും കാര്യങ്ങൾ മുന്നോട്ടു നീക്കാൻ ശ്രമിക്കുകയാണ്. അവിടെ 9 പേരുടെ കൊലപാതകത്തിനുശേഷം പിന്നീടിതുവരെ ശാന്തി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് സ്ഥിരമായ ഒരു ശാന്തതയാണ്. പടന്ന മുതൽ നാദാപുരം വരെയുണ്ടായ ശാന്തത നമുക്ക് മാറാടും ശാശ്വതമായി ഉണ്ടാക്കണം. ഇൻഡ്യക്കാകെ മാതൃകയായി അവിടെ സമാധാനം ഉണ്ടായിട്ടുണ്ട്. ആ സമാധാനം ശാശ്വതമാക്കുന്നതിനുവേണ്ടി നാദാപുരത്ത് ഉണ്ടാക്കിയതുപോലെ മാറാടും അവിടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും സമുദായങ്ങളും കൂട്ടായി പരിശ്രമിച്ച് സമാധാനം നിലനിർത്തണം. ഇപ്പോഴുള്ള സമാധാനം ശാശ്വതമാക്കണം. അതിനുവേണ്ടി നമുക്ക് കൂട്ടായി ശ്രമിക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഗവൺമെന്റിന്റെ അടുത്ത വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി ഏറ്റെടുക്കാൻ പോകുന്നത് 'ക്ളീൻ കേരള'യാണ്. കേരളത്തിന്റെ വികസനത്തിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും കൂമ്പാരമായി കിടക്കുന്ന ഖരമാലിന്യങ്ങൾ, പ്ളാസ്റ്റിക് എന്നിവയൊക്കെയാണ്. ടൂറിസം വികസനത്തിന് മാത്രമല്ല, സ്ഥിരമായുണ്ടാകുന്ന മലമ്പനി, ഡെങ്കിപ്പനി, എലിപ്പനി എന്നീ രോഗങ്ങൾക്കും, നമ്മുടെ ജനങ്ങളുടെ ആരോഗ്യത്തിനും തടസ്സമായി ഇന്ന് മാലിന്യങ്ങൾ മാറുകയാണ്. അതുകൊണ്ട് ഈ വർഷം കേരളം ഒട്ടാകെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ബഹുജന സംഘടനകളേയും എല്ലാം സഹകരിപ്പിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ക്ളീൻ കേരള പരിപാടി ആരംഭിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ദൗത്യങ്ങളിൽ ഒന്നായി ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. മറ്റൊന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച ആദിവാസി പ്രശ്നമാണ്. കേരളത്തിൽ ഇതുവരെ പരിഗണിക്കപ്പെടാതിരുന്ന ആദിവാസികളുടെ പ്രശ്നം 90%-വും 2004 സാമ്പത്തിക വർഷത്തിൽ പരിഹരിക്കാൻ പോകുകയാണ്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാന ഗവൺമെന്റിനും ഇതുവരെ കിട്ടാത്ത നിലയ്ക്ക് കേരളത്തിന്റെ പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് 7658 ഹെക്ടർ വനഭൂമി ആദിവാസികൾക്കുവേണ്ടി വിതരണം ചെയ്യാൻ നൽകാം എന്ന് കേന്ദ്രം തത്വത്തിൽ സമ്മതിക്കുകയും ചെയ്തു. ഏതാനും ആഴ്ചകൾക്കുള്ളിൽ അതിന്റെ അവസാന ഉത്തരവുണ്ടാകാൻ പോകുകയാണ്. ഇത്രയും കിട്ടിയാൽ മലബാറിലെ എല്ലാ വിഭാഗം ഭൂരഹിതരായ ആദിവാസികൾക്കും ഭൂമി കൊടുക്കാൻ സാധിക്കും. അതിന്റെ കൂടെ ആറളം ഫാം. 7,000 ഏക്കർ ദൈർഘ്യമുള്ള ആറളം ഫാം 40 കോടി രൂപയ്ക്ക് കേന്ദ്രത്തിൽ നിന്ന് വിലയ്ക്കു വാങ്ങി അതിൽ 3500 ഏക്കർ ഭൂമി ആദിവാസികൾക്ക് പതിച്ചുകൊടുക്കാൻ തീരുമാനമായി. എല്ലാ ചർച്ചകളും കഴിഞ്ഞു. മന്ത്രിസഭയും അത് അംഗീകരിച്ചു. ഇനി ലീഗൽ ഡോക്കുമെന്റ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടി ഒപ്പിട്ടാൽ മാത്രം മതി. അതുകഴിഞ്ഞാൽ ആ 3500 ഏക്കറും ആദിവാസികൾക്ക് കൊടുക്കാൻ പോകുകയാണ്. അതിന്റെ കൂടെ മലബാറിലെ ആലക്കോട് എസ്റ്റേറ്റ്,

പേരാമ്പ്ര എസ്റ്റേറ്റ്, സുഗന്ധഗിരി, പൂക്കോട് എസ്റ്റേറ്റ്..... അങ്ങനെ കേരളത്തിലെ ഭൂരഹിതരായ ആദിവാസികളിൽ ഒട്ടുമിക്കവർക്കും ഈ സാമ്പത്തികവർഷം തന്നെ ഭൂമി നൽകാൻ ഈ സർക്കാരിനു കഴിയുന്നു എന്നത് ഏറ്റവും വലിയ നേട്ടമാണ്.

നിയമന നിരോധനത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 1.00 P. M.] പറഞ്ഞു. കേരളത്തിലെ നിയമനത്തിന് നിയന്ത്രണം ഉണ്ടായിരുന്നു. ചിലമേഖലകളിൽ നിരോധനമുണ്ടായിരുന്നു. ചില മേഖലകളിൽ ..... തുടങ്ങിയത് ഇപ്പോഴല്ല, 1999 മുതൽ സംസ്ഥാന ഗവൺമെന്റ് നേരിട്ട സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് അന്നത്തെ സർക്കാരാണ് ഈ സംസ്ഥാനത്ത് ആദ്യമായി നിയമന നിരോധനം ഏർപ്പെടുത്തിയത്. ഞങ്ങളും അത് തുടർന്നു. നിയമനത്തിൽ നിയന്ത്രണവും തുടർന്നു. കഴിഞ്ഞ സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിട്ട അവസരത്തിൽ അതിനെ മറികടക്കാൻ സ്വീകരിച്ച നടപടികളിൽ ഒന്നായിരുന്നു അത്. അത് ഈ സർക്കാരും തുടർന്നു. പക്ഷേ കേരളത്തിലെ ചെറുപ്പക്കാരുടെ നിരന്തരമായ ആവശ്യം പരിഗണിച്ചുകൊണ്ട്—സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പൂർണ്ണമായും മാറിയിട്ടില്ല എങ്കിലും—ഈ സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള ഉദ്യോഗ നിയമനത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നിരോധനങ്ങളും എടുത്തുകളഞ്ഞിരിക്കുന്നു. അത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാണ്. സാമ്പത്തികമായ പല പ്രയാസങ്ങൾ ഉണ്ടായിട്ടും ഈ സർക്കാർ ഉദ്യോഗസ്ഥർക്ക് 32 മാസത്തിനുള്ളിൽ 5 ഡി.എ. കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം തന്നെ 4 ഡി.എ. ബംഗാളിലൊക്കെ കൊടുത്തത് പ്രോസ്പെക്ടീവായിട്ടാണ്. ഇവിടെ നിട്രോസ്പെക്ടീവായിട്ടാണ് കൊടുത്തത്. ഈ കഴിഞ്ഞ പ്രാവശ്യം രണ്ട് ഡി.എ. കൊടുത്തത് അവർപോലും പ്രതീക്ഷിക്കാത്ത സമയത്താണ്. ഇനിയും സർക്കാർ ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകും. അതും തീർച്ചയുള്ള കാര്യമാണ്. വരൾച്ച നമ്മുടെ സംസ്ഥാനത്ത് വലിയൊരാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ല അതിന്റെ ഏറ്റവും രൂക്ഷമായ വിഭാഗത്തിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിരന്തരമായി ഉന്നയിക്കുന്ന ഒരു പ്രശ്നമാണ് അത്. പാലക്കാട് മാത്രമല്ല, കേരളത്തിലെ 7 ജില്ലകളെ പൂർണ്ണമായും വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരിക്കുകയാണ്. ബാക്കി ജില്ലകളിലും പല താലൂക്കുകളിലും വരൾച്ചയുണ്ട്. ഇതുപോലുള്ള വരൾച്ച സമീപകാലത്ത് കേരളം നേരിട്ടിട്ടില്ല. അണക്കെട്ടുകളിലെല്ലാം ഇന്ന് പകുതി വെള്ളമേയുള്ളൂ. ആകെ ഗുരുതരമായ പ്രതിസന്ധിയാണ്. അണക്കെട്ടിൽ വെള്ളം വളരെ കുറഞ്ഞിരിക്കുന്നു. കുടിവെള്ളത്തിനുപോലും പ്രയാസമുള്ള സാഹചര്യമാണ്. കൃഷി പലയിടത്തും നശിച്ചിരിക്കുന്നു. ഈ വരൾച്ചയെ നേരിടുന്നതിനുവേണ്ടി നമുക്ക് ഒറ്റക്കെട്ടായി നിൽക്കണം. ഭരണപക്ഷവും പ്രതിപക്ഷവും കൃഷിക്കാരും തൊഴിലാളികളും കേരളമൊട്ടാകെ ഒരുമിച്ച് നിൽക്കണം. കേന്ദ്രവും കാര്യമായി സഹായിക്കണം. 1200 കോടി രൂപയെങ്കിലും അടിയന്തിരമായി കേരളത്തിന് സഹായം നൽകണം എന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടാൻ പോകുകയാണ്. രണ്ട് ലക്ഷം ടൺ അരിയും ചോദിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിനും പ്രയാസങ്ങൾ ഉണ്ടെങ്കിലും ഈ വരൾച്ചയെ നേരിടുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ കഴിവിന്റെ പരമാവധി നടപടികൾ ഗവണ്മെന്റും ആരംഭിക്കും. അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും. പ്രതിപക്ഷത്തേയും വിശ്വാസത്തിലെടുക്കും. നിങ്ങളുമായിട്ട് ചർച്ച ചെയ്യാനും തയ്യാറാണ്. വരൾച്ച നേരിടുന്ന കൃഷിക്കാരേയും തൊഴിലാളികളേയും സഹായിക്കാനും കുടിവെള്ളത്തിനുവേണ്ടി പ്രയാസപ്പെടുന്നവർക്ക് കുടിവെള്ളമെത്തിക്കുന്നതിനുംവേണ്ടി ചെയ്യാവുന്ന എല്ലാ സഹായങ്ങളും ചെയ്യാം എന്നാണ് എനിക്ക് പറയാനുള്ളത്. ഭരണ നവീകരണം ഈ കാലഘട്ടത്തിലെ ഗവൺമെന്റിന്റെ പരിപാടികളിൽ ഒന്നാണ്. ഭരണപരിഷ്കാരമില്ലാതെ മുന്നോട്ടുപോകാൻ സാധ്യമല്ല. ഭരണം വളരെ മാറിക്കൊണ്ടിരിക്കുകയാണ് ഇ-ഗവേണൻസും ട്രാൻസ്പാരന്റായിട്ടുള്ള ഭരണവും, ഭരണം വേഗത്തിൽ നടത്താനുള്ള ശ്രമങ്ങളും എല്ലാ സംസ്ഥാനങ്ങളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഈ വർഷം ഗവൺമെന്റ് മുൻതൂക്കം കൊടുക്കുന്ന പരിപാടികളിൽ ഒന്ന് ഭരണ നവീകരണമാണ്. എം.ജി.പി. എന്നറിയപ്പെടുന്ന ഭരണ നവീകരണത്തിന്റെ ഫലമായി ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള പ്രധാനപ്പെട്ട ചില ഡിപ്പാർട്ടുമെന്റുകൾ, പ്രധാനപ്പെട്ട ചില ഓഫീസുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ജനസേവന കേന്ദ്രങ്ങൾ അടുത്ത ഒരു വർഷത്തിനുള്ളിൽ തന്നെ ജനങ്ങൾക്ക് കൂടുതൽ സഹായം നൽകുന്ന കേന്ദ്രങ്ങളാക്കി മാറ്റാനും ഭരണത്തിന്റെ സുതാര്യത വർദ്ധിപ്പിക്കാനും സ്പീഡ് വർദ്ധിപ്പിക്കാനും പറ്റുന്ന നിലയിൽ ഭരണ നവീകരണം ഈ വർഷം വളരെ ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോകാൻ ആഗ്രഹിക്കുകയാണ്. അതിന്റെ തന്നെ ഭാഗമായിട്ടാണ് നമ്മൾ ഐ.ടി കൂടുതൽ വ്യാപകമാക്കാൻ ശ്രമിക്കുന്നത്. മലപ്പുറം ജില്ല ആ കാര്യത്തിൽ ഒരു മാതൃക കാണിച്ചിരിക്കുകയാണ്. മലപ്പുറത്ത് ആരംഭിച്ചിരിക്കുന്ന അക്ഷയ പരിപാടി ഇൻഡ്യയ്ക്കാകെ തന്നെ മാതൃകയാണ്. ഇൻഡ്യയിലെ ആദ്യത്തെ 100 ശതമാനം ഐ.ടി. സാക്ഷരത നേടിയ ജില്ലയായി മലപ്പുറം മാറിയിരിക്കുകയാണ്. ആ മാതൃക ഈ വർഷം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

'നിയമ പരിഷ്കാരം', പ്രധാനപ്പെട്ട ഒരിനമാണ്. കേരളത്തിൽ ഓരോ കാലഘട്ടത്തിലും ഒരുപാട് നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പല നിയമങ്ങളും ഔട്ട്-ഡേറ്റഡ് ആണ്. പല നിയമങ്ങളും ഈ കാലഘട്ടത്തിൽ ആവശ്യമില്ലാത്തവയാണെന്ന് ആർക്കും അറിയില്ല. ആവശ്യമില്ലാത്ത പഴകി തുരുമ്പിച്ച നിരവധി നിയമങ്ങൾ നാം ഉപേക്ഷിക്കാൻ ആഗ്രഹിക്കുകയാണ്, പരിഷ്കരിക്കാൻ ആഗ്രഹിക്കുകയാണ്. നിയമ പരിഷ്കാരം ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട അജണ്ടയായി ഗവൺമെന്റ് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇവിടെ വിദേശമലയാളികളുടെ പ്രയാസങ്ങളെക്കുറിച്ച് പല സുഹൃത്തുക്കളും പറഞ്ഞു. പ്രത്യേകിച്ച് കുവൈറ്റിലെ ഒരു പ്രദേശത്തുണ്ടായ മലയാളികളുടെ പ്രയാസങ്ങൾ. ആ പ്രശ്നം ഞാൻ പല പ്രാവശ്യം ഏറ്റെടുത്തിട്ടുണ്ട്. വിദേശ മലയാളികളുടെ പ്രശ്നം പൊതുവിൽ തന്നെ ഈ ഗവൺമെന്റിന്റെ മുഖ്യ അജണ്ടയിലൊന്നാണ്. എന്റെ സഹപ്രവർത്തകൻമാർ ശ്രീ.എം. എം. ഹസ്സനും, ശ്രീ. എം. കെ. മുനീറുമൊക്കെ രണ്ടുമൂന്നു പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

ഡൽഹിയിൽ പോയി. അവരും ഈ പ്രശ്നം ഫലപ്രദമായി അവതരിപ്പിച്ചു. ഞാൻ നിരന്തരമായി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഏറ്റവും ഒടുവിൽ കുവൈറ്റിലുണ്ടായ പ്രശ്നവും പ്രധാനമന്ത്രിക്ക് ഞാൻ എഴുതിയിട്ടുണ്ട്. അദ്ദേഹം ഈ കാര്യത്തിൽ ഇടപെട്ട് നമ്മുടെ പ്രയാസങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വൈകുന്നതിനെക്കുറിച്ച് ബഹുമാന്യരായ പല സുഹൃത്തുക്കളും സംസാരിച്ചു. അവരുടെ ആശങ്ക ഞാൻ മനസ്സിലാക്കുന്നു. ഈ പ്രശ്നം മന്ത്രിസഭയുടെ ചർച്ചയ്ക്കുവേണ്ടി ഉടൻ തന്നെ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. മന്ത്രിസഭയുടെ ചർച്ചയ്ക്കുവേണ്ടി വച്ചിരിക്കുകയാണ്. പിന്നെ ഇവിടത്തെ പ്രധാനപ്പെട്ട ഒരു പ്രശ്നം, ഏറ്റവും ഒടുവിൽ പ്രതിപക്ഷനേതാവ് വരെ സൂചിപ്പിച്ച കാര്യം—കുറച്ചു വ്യക്തിപരവും കൂടെയാണ്—അങ്ങനെ കസേര സംരക്ഷിക്കാൻ എല്ലാത്തിനോടും വിട്ടുവീഴ്ച ചെയ്യുന്നോ എന്ന് പ്രതിപക്ഷനേതാവ് ഇന്ന് എന്നോട് ചോദിച്ചു. ഈ മന്ത്രിസഭയിൽ അഴിമതി കാണിക്കാത്ത ആരെങ്കിലും ഉണ്ടോ എന്നാണ് പ്രതിപക്ഷനേതാവ് ചോദിച്ചത്. അങ്ങ് തന്നെ ചോദിക്കണം. പ്രതിപക്ഷം തന്നെ ചോദിക്കണം. കഴിഞ്ഞുപോയ 8 മാസം വിസ്മരിക്കരുത്. കഴിഞ്ഞ 8 മാസക്കാലം എന്തായിരുന്നു നിങ്ങളുടെ മുദ്രാവാക്യം! എ. കെ. ആന്റണി ഒഴികെ ആരു വന്നാലും കൊള്ളാം, ആന്റണിയെ വിട്ടുവരുന്ന ആരേയും സ്വീകരിച്ചുകൊണ്ട് ബദൽ സർക്കാരുണ്ടാക്കാൻ ഞങ്ങൾ തയ്യാർ. ബദൽ സർക്കാർ ഉടൻ വരുന്നു. നിങ്ങളുടെ കൂടെ വന്ന് ഈ സർക്കാരിനെ അട്ടിമറിച്ച് ഭരണം പങ്കിട്ടാൽ എല്ലാപേരും പരിശുദ്ധന്മാർ. ഇപ്പോൾ ബദലിന് ആളെ കിട്ടാതെ വന്നപ്പോൾ എല്ലാപേരും അഴിമതിക്കാർ. മുന്തിരിങ്ങ പുളിക്കും അല്ലേ? നിങ്ങളുടെ കൂടെ വന്നാൽ എല്ലാപേരും പുണ്യവാളന്മാർ. മാർക്സിസ്റ്റ് പാർട്ടിക്ക് പങ്കാളിത്തമുള്ള മന്ത്രിസഭയിൽ ചേർന്നാൽ എല്ലാപേരും പുണ്യവാളന്മാർ. നിങ്ങൾ വിളിച്ചാൽ നിങ്ങളുടെ കൂടെ വന്നില്ലായെങ്കിൽ പിറ്റേ ദിവസം എല്ലാപേരും അഴിമതിക്കാർ. ഈ പ്രചരണം ശരിയല്ല. ഇതൊക്കെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ 8 മാസംകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയുടെ വില അറിഞ്ഞു. വണ്ടിച്ചെക്കുപോലെ ആയില്ലേ നിങ്ങളുടെ ക്രെഡിബിലിറ്റി? ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാകണമായിരുന്നോ? ബദലിനുവേണ്ടി പോയിപ്പോയി ഇത്രയും നാണംകെടണമായിരുന്നോ? എന്നിട്ട് ഇന്ന് ഇങ്ങനെ പറഞ്ഞത് കഷ്ടമായിപ്പോയി. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ബദലും ഉണ്ടാവുകയില്ല. ഞങ്ങൾ ഒരുമിച്ചാണ് പാർലമെന്റ് ഇലക്ഷനിൽ നിങ്ങളെ നേരിടാൻ പോകുന്നത്. ഒരു കുഴപ്പവും ഉണ്ടാവുകയില്ല. പിന്നെ ഞങ്ങളുടെയിടയിൽ ഇങ്ങനെയൊക്കെ കിടക്കും. അതൊക്കെ വേറെ ചില കാര്യങ്ങളാണ്. ഇവിടെ മുകളിലൊരാളുണ്ട്. അവിടെ അവർ പരിഹരിച്ചോളും. ഇവിടെ നിങ്ങൾ അഴിമതിയെക്കുറിച്ച് പറഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഴിമതിക്കെതിരായി നിരന്തരമായ പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തുന്നുണ്ട്. അഴിമതിയുടെ കേന്ദ്രങ്ങൾ റെയ്ഡ് ചെയ്യാൻ പല പ്രാവശ്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ശ്രമങ്ങളുണ്ടായിട്ടുണ്ട്. അഴിമതിയെക്കുറിച്ചുള്ള ആക്ഷേപങ്ങളുണ്ടാകുന്ന ഓരോ ഘട്ടത്തിലും ഞങ്ങൾ പ്രതിഷേധിക്കാറുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എഴുതിക്കൊടുത്ത ആരോപണമുണ്ട്. അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. എ. കെ. ആന്റണി : ഞാൻ അങ്ങോട്ടേക്കാണ് വരുന്നത്. ഇപ്പോൾ വന്നിരിക്കുന്നത് ബി.എഡ്.ന്റെ പ്രശ്നമാണ്. .....(ബഹളം).....മറുപടിയാണ് പറയാൻ പോകുന്നത്. ഇത് 2000 ജൂലൈ 6-ാം തീയതിയിലെ കേരളകൗമുദി പത്രമാണ്. .....(ബഹളം).....

മി. സ്പീക്കർ : മറുപടി തീർന്നില്ലല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എഴുതിക്കൊടുത്ത് ആരോപണമുന്നയിച്ചു. അതിന്റെ മറുപടിയില്ല.....(ബഹളം).....

മി. സ്പീക്കർ : പ്രസംഗം തീർന്നില്ലല്ലോ. ആരെങ്കിലും മറുപടി പറയുമ്പോൾ ഇങ്ങനെ ബഹളമുണ്ടാക്കുന്നത് ശരിയല്ല. നിങ്ങൾ ഇത് കേൾക്കണം. പ്ളീസ്.....അത് പറയുമോ ഇല്ലയോ എന്ന് നോക്കട്ടെ. ...(ബഹളം).....നിങ്ങൾ ഇരിക്ക്. .....മുഖ്യമന്ത്രി പറഞ്ഞാലും മതിയല്ലോ. .....(ബഹളം).....നിങ്ങൾ ഇരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എഴുതിക്കൊടുത്തിട്ട് ആരോപണം ഉന്നയിച്ചാലും മറുപടിയില്ല.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : +2 അന്വേഷണവുമില്ല, ചർച്ചയുമില്ല. എനിക്കു പറയാനുള്ളത് ശാന്തമായി കേൾക്കണം. 2000 ജൂലൈ 6. "+2 പ്രശ്നത്തിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി പി. ജെ. ജോസഫിനെ മാറ്റി നിർത്തി ജുഡീഷ്യൽ അന്വേഷണത്തിനോ ചർച്ചയ്ക്കോ ഗവൺമെന്റ് തയ്യാറല്ല എന്ന് മുഖ്യമന്ത്രി ഇ. കെ. നായനാർ പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ഉപദേശം പറയാം. ഇപ്പോൾ പ്രശ്നം ഹൈക്കോടതിയുടെ മുമ്പിൽ ഇരിക്കുകയാണ്. ആർക്കു വേണമെങ്കിലും കോടതിയിൽ കക്ഷി ചേരാം. ഇനി അന്വേഷണം തൃപ്തികരമല്ലെങ്കിൽ ഈ പ്രശ്നവുമായി ലോക് ആയുക്തയുടെ മുമ്പാകെ പോകാം. മുന്നു ജഡ്ജിമാരാണ് ലോക് ആയുക്തയിലുള്ളത്. ആന്റണി കൂടെ അംഗീകരിച്ചവരാണ് ഇവർ. മൂന്ന് ജഡ്ജിമാരുടെ സംവിധാനം വേണ്ട, ഒരു ജഡ്ജി അന്വേഷിച്ചാൽ മതി എന്നു പറഞ്ഞാണ് ആന്റണിയും കൂട്ടരും സമരം നടത്തുന്നത്". അടുത്തത് +2. 'ലോകായുക്തിനെ സമീപിക്കാൻ ആന്റണി എന്തിന് മടിക്കുന്നു' - പിണറായി വിജയൻ, ദേശാഭിമാനി 27-6-2000. ഇതാണ് പിണറായിയുടെ അന്നത്തെ ഉപദേശം. ഇനി ശ്രീ. കോടിയേരി പറഞ്ഞ മാധ്യമം പത്രത്തിലെ വാർത്ത. അതാണ് പറയാൻ പോകുന്നത്. 2000 ജൂൺ 3-ലെ മാധ്യമം പത്രം പറയുന്നത് '286 സ്കൂളുകളിൽ +2'.

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് മാധ്യമം പറയുന്നത് 'കഴിഞ്ഞ നാലഞ്ചു ദിവസങ്ങളായി എൽ.ഡി.എഫ്. ഉപസമിതി നിരന്തരം ചർച്ച ചെയ്താണ് തീരുമാനത്തിലെത്തിയത്. എത്ര സ്കൂളുകൾക്ക് നൽകണമെന്ന കാര്യത്തിൽ മാത്രം തീരുമാനമെടുക്കാനാണ് ഉപസമിതിയെ ചുമതലപ്പെടുത്തിയത് എന്ന കേരള കോൺഗ്രസ്സിന്റെ വാദം എൽ.ഡി.എഫ്. നേതൃത്വം തള്ളിക്കളഞ്ഞു. ഉപസമിതി തന്നെ സ്കൂളുകൾ തീരുമാനിക്കണമെന്ന് മറ്റ് ഘടക കക്ഷികളും ആവശ്യപ്പെട്ടതിനെതുടർന്നാണ് ചർച്ച വൈകിയത്. തുടർന്ന് വിവിധ സാമുദായിക പ്രാതിനിധ്യം കൂടിച്ചേർന്ന് സ്കൂളുകൾ തെരഞ്ഞെടുക്കുകയായിരുന്നു. 286 സ്കൂളുകൾ മന്ത്രിതന്നെ തീരുമാനിക്കണമെന്ന് കേരള കോൺഗ്രസ് (ജെ) പറഞ്ഞെങ്കിലും അത് പോരാ ഞങ്ങൾ എല്ലാ പാർട്ടികളും കൂടി തീരുമാനിക്കണമെന്നു പറഞ്ഞ് 286 ആരോപണവിധേയമായിട്ടുള്ള സ്കൂളുകൾ നിങ്ങളുടെ ഏകോപന സമിതി പങ്കിടുകയാണ് ചെയ്തത്'. അന്നു ചെയ്ത ഓർമ്മ വച്ചായിരിക്കും ഇപ്പോൾ ഇങ്ങനെ പറഞ്ഞത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ വളരെ വ്യക്തമായ നിലപാടുണ്ട്. ആരോപണം വന്നയുടൻതന്നെ ഇതു സംബന്ധിച്ച എന്തു തീരുമാനവും ഞങ്ങൾ നടപ്പാക്കുമെന്ന് പറഞ്ഞു. അതേ സമയം ബിഷപ്പിന്റെ ഒരു പരാതി എനിക്കു കിട്ടി. ആ പരാതി ലോക് ആയുക്തയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചു. ഇത്തവണ ലോക് ആയുക്തയെ തെരഞ്ഞെടുത്തത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയാണ്. മനുഷ്യാവകാശ കമ്മീഷന്റെ മെമ്പർമാരുടെ നിയമനത്തിൽ പ്രതിപക്ഷനേതാവിന് ചില അഭിപ്രായവ്യത്യാസങ്ങൾ വന്നു. അദ്ദേഹം ഗവർണ്ണർക്കെഴുതി. പക്ഷെ, ലോക് ആയുക്തയിലെ അംഗങ്ങളുടെ നിയമനത്തിൽ അദ്ദേഹത്തിന് തർക്കമില്ലായിരുന്നു ഞങ്ങൾ ഏകകണ്ഠമായിട്ടാണ് ഇത്തവണ തെരഞ്ഞെടുത്തിരിക്കുന്നത്. അദ്ദേഹം കൂടി അംഗീകരിച്ച ലോക് ആയുക്തയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടോ? എല്ലാപേർക്കും ലോക് ആയുക്തയെ സമീപിക്കാം. അവിടെ തീരുമാനമെടുക്കട്ടെ. കഴിഞ്ഞകാല ഗവൺമെന്റുകൾ സ്വീകരിച്ച അതേ നിലപാടു തന്നെയാണ് ഞങ്ങൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്. കോടതി ഇതു സംബന്ധിച്ച് എന്തു തീരുമാനമെടുത്താലും അത് നടപ്പാക്കും. അതോടൊപ്പം ആർക്കെങ്കിലും ആരോപണമുണ്ടെങ്കിൽ ലോക് ആയുക്തയെ സമീപിക്കാം. എനിക്കു കിട്ടിയ ബിഷപ്പിന്റെ ആരോപണം ലോക് ആയുക്ത അന്വേഷിക്കട്ടെ. ഒരു സ്വതന്ത്രമായ, ഗവണ്മെന്റിന്റെ കീഴിലുള്ള, വിജിലൻസ് അന്വേഷിക്കണ്ട.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ലോക് ആയുക്തയിലേക്ക് റഫർ ചെയ്തത് ഞങ്ങൾക്ക് മനസ്സിലായില്ല. 5 പേരുടെ പേര് 21 നമ്പരായി വർദ്ധിപ്പിക്കാൻ നിങ്ങൾതന്നെയാണ് കാരണം. അങ്ങനെ മുഖ്യമന്ത്രി എന്നനിലയിൽ 5 പേരെ നിങ്ങൾതന്നെ പ്രൊപ്പോസ് ചെയ്തുവെന്ന് മുഖ്യമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞു. അങ്ങനെ അഴിമതിക്ക് മുൻനിന്ന് പ്രേരണ നൽകിയ മുഖ്യമന്ത്രി ലോക് ആയുക്തയിൽ റഫർ ചെയ്തതിൽ എന്തോ.....അതൊന്നുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ഒരു സിറ്റിംഗ് ജഡ്ജിയുടെ എൻക്വയറി വേണമെന്ന്. ലീഗുപോലും

LIBRARY ARCHIVES Kerala Legislative Assembly

ഏത് അന്വേഷണത്തേയും നേരിടാൻ ഒരു മടിയുമില്ല എന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ നിങ്ങൾ അതിന് തയ്യാറുണ്ടോ, ഇല്ലയോ എന്നതാണ് ഇവിടെ അറിയേണ്ടത്. അല്ലാതെ പഴയ ചരിത്രം പറഞ്ഞിട്ട് തടി രക്ഷിക്കാൻ നോക്കരുത്. ഇവിടെ വന്നിരിക്കുന്ന ക്ളിയറായ കേസിൽ എന്തുനിലപാടെടുക്കുന്നുവെന്ന് പറയണം.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വളരെ കൃത്യമായ വിവരമുണ്ടെങ്കിൽ അങ്ങേക്കും ലോക് ആയുക്തയെ സമീപിക്കാം. ഒരു കുഴപ്പവുമില്ല.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ഇതെന്താണ്?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ജുഡീഷ്യൽ അന്വേഷണം നടത്താൻ സാധ്യമല്ല എന്ന അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി ഇപ്പോൾ പഴയ കാര്യങ്ങൾ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുവാൻ ശ്രമിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് മുഖ്യമന്ത്രിയുടെ ഇനിയുള്ള വിശദീകരണമൊന്നും കേൾക്കണമെന്നില്ല. അഴിമതിക്കാരനായ, കൂട്ടുകാർക്കെല്ലാം കൂട്ടുനിൽക്കുന്ന മുഖ്യമന്ത്രിയുടെ നയത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷാംഗങ്ങൾ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ആന്റണി : നേരത്തേ എന്റെ സഹപ്രവർത്തകൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംസാരിച്ചപ്പോൾ ബംഗാളിലെങ്കിലും വരുന്ന മാറ്റം കേരളത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. അതിവേഗതയിലുള്ള മാറ്റങ്ങളാണ് ഇന്ന് ബംഗാളിൽ വന്നുകൊണ്ടിരിക്കുന്നത്. മാറുന്ന ലോകത്തിനനുസരിച്ച് ബംഗാൾ ഗവൺമെന്റും ബംഗാളിലെ മാർക്സിസ്റ്റുകാരുൾപ്പെടെയുള്ള ആളുകളും മാറാൻ തയ്യാറായിട്ടുണ്ട്. അവിടെ ഇപ്പോൾ ഐ.റ്റി. സെക്ടർ പോളിസി പുതുതായി പ്രഖ്യാപിച്ച ശേഷം 24 മണിക്കൂറും സ്ഥിരമായി ഐ.റ്റി. കമ്പനികൾ പ്രവർത്തിക്കുന്ന നിലയിലേക്ക് സാഹചര്യം മാറിയിരിക്കുകയാണ്. ഇവിടെ മൈക്രോ സോഫ്റ്റിനെക്കുറിച്ച് പറഞ്ഞു. 2001 ആഗസ്റ്റ് മാസം 26-ാം തീയതി ബംഗാൾ ഗവൺമെന്റ് മൈക്രോ സോഫ്റ്റുമായി എം.ഒ.യു. ഒപ്പുവച്ചു. അതിനുശേഷം മൈക്രോ സോഫ്റ്റിന് എല്ലാ നിലയിലും പ്രവർത്തിക്കുവാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ബംഗാളിൽ ഒരുക്കിക്കൊടുക്കുകയും നിരവധി മേഖലകളിൽ മൈക്രോ സോഫ്റ്റുമായി സർക്കാർ സഹകരിച്ചു പ്രവർത്തിക്കുകയുമാണ്. കേരളത്തിൽ അതിന് എതിരായി പ്രക്ഷോഭണങ്ങൾ വളരെ ശക്തമായി നടക്കുന്നുണ്ട്. ഇന്നത്തെ പുതിയ നയം അനുസരിച്ച് മൾട്ടിനാഷണൽ കമ്പനികളെക്കൂടെ ക്ഷണിച്ചുവരുത്തിക്കൊണ്ട് ഫുഡ് പ്രോസസിംഗ് മേഖലയിൽ പരിഷ്കാരങ്ങൾക്കുവേണ്ടി ബംഗാൾ ഗവൺമെന്റ് ശ്രമിക്കുകയാണ്. വ്യവസായങ്ങൾക്ക് അനുകൂലമായ നിലയിൽ ലാന്റ് റിഫോംസിൽ മാറ്റം വരുത്താൻ ബംഗാൾ ഗവൺമെന്റ് തീരുമാനിച്ച് മുന്നോട്ടു പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വെസ്റ്റ് ബംഗാൾ സ്പെഷ്യൽ ഇക്കണോമിക് സോൺ ബിൽ ഇപ്പോൾ അവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഇതോടുകൂടി മൾട്ടി നാഷണൽസ് ആണെങ്കിലും ഇൻഡ്യയിലുള്ളതാണെങ്കിലും എല്ലാം സഹകരിച്ചുകൊണ്ടുള്ള ഇക്കണോമിക് റിഫോംസിനുവേണ്ടിയാണ് ബംഗാൾ ഗവൺമെന്റ് തയ്യാറാകുന്നത്. ബംഗാളിൽ വരുന്ന മാറ്റങ്ങളുടെ നേരിയ രീതിയിലുള്ള മാറ്റങ്ങൾപോലും കേരളത്തിൽ വരുത്താൻവേണ്ടി ഇവിടെ ഇടതുപക്ഷ മുന്നണി തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. ബംഗാൾ മുഖ്യമന്ത്രിയുമായി നടത്തിയ ഇന്റർവ്യൂവിലെ രണ്ട് വാചകം വായിക്കുവാൻ ആഗ്രഹിക്കുകയാണ്. അവർകൂടെ (പ്രതിപക്ഷം) കേൾക്കേണ്ടതായിരുന്നു. അദ്ദേഹം ഒക്ടോബർ മാസം 15-ാം തീയതി നടത്തിയ ഒരു ഇന്റർവ്യൂവാണ് ഫൈനാൻഷ്യൽ എക്സ്പ്രസ്സിൽ വന്നത്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, Discouraging Private Sector was a mistake.....We're realistic now. Yes, I tell them that the agitations will not help. You have to understand the problem of the industry. Just for example, now we are in the midst of a crisis in the tea industry. I tell the workers that you have to improve productivity. Tea is very important so far as Bengal is concerned. .....If you cannot improve production we cannot compete with even Sri Lanka or Kenya. ബംഗാളിൽ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് അവിടെ വ്യവസായ നയവും തൊഴിൽ നയവും വിദ്യാഭ്യാസ നയവും ഭരണപരിഷ്കാര മേഖലയുമൊക്കെ മുന്നോട്ടുപോകുന്നു. അവർ അങ്ങനെ മുന്നോട്ടു പോകുമ്പോൾ കേരളത്തിൽ യാതൊരു വിധത്തിലുള്ള പരിഷ്കാരവും പാടില്ല എന്ന നിലപാടുമായി പ്രതിപക്ഷം മുന്നോട്ടുപോയാൽ കേരളം ബീഹാറിന്റെ അവസ്ഥയിൽ എത്തുമെന്നാണ് വ്യവസായ വകുപ്പുമന്ത്രി നേരത്തേ പറഞ്ഞത്. ആ വസ്തുത പ്രതിപക്ഷത്തെക്കൂടെ ഇരുത്തിക്കൊണ്ട് സംസാരിക്കുവാൻ ഞാൻ ആഗ്രഹിച്ചതാണ്. പക്ഷേ അവർ പോയതുകൊണ്ട് ആ പ്രശ്നം ദീർഘമായി സംസാരിക്കുന്നില്ല. പ്രതിപക്ഷം ഇറങ്ങിപ്പോയെങ്കിലും ഈ സഭ സമ്മേളിക്കുന്നത് ഇൻഡ്യാ ചരിത്രത്തിൽ നിർണ്ണായകമായ കാലഘട്ടത്തിലാണ്. ഭാരതം വീണ്ടും ലോക്സഭാ തെരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ ഇൻഡ്യയിലെ മതേതര കക്ഷികൾ ഛിന്നഭിന്നമായി മൽസരിച്ചതിന്റെ ഫലം നാം അനുഭവിച്ചു. കോൺഗ്രസ് നേതൃത്വം, ബി.ജെ.പി. നേതൃത്വം, മൂന്നാം മുന്നണി. ഈ മൂന്നു മുന്നണികൾ തമ്മിൽ മൽസരിച്ചു. ഫലം എന്താണ്? കഴിഞ്ഞ അഞ്ച് വർഷമായി കേന്ദ്രത്തിൽ ബി.ജെ.പി. ഭരണമാണ്. ഗാന്ധിജിയുടെ നാട് ഭരിക്കേണ്ടത് ബി.ജെ.പി. അല്ല, മതേതര സർക്കാരാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണ ഉണ്ടായ അബദ്ധം തിരുത്താൻ ശ്രമിക്കണം. ഈ തവണ ലോകസഭാ തെരഞ്ഞെടുപ്പിനുശേഷം കേന്ദ്രത്തിൽ ഒരു മതേതര സർക്കാർ അധികാരത്തിൽ വരണമെന്നാണ് ഇൻഡ്യയിലെ ജനകോടികൾ ആഗ്രഹിക്കുന്നത്, ഇൻഡ്യയിൽ മതേതര ശക്തികൾ ആഗ്രഹിക്കുന്നത്. അങ്ങനെ ഒരു സർക്കാർ ഉണ്ടാക്കുവാൻ എല്ലാപേരും വിട്ടുവീഴ്ച ചെയ്യണം. അത് മറ്റാരുടെ പക്ഷത്തുനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതിനെക്കാളും ഇന്ന് കോൺഗ്രസ്സിൽ ഉണ്ടാകുന്നുണ്ട്. കോൺഗ്രസ്സും ശ്രീമതി സോണിയാ ഗാന്ധിയും കഴിഞ്ഞ ലോക്സഭാ ഇലക്ഷനിലുണ്ടായ അബദ്ധം ഉണ്ടാകാതിരിക്കുവാൻ ഈ തവണയെങ്കിലും മതേതര ശക്തികൾക്ക് ഇൻഡ്യയുടെ ഭരണം തിരിച്ചുകിട്ടുവാൻവേണ്ടിയുള്ള വിട്ടുവീഴ്ചകളുമായി മുന്നോട്ടുപോവുകയാണ്. ശ്രീമതി സോണിയാഗാന്ധി മാർക്സിസ്റ്റ് നേതാവ് ശ്രീ. സുർജിത്ത്സിംഗിനെ വീട്ടിൽ പല പ്രാവശ്യം സന്ദർശിച്ചു. ശ്രീമതി മായാവതിയുടെ ജന്മദിനത്തിൽ ആശംസ അർപ്പിക്കുവാൻ അവർ വീട്ടിൽപോയി. കോൺഗ്രസ്സിൽനിന്ന് ഒരു ഘട്ടത്തിൽ പുറത്താക്കിയ ശ്രീ. ശരത് പവാർ വിളിച്ച ചായ സൽക്കാരത്തിന് പോയി. അദ്ദേഹവുമായി ഐക്യമുണ്ടാക്കുവാൻ ശ്രമിക്കുകയാണ്. ശ്രീ. കരുണാനിധിയുമായി രണ്ട് പ്രാവശ്യം ശ്രീമതി സോണിയാ ഗാന്ധി ടെലിഫോണിൽ സംസാരിച്ചു. ഡി.എം.കെ.യുമായി ഐക്യമുണ്ടാക്കുവാൻ ശ്രമിക്കുകയാണ്. ശ്രീ. മുഫ്തി മുഹമ്മദിനെ ശ്രീനഗറിൽപോയി കണ്ടു. ശ്രീ. ലാലു പ്രസാദിനെ നേരത്തേ കണ്ടു. അപ്പോൾ കഴിഞ്ഞ കാലത്തെ ഭിന്നതകളൊക്കെ മാറ്റി ഇൻഡ്യയിലെ മതേതര ശക്തികളെ പരമാവധി യോജിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. കേരളത്തിലേയും ബംഗാളിലേയും ത്രിപുരയിലേയും സാഹചര്യങ്ങൾ വ്യത്യസ്തമാണ്. കേരളത്തിലും ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷവും യു.ഡി.എഫ്.-ഉം തമ്മിൽ തെരഞ്ഞെടുപ്പ് സഖ്യം അസാധ്യമാണ്. ആ ഒരു ഭൗതിക സാഹചര്യം ഇവിടെ നിൽക്കുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങളിൽ നമുക്ക് ആരോഗ്യപരമായി ജനാധിപത്യ രീതിയിൽ മൽസരിക്കാം. പക്ഷേ ദേശീയ തലത്തിൽ നമ്മുടെ മൽസരം ബി.ജെ.പി.ക്ക് അനുകൂലമായ സാഹചര്യം ഉളവാക്കുവാൻ ഇടയാക്കരുത്. ഇന്നത്തെ കാലഘട്ടത്തിൽ ഇൻഡ്യയിലെ മതേതര ശക്തികളുടെ വിജയത്തിനുവേണ്ടി കഴിഞ്ഞ കാലങ്ങളിലെ ചിന്തകളും അഭിപ്രായ വ്യത്യാസങ്ങളും പിണക്കവും വൈരാഗ്യവും എല്ലാം മാറ്റിവച്ചുകൊണ്ട് എല്ലാ മതേതര കക്ഷികളെയും കൂട്ടിയിണക്കുവാൻ അക്ഷീണം രാവും പകലും പണിയെടുക്കുന്ന ശ്രീമതി സോണിയാ ഗാന്ധിയുടെ കരങ്ങളെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നവർ ബി.ജെ.പി.യുടെ ഏജന്റുമാരാണ് എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് എല്ലാപേരും ഈ കാലഘട്ടത്തിൽ ദേശീയ തലത്തിലെങ്കിലും മതേതര സർക്കാർ ഉണ്ടാക്കുവാനുള്ള ശ്രമങ്ങളോട് സഹകരിക്കണം. കേരളത്തിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. പക്ഷേ ലോകസഭാ ഇലക്ഷനുശേഷം ഒരു മതേതര ഗവൺമെന്റ് ഉണ്ടാകണമെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. നിർഭാഗ്യവശാൽ ആദ്യമൊക്കെ പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അന്തരീക്ഷം മെച്ചപ്പെട്ടുവരികയാണ്. ഈ തെരഞ്ഞെടുപ്പിനുശേഷം കേന്ദ്രത്തിൽ മതേതര സർക്കാർ ഉണ്ടാക്കുവാനുള്ള സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കേരളത്തിന്റെ പങ്ക് ഈ ലോകസഭാ തെരഞ്ഞെടുപ്പിൽ വഹിക്കുവാൻ നമുക്ക് സാധിക്കണം. അതോടൊപ്പം കേരളം മാറണം. ഒരു നവ കേരളം ഉണ്ടാകണം. എല്ലാപേരും സഹകരിച്ചാൽ അത്

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും. നേരത്തേ ഇവിടെ പറഞ്ഞതുപോലെ രണ്ടുമൂന്ന് കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി. ബന്ദുകൾ, ഹർത്താലുകൾ, അക്രമ സമരങ്ങൾ ഇതിൽനിന്നെല്ലാം നമുക്ക് വിട്ടുനിൽക്കുവാൻ സാധിക്കണം. കേരളത്തിലെ അന്തരീക്ഷം വ്യവസായം വരുന്നതിന് അനുകൂലമായും വികസനത്തിന് അനുകൂലമായും മാറിയെന്ന് പുറത്തുള്ളവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ കേരളത്തിൽ ഇൻവെസ്റ്റുമെന്റ് ഉണ്ടാകും. ജിം ജയിക്കും. ജിം-ൽ വന്ന പ്രോജക്ടുകൾ മാത്രമല്ല കൂടുതൽ പ്രോജക്ടുകൾ ഉണ്ടാകും. ഇപ്പോൾത്തന്നെ ജിം കൊണ്ട് രൂപംനൽകിയ പ്രോജക്ടുകളിൽ 40 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇവിടത്തെ അന്തരീക്ഷം മാറി, ഇവിടെ അക്രമ സമരങ്ങളും ബന്ദുകളും ഹർത്താലുകളും സ്ഥിരമായി നടക്കുന്നില്ലായെന്ന് ബോധ്യം വന്നാൽ ജിം-ലൂടെ കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കുവാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അതുകൊണ്ട് കഴിഞ്ഞകാല മുദ്രാവാക്യങ്ങളും കഴിഞ്ഞകാല ശൈലികളും മാറ്റിവച്ചുകൊണ്ട് ഒരു പുതിയ കേരളത്തിനുവേണ്ടി ശ്രമിക്കണം. കേരളത്തിലെ ലക്ഷോപലക്ഷം തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുവാൻ, സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ പറ്റിയ അന്തരീക്ഷം ഒരുക്കുവാൻ എല്ലാപേരും വിട്ടുവീഴ്ച ചെയ്യണം. കഴിഞ്ഞകാല മനോഭാവം മാറ്റണം. ശൈലികൾ മാറ്റണം. മാറ്റേണ്ട പരിപാടികൾ മാറ്റണം. ശൈലികൾ തിരുത്തേണ്ടത് തിരുത്തുവാൻ തയ്യാറാകണം; പിടിവാശി ഉപേക്ഷിക്കുവാൻ തയ്യാറാകണം. യു.ഡി.എഫ്.നെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എല്ലാം ഞങ്ങൾ മാത്രം ചെയ്യും എന്ന വ്യാമോഹമില്ല. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കുവാൻ തയ്യാറാണ്. പ്രതിപക്ഷവുമായി നിരന്തരമായ ചർച്ചയ്ക്ക് തയ്യാറാണ്. വ്യവസായ നയത്തെക്കുറിച്ച് ചർച്ച ചെയ്യാം. തൊഴിൽ നയത്തെക്കുറിച്ച് ചർച്ച ചെയ്യാം. വിദ്യാഭ്യാസ നയത്തെക്കുറിച്ച് ചർച്ച ചെയ്യാം. കാർഷിക നയത്തെക്കുറിച്ച് ചർച്ച ചെയ്യാം. നിയമപരിഷ്കാരത്തെക്കുറിച്ചും ഈ രാജ്യത്ത് ഉണ്ടാകേണ്ട അടിസ്ഥാനപരമായ എല്ലാ മാറ്റങ്ങളെക്കുറിച്ചും പ്രതിപക്ഷത്തോട്, സാമ്പത്തിക വിദഗ്ദ്ധരോട്, വാർത്താ മാധ്യമങ്ങളോട് എല്ലാപേരുമായി ചർച്ച ചെയ്യാൻ തയ്യാറാണ്. പക്ഷേ ഈ ബസ് നമുക്ക് നഷ്ടപ്പെടുത്താൻ സാധ്യമല്ല. ലോകം വേഗം മാറുന്നു. ഇൻഡ്യ മാറുന്നു, കർണ്ണാടക മാറുന്നു, തമിഴ്നാട് മാറുന്നു. കേരളം മാറുന്നു. കേരളാ ഗവൺമെന്റ് ഒരു പുതിയ ഡോക്യുമെന്റ് തയ്യാറാക്കുന്നുണ്ട്. വിഷൻ 2025. നമ്മുടെ ചില നയ സമീപനങ്ങൾ മാറ്റി, കേരളത്തിലെ കേന്ദ്ര അന്തരീക്ഷം മാറ്റി പുതിയ സമീപനവുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയാണെങ്കിൽ 2025-ൽ ഇൻഡ്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറും. മാറ്റി എടുക്കുവാനുള്ള ഭഗീരഥ പ്രയത്നം ആരംഭിക്കേണ്ടിയിരിക്കുന്നു. ലക്ഷ്യം അതാണ്. അതുകൊണ്ട് നാം നിസ്സാര തർക്കങ്ങൾക്കോ പഴയകാലത്തെ ശൈലികൾക്കോ വാക്കൗട്ടുകൾക്കോ

LIBRARY ARCHIVES Kerala Legislative Assembly

ബന്ദിനോ ഹർത്താലിനോ സമയം കളയാതെ ഒറ്റക്കെട്ടായി നിൽക്കുകയും എതിർക്കേണ്ട കാര്യങ്ങൾ ക്രിയാത്മകമായി എതിർക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത എല്ലാപേരും നൽകിയ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. നടപ്പാക്കാവുന്ന കാര്യങ്ങൾ നടപ്പാക്കും. ചർച്ചയിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രമേയം പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : നന്ദിപ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ആരും സഭയിൽ ഇല്ല. ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ,.....

പ്രതികൂലിക്കുന്നവർ,.....

നന്ദിപ്രമേയം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(22-1-2004 വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly